പുസ്തകം I.
ലക്കം 2.

വില 2 ണാ.

MAY 1936.

സഞ്ജയൻ



സാഹിത്യനായകൻ: പാറപ്പുറത്ത് സഞ്ജയൻ.

ഉ ള്ള ട ക്ക ം .

വിഷയം.		വശം.
1.	മിസ്റ്റിക് ക്ലട്ടാൻ (പദ്യം)—പി. എസ്സ്.	33
2.	വൃത്താന്തരഹസ്യം.	34
3.	ഞങ്ങൾക്കു തോന്നുന്നത്. കോമാളിസീററിന്റെ പ്രതിനിധി	35
4.	ഇതിഹാസപങ്ക്തി. കൊളമ്പസ്സും അമേരിക്കയും—ബിക്കേനാർ.	38
5.	സൊള്ളൻ.	40
6.	"സ. ലേ."—വജ്രസൂചി.	46
7.	മി: പാലാട്ട് നിന്നില്ലെങ്കിൽ—(പാട്ട്)—പി. എസ്സ്.	47
8.	തട്ടം കൊട്ടമുടിയും (ചിത്രം.)	48
9.	പാചകപങ്ക്തി. ചില പുതിയ വെപ്പുമുറകൾ.	49
10.	മതംമാററിക്കു പററിയ മാററിത്തം—നാണു.	
11.	വനിതാസെക്ഷൻ. മുടിവെട്ടുവാനുദ്ദേശിക്കുന്ന മുകിൽവേണിമാരോട് (ഒരു പ്രസംഗം) —മാധവ്യൻ.	55
12.	ജാനുവിന്റെ മറുപടി.	58
13.	സഞ്ജയന്റെ എഴുത്തുപെട്ടി.	61
14.	അനുബന്ധം.	63

പ്രത്യേക അറിയിപ്പ്.

"സഞ്ജയൻ" സ്വീകരിക്കുന്ന ലേഖനങ്ങൾക്ക്, അവയുടെ സ്വീകാര്യതയെ അടിസ്ഥാനപ്പെടുത്തിയും, അവയിൽ ചെയ്യപ്പെടുന്ന മാററങ്ങളെ ആശ്രയിച്ചും, ക്ലിപ്തമാക്കപ്പെട്ട തോതുകൾക്കനുസരിച്ച്, പ്രതിഫലം കൊടുക്കപ്പെടും. ഓരോ ലക്കത്തിലുമുള്ള എല്ലാ ഗദ്യപദ്യങ്ങളുടേയും ചിത്രങ്ങളുടേയും പകർപ്പവകാശം "സഞ്ജയൻ" ഉടമസ്ഥനായ എം. രാമുണ്ണിനായർ (കേരളപത്രികാ പത്രാധിപർ)ക്കുള്ളതാകുന്നു. പക്ഷെ അവരവരുടെ ലേഖനങ്ങൾ, ഗണ്യമായി ഭേദപ്പെടുത്തപ്പെട്ടവയല്ലെങ്കിൽ, അന്യത്ര പകർത്തി അച്ചടിപ്പിക്കുവാനുള്ള ലേഖകന്മാരുടെ അപേക്ഷകളെ ഉടമസ്ഥൻ സ്വീകരിക്കുന്നതായിരിക്കും.

മിസ്റ്റിക്ക് ക്രൂട്ടാൻ.

"ഓമനക്കുട്ടൻ ഗോവിന്ദൻ ബല-
രാമനെക്കൂടി ക്കൂടാതെ"—എന്നമട്ട്.

വാലിയക്കാരൻ ഗോപാലനെന്നോ-
ടാലോചിക്കാതെ, യിന്നലെ,
പുത്തനായുള്ള മിസ്റ്റിക് രീതിയിൽ
മത്തൻ കൊണ്ടൊരു കൂട്ടുവാൻ
നിമ്മിച്ചു; ഞാനതോമ്മിച്ചീടാതെ—
കർമ്മവാസന!—ഭക്ഷിച്ചു!!

വായ തൊ,ട്ടെത്തോ ചോറും കൂട്ടാനും
പോയിത്താഴ്ന്ന,തങ്ങോളം
കത്തുപ്പോയെന്നു തോന്നിയ്ക്കുന്ന മ-
ട്ടത്യുഷ്ണ രൂക്ഷമത്തോരൻ—
ഞാനിനി വീണ്ടുമിട്ടനിയാവിൽ
നാന്യൻ വട്ടം വന്നാലും,
ആയതിൻ രുചി പോവുകയില്ലെൻ
വായിൽ നിന്നെന്നെറ കത്താവേ!

"എന്തുവാനെരുവിരുയും ചേപ്പാൻ
ബന്ധു?"—മെന്നൊട്ട ചെന്നാരേ,
ചോദിച്ചേൻ ഞാനും; ഗോപാലനപ്പോഴും
വാദത്തിന്നത്രേ ഭാവിച്ചു!
(നിത്യവുമച്ചനേരത്താ ദ്രോഹി
പത്രങ്ങളൊക്കെ വായിക്കും!)

"അല്ലേ, മൂപ്പരേ! ഭവിതിലോരോ
നല്ല കാര്യങ്ങൾ പുത്തനായ്,
എത്തിച്ചേരുമ്പോൾ മത്സ്യരൊക്കെയും
തുച്ചരല്ലതിൻ പേഷത്തിൽ:

മത്തൻതോരനെ കാര്യത്തിൽ പരി-
വർത്തനമൊന്നു കാണ്മാനായ്,
എത്ര നാളായ് ഞാൻ ശ്രദ്ധശ്രദ്ധമായ്
കാത്തിരിക്കുന്നതാർത്തനായ്!

പുത്തൻശൈലികളും—പുത്തൻചിന്തകളും—
പുത്തനാദർശമെന്നിവ
വിശ്വത്തിലെങ്ങും വ്യാപിച്ചീടവേ,—
യീശ്വരൻ പോലും പായവേ,
പണ്ടത്തേ രുളും മണ്ണാങ്കട്ടയും
മിണ്ടാതേ ലോകം തള്ളവേ,
കൂട്ടാൻലോകത്തിൽ മാത്രമെന്തിനോ
കെട്ടിനിൽപ്പൂന്നു ബുദ്ധിയെ?

ഭാവന നീളും!—രുളകളൊക്കൊന്നു-
മാവതല്ലതു നിർത്തുവാൻ:
വൃത്താലങ്കാരജാലങ്ങളാ സാഹി-
ത്യത്തിൽനിന്നെങ്ങോ പോയില്ലേ?
വാക്കുകൾക്കർത്ഥമിന്നതെന്നുള്ള
മക്കടമുഷ്ടി വിട്ടില്ലേ?
അപ്പോലെത്തന്നെ കൂട്ടാൻലോകത്തി-
ലിപ്പോളാ കാണുമീ വിപ്ലവം
തുമയിലെന്റെ മൂപ്പരെത്തെല്ലും
കോപമയിർക്കൊള്ളിച്ചീലെന്നോ?
മാമൂൽക്കാരൻ താൻ മൂപ്പരെങ്കിലോ
ഹാ, മമ ശ്രമം പാളീസ്സായ്!"

— പി. എസ്സ്.



പരിഹാസപ്പൂത പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം ശകാരം മുള്ളതാൻ:
അതിന്റെ പൂവാണാച്ചെടിയ്ക്കുലകോര-
മതിന്റെ മുള്ളല്ലെന്നറിഞ്ഞുകൊള്ളുക!

വൃത്താന്തരഹസ്യം.

"സഞ്ജയൻ" അചിരേണ തന്റെ ഉദ്ദേശ്യം സാധിക്കുവാൻ പയ്യാപ്പമായിത്തീർന്നേക്കാമെന്ന് ഞങ്ങളുടെ ഒരു മാന്യസഹജീവി ആശംസിച്ചിരിക്കുന്നു.

"അന്ത ഹന്തയ്ക്കിന്തപ്പട്ട്!" എന്ന് ഉട്ടണ്ഡ കേസരി പറഞ്ഞതുപോലെ, അന്ത "അചിരേണ"യ്ക്ക് ഇന്തസ്സലാം!!

* * * * *

"ദൈവത്തെ ഭയപ്പെടുക; ചക്രവർത്തി മഹാരാജാവിനെ ബഹുമാനിയ്ക്കുക; നിങ്ങളുടെ അച്ഛനമ്മമാരെ അനുസരിയ്ക്കുക!" എന്നാണ് പുതിയ വൈസ്രോയി യുവഭാരതത്തിനു നൽകിയിട്ടുള്ള സന്ദേശം.

"വികൃതിക്കുട്ടികളും നഖം കടിക്കും; നിങ്ങളും അങ്ങിനെ ചെയ്യരുത്!" എന്നുകൂടി അദ്ദേഹം ചേർക്കേണ്ടതായിരുന്നു.

* * * * *

എസ്. എൻ. ഡി. പി. യോഗക്കാർ, ഒരു പ്രമേയം വഴിയായി, ഓണം വിഷു എന്നീ ദിനങ്ങളെ സംബന്ധിച്ചുള്ള ആഘോഷങ്ങളെ തടഞ്ഞിരിക്കുന്നു.

അടുത്ത കൊല്ലം, മറെറാരു പ്രമേയം വഴിയായി, ഓണക്കാലത്ത് പൂക്കളം വിരിയുന്നതും, വിഷുദിവസം ഒന്നാമത്തെ രാശിയിലേക്ക് ആദിത്യൻ സംക്രമിക്കുന്നതും കൂടി അവർ തടഞ്ഞേക്കുമോ എന്ന് ചിലർ ഭയപ്പെട്ടു തുടങ്ങിയിരിക്കുന്നു.

* * * * *

മഹാത്മാ ഗാന്ധി കായ്മരിഞ്ഞു സംസാരിച്ചിരുന്ന ഒരു മിതവാഴിയായിരുന്നുവെന്ന്, ശ്രീ: ജവഹരിലാലിന്റെ ആധ്യക്ഷപ്രസംഗം വായിച്ചതോടുകൂടി, ചില ആംഗ്ലോ-ഇന്ത്യൻ പത്രങ്ങളും അഭിപ്രായപ്പെട്ടുതുടങ്ങിയിരിക്കുന്നു.

ഗാന്ധിജിയെപ്പററി ഞങ്ങൾക്ക് ആശങ്കകളേ മുമ്പെ തുടങ്ങിയിരുന്നു എന്നു് സമ്മതിച്ചേതീരൂ.

* * * * *

പോലീസും കോൺഗ്രസ്സുകാരും ഒത്തുചേർന്ന് ജസ്റ്റീസ് കക്ഷിക്കാരനായ തന്നെ ശിക്ഷിപ്പിച്ചതാണെന്ന്, ഗവണ്ണർ ജനറാളുടെ കല്പനയാൽ ഈയെടെ തടവിൽനിന്നു് മോചിയ്ക്കപ്പെട്ട, കോയമ്പത്തൂർ കേസ്സിലെ പ്രതിയായിരുന്ന മി: രത്നസഭാപതി ഗൗണ്ടർ തന്റെ ഹരജിയിൽ പ്രസ്താവിച്ചിരുന്നുവത്രെ.

കോൺഗ്രസ്സുകാരോട് തങ്ങളും ഏതു സംഗതിയിലെങ്കിലും യോജിച്ചുവെന്നു് പറഞ്ഞതിനെക്കുറിച്ച് പോലീസ്സ് ഡിപ്പാർട്ടുമെണ്ടിന്ന് കഠിനവ്യസനമുണ്ടെന്ന് ഒരു കിംവദന്തി കേൾക്കുന്നു.

* * * * *

"കോൺഗ്രസ് പ്രസിഡെണ്ടിന്റെ ആധ്യക്ഷപ്രസംഗത്തിൽ ആകപ്പാടെ എന്താണുള്ളത്?" എന്ന് ഞങ്ങളുടെ മറെറാരു സഹജീവി ചോദിക്കുന്നു.

"പടാർത്ഥങ്ങൾ!" എന്നുള്ളത് മതിയായ ഒരു സമാധാനമായിരിക്കുമോ, എന്തോ!

* * * * *

"ഒന്നാമത്തെ ഗായകൻ അതിന്റെ കീർത്തനം പാടുന്നു!" (Foremost Musician Sings Its Praise!) എന്ന തലക്കെട്ടോടുകൂടി, ഒരു കമ്പനിക്കാർ അവരുടെ ഒരു തൈലത്തെ പുകഴ്ത്തിക്കൊണ്ടുള്ള ഒരു ഭാഗവതരുടെ സർട്ടിഫിക്കെറെ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

മേപ്പടി പാട്ടിന് ഉപയോഗിച്ച രാഗം ആനന്ദഭൈരവി തന്നെയായിരിക്കുമെന്നും, ദുഃഖലേണ്ടാരമല്ലെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

ഞങ്ങൾക്കു തോന്നുന്നത്.



കോമാളി സ്റ്റീറിന്റെ പ്രതിനിധി.

കഞ്ചാവു വലിച്ചവന്റെ തല പോലെ സദാ തിരിഞ്ഞുകൊണ്ടിരിക്കുന്ന ഇന്ത ഉലഹത്തിൽ, ഇളകിക്കൊണ്ടിരിക്കുന്ന വസ്തുക്കൾ അനേകമുണ്ട്—ഇല്ലേ? വെളിയിലെയിലെ വെള്ളം; ഗവർമേണ്ടുദ്യോഗസ്ഥന്മാരുടെ സ്ഥാനം; യുവാവിന്റെ പ്രണയം; പെണ്ണിന്റെ നാവ്; മാനിന്റെ കണ്ണ്; മുയലിന്റെ മീശ; ശുനകന്റെ വാല്; റിപ്പോർട്ടരുടെ പേന; കാകന്റെ തല; പുഴയിലെ വെള്ളം; മാക്കറെ വില; അരയാലില; കടലിലെ തിര; എലിമെണ്ടറി സ്കൂളിലെ ബെഞ്ച്; മൂട്ടക്കസാലയിലെ ഇരിപ്പ്;—ഇങ്ങിനെ എത്രയെങ്കിലും പറയാം. പക്ഷെ ഏതാൻ ചില രാഷ്ട്രീയനേതാക്കന്മാരുടെ അഭിപ്രായത്തിനു് പറയുന്ന ഇളക്കം കാണുമ്പോൾ മുൻപറയപ്പെട്ട ഇളക്കങ്ങളുടെ വില, ഉപഗ്രഹ്ലൻ വരുന്നില്ലെന്നു കേട്ടപ്പോൾ വാസവദത്തയുടെ തനുകാന്തിയുടെ വിലയെന്നപോലെ, ഇടിഞ്ഞുപോകുന്നു, തോഴി!—വല്ലാതെ, വല്ലാതെ ഇടിഞ്ഞു, പൊളിഞ്ഞു, പാളീസ്സായിപ്പോകുന്നു. ഇന്ന് അവർ കൌൺസിലിൽ കടക്കരുതെന്നു പറയും; നാളെ അതേ അവർ തന്നെ കൌൺസിലിൽ കടന്നേ കഴിയൂ എന്നു പറയും. ഇന്ന് അവർ മന്ത്രിസ്ഥാനം സ്വീകരിക്കുന്നവരുടെ നേരെ പല്ലിളിച്ചു, കുരച്ചു, ചാടിക്കയറി അവരെ മാന്തിക്കടിച്ചു ചീന്തി ചിന്നഭിന്നമാക്കും; നാളെ അവർതന്നെ, അരയും തലയും മുറുക്കി, മന്ത്രിസ്ഥാനത്തേക്കു ചാടിക്കയറും.

* * *

സഞ്ജയൻ രാഷ്ട്രീയനേതാവല്ല. (ഈശ്വരോ രക്ഷതു!) പക്ഷെ അഭിപ്രായം ഇളകിക്കൊണ്ടിരിക്കുന്ന കാര്യത്തിൽ സഞ്ജയൻ രാഷ്ട്രീയനേതാക്കന്മാക്കു ഏതാണ്ട് തുല്യത വഹിക്കുന്നു എന്നു തന്നെ പറയണം. ഇതിനൊരുദാഹരണം തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി നിൽക്കുന്ന കാര്യത്തിലുള്ള സഞ്ജയന്റെ തീപ്പാണ്. ആരെന്തു പറഞ്ഞാലും, എങ്ങിനെ പറഞ്ഞാലും, എത്ര പറഞ്ഞാലും, എപ്പോൾ പറഞ്ഞാലും, യാതൊരു ഭരണസഭയിലും താൻ മേമ്പറായി പോവുകയില്ലെന്ന് 'കേരളപത്രിക'യിലെ എട്ടാം പെയ്ജിൽ, പല തവണയായി, പല തരത്തിലായി, പദ്യത്തിലും ഗദ്യത്തിലും, സഞ്ജയൻ പ്രതിജ്ഞ ചെയ്തിരുന്നത് നിങ്ങൾ ഓർക്കുന്നുണ്ടോ? ആ പ്രതിജ്ഞാവാചകങ്ങൾ എഴുതിയ പേന തന്നെയാണ്, ഇന്ന്, കടലാസ്സിലൂടെ, വെടികൊണ്ട പന്നിയെപ്പോലെ, പായുന്നത്; ഒട്ടക്കത്തെ പ്രാവശ്യം ആ തീപ്പു കുറിച്ച അവസരത്തിൽ പേന നിറച്ച മഷിക്കുപ്പിയിൽ

നിന്നാണ് ഇന്നു രാത്രിയും ഈ പേന നിറച്ചത്; അന്ന് അങ്ങിനെയെഴുതിയ നിസർഗ്ഗനിസ്തേജനാണ് ഇന്ന് മറെറാരു വിധത്തിൽ എഴുതുവാൻ ഭാവിക്കുന്ന നിസ്ഗ്ഗനിസ്തേജൻ; ചുരുക്കിപ്പറയുകയാണെങ്കിൽ, ആ ഞാനാണ് ഈ ഞാൻ.

* * *

ഞാൻ തിരഞ്ഞെടുപ്പിന്നു—കുറച്ചുകൂടി വിശദമായി പറയുകയാണെങ്കിൽ, ചങ്ങലംപരണ്ട കൌൺസിലിലേക്കുള്ള കോമാളിസീററിന്നു—ഒരു സ്ഥാനാർത്ഥിയായി നിൽക്കുവാൻ ഒരുങ്ങിക്കഴിഞ്ഞു. "എടോ, തന്റെ അപ്രാപ്തി അറിഞ്ഞ് താനല്ലേ ഈ മാതിരിക്കൊന്നും തന്നെ കിട്ടുകയില്ലെന്നു പറഞ്ഞത്?" എന്ന് പലരും എന്നോട് ചോദിക്കുകയില്ലെ? ചോദിക്കും. (എന്റെ ഈശ്വരാ! ആ മാതിരി ചോദ്യങ്ങൾ ചോദിക്കുവാനാണോ ലോകത്തിൽ ആളുകൾ ഇല്ലാത്തത്?) "ചങ്ങലംപരണ്ടയിലെ കോമാളികളുടെ നിർബന്ധം സഹിക്കുവാൻ കഴിയാഞ്ഞിട്ടാണ് ഞാൻ ഒട്ടക്കം വളരെ വൈമനസ്യത്തോടുകൂടി അതിന്നൊരുങ്ങിയതെ"ന്ന് ഞാൻ സമാധാനവും പറയും. "ഏതു തലയില്ലാത്ത പൊണ്ണച്ചാരാണ് തന്നെ അങ്ങിനെ നിർബന്ധിയ്ക്കുവാൻ ഒരുങ്ങിപ്പുറപ്പെട്ടത്?" എന്ന് മേപ്പടി കൃസ്തിക്കാർ വീണ്ടും ചോദിക്കും. അപ്പോഴും ഞാൻ ഉത്തരം മുട്ടിക്കുഴങ്ങുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്—അല്ലേ? ഹാ, ഹാ! എന്റെ സമർത്ഥന്മാരെ, പാറപ്പുറത്തിന്റെ തലച്ചോറിന്റെ എല്ലാ മൂക്കിലും മൂലയിലും നോക്കിക്കഴിഞ്ഞു എന്ന് അഭിമാനിക്കുവാൻ കഴിയുന്ന ഒരു വമ്പൻ നിങ്ങളുടെ ഇടയിലുണ്ടെങ്കിൽ, ആ വമ്പന്റെ വമ്പ് അവസാനിപ്പിക്കുവാൻ ഇന്ന് ഈ പേനയിലൊഴിച്ച മഷി മതി. (ഈയെടെയെങ്ങാൻ ഇങ്ങിനെ അടി ഇരന്നു വാങ്ങുന്ന ഒരു അധികപ്രസംഗം ആരെങ്കിലും പറഞ്ഞതായി നിങ്ങൾ ഓർക്കുന്നുണ്ടോ? പണ്ട് കാക്കശ്ശേരി പട്ടേരിപ്പാട് സൌന്ദര്യത്തിന്റെ കിഴിവാങ്ങിയപോലെ, തികഞ്ഞ ധിക്കാരത്തിന്നുള്ള കപ്പും മെഡലും ആ ഒരൊറ്റ വാചകം കൊണ്ട് പ.. എസ്സ്. തട്ടിയെടുക്കുകയില്ലേ?)

* * *

ഇല്ല, സമർത്ഥന്മാരേ, സഞ്ജയനെ അത്ര എളപ്പത്തിലൊന്നും ബ്ലീച്ചടിപ്പിക്കുവാൻ നിങ്ങളാരും ശ്രമിക്കേണ്ട. ആ ചോദ്യവും സഞ്ജയൻ മുൻകൂട്ടി ആലോചിച്ചതാണ്. കോമാളി സീററിന്നു സഞ്ജയൻ നിന്നേ കഴിയൂ എന്ന് മുട്ടുകുത്തി, രണ്ടു കയ്യും പൊക്കി മലർത്തിക്കാട്ടി, കണ്ണിൽ വെള്ളം നിറച്ചും, ഇടത്തൊണ്ട വിറച്ചും കൊണ്ട് ഇരക്കുന്ന രീതിയിലുള്ള നൂറിരുപത് ഭിന്ന ശൈലികളിൽ എഴുതപ്പെട്ട എഴുത്തുകളും, ഞാൻ മിസ്റ്റർ ശൌനകനെക്കൊണ്ടെഴുതിച്ച്, ഒപ്പിട്ട് തിരിച്ചയക്കുവാൻ വേണ്ടി ചങ്ങലംപരണ്ടയിലെ എല്ലാ കോമാളികൾക്കും അയച്ചുകഴിഞ്ഞു. ഒരെഴുത്തിന്റെ സാമ്പിൾ നോക്കുക:—

"മൈ ഡിയർ മിസ്റ്റർ പാറപ്പുറം,

തിരഞ്ഞെടുപ്പ് അടുത്തുവല്ലോ! നിങ്ങൾ കോമാളികളുടെ സീററിന്ന് സ്ഥാനാർത്ഥിയായി നില്ക്കുന്നില്ലേ? തീച്ചയായും നില്ക്കണം. ആ സീററിന്ന് നിങ്ങളെക്കാൾ അർഹൻ ചങ്ങലംപരണ്ടയിൽ ആരാണുള്ളത്? ഒരു കോമാളിക്കു വേണ്ടുന്ന ഗുണങ്ങളിൽ എന്തൊന്നാണ് അങ്ങയ്ക്കില്ലാത്തത്? ആവക ഗുണങ്ങൾ അങ്ങയ്ക്കുള്ളതുപോലെ ഏതു കോമാളിക്കാണുള്ളത്? അങ്ങു ന്ന്, യാഥാർത്ഥ്യം ആലോചിക്കുകയാണെങ്കിൽ, കോമാളിരാജനല്ലേ? ഇങ്ങിനെ മനസ്സിലും, വാക്കിലും, പ്രവൃത്തിയിലും കോമാളിത്തം തെളിഞ്ഞു വിളങ്ങുന്ന ഒരാൾ ഇതിഭൂവനത്തിലുണ്ടോ? എന്റെ വോട്ട് നിങ്ങൾക്കുതന്നെ. നിങ്ങൾ സ്ഥാനാർത്ഥിയായിരിക്കുകയില്ലെങ്കിൽ, ഞാൻ ആർക്കും വോട്ട് ചെയ്യുകയില്ലെന്നു മാത്രമല്ല, പിന്നാങ്ങിലേക്ക് കപ്പൽ കയറും.

എന്ന്, നിങ്ങളുടെ സ്വന്തം,

(ഒപ്പ്).....

* * *

അത് ഒരു സാമ്പിൾ. എനി വേറെയൊരു സാമ്പിൾ നോക്കുവിൻ. ഇത് കുറെക്കൂടി താണ കേണപേക്ഷിക്കുന്ന ഒരു മട്ടാണ്.

"പ്രഭോ,

സഹിക്കവയ്യാത്ത വിനോദനികൃതികൊണ്ടും, താണതരം ഫലിതത്തിന്ന് ഈയെടെയായി വന്ന ചേന്ന വിലയിടിവുകൊണ്ടും, നാടക

ഹാളുകളിലെ സദസ്യർ കുറച്ചുകാലമായി ശീലിച്ചു തുടങ്ങിയിരിക്കുന്ന കോമാളികളെ ആട്ടിപ്പായിക്കുക എന്ന ഉത്തമോദ്ദേശ്യം കൊണ്ടും, ആകപ്പാടെ ഗതി മുട്ടി ഉഴലുന്ന ഒരു പാവപ്പെട്ട കോമാളിയാണ് അങ്ങെയ്ക്ക് ഇതെഴുതുന്നത്. അങ്ങു നു ഞങ്ങളുടെ പ്രതിനിധിയായി ചങ്ങലംപരണ്ട കൌൺസിലിൽ ഒരൊറ്റ ദിവസമിരുന്നാൽ ഞങ്ങളുടെ മൽവ്യവഹാരിച്ച എല്ലാ കഷ്ടതകളും പറപറക്കുമെന്ന് എനിക്കും, ഈ പ്രദേശങ്ങളിലുള്ള മറ്റു കോമാളികൾക്കും സുദൃഢമായ അഭിപ്രായമുണ്ട്. ഇക്കാര്യത്തിൽ അങ്ങുന്ന് ഞങ്ങളെ നിരാശരാക്കുകയാണെങ്കിൽ, കൊടുമ്പിരിപ്പുനാണെ നേര്, ഞാൻ പെരിങ്കുളം പാലയുടെ കൊമ്പിന്മേൽ നട്ടപാതിരയ്ക്ക് കയറുകെട്ടി തൂങ്ങിമരിക്കും. പ്രഭോ, അതിനൊന്നും ഇടവരുത്തൊല്ലേ! എന്റെ പൊന്നു പ്രഭുവല്ലേ?

എന്ന്, അങ്ങയുടെ കാലാശ്രിതൻ,

(ഒപ്പ്).....

* * *

ആദ്യന്തഞ്ചം നോക്കീട്ടാണ് സഞ്ജയൻ ഈ എഴുത്തുകാരം വിട്ടിട്ടുള്ളത്. ഇതിൽ നിങ്ങൾ എന്നെ കുറ്റം പറയരുത്. ഇന്ത്യയിൽ എത്രയോ യോഗ്യന്മാരോട് തങ്ങളുടെ പ്രതിനിധ്യം വഹിക്കുവാൻ പലേ നിയോജകമണ്ഡലങ്ങളും ആവശ്യപ്പെട്ടുന്നില്ലേ? അങ്ങിനെ എന്നോട് ആരും ആവശ്യപ്പെട്ടുന്നില്ല. അതുകൊണ്ട് ഞാൻ ഈ വിദ്യയെടുക്കുന്നു. അതിൽ എന്താണ് തെറ്റ്? ഈ എഴുത്തുകാരം ഒപ്പുകളോടുകൂടി തിരിച്ചെത്തിയ ഉടനെ, "പാറപ്പുറത്തോട് കോമാളിനിയോജകമണ്ഡലം ചെയ്ത അഭ്യർത്ഥനകാരം" എന്ന തലക്കെട്ടോടുകൂടി ഞാൻ അവ മുഴുവൻ അച്ചടിപ്പിച്ച് ഒരു പുസ്തകമാക്കി പബ്ലിഷ് ചെയ്യും. ഒരു പൈ വിലവാങ്ങാതെ അത് ചോദിക്കുന്നവർക്കെല്ലാം സപ്ലൈ ചെയ്യും. അങ്ങിനെ ഞാൻ ചതുരുപായങ്ങളും പ്രയോഗിച്ച്, കൂടിയേ കഴിയൂ എന്ന പക്ഷം എത്തിപ്പോയെങ്കിൽ, ജീവിതത്തിൽ ഒന്നാമത്തെ പ്രാവശ്യം ചില ത്യാഗങ്ങളും തന്നെ ചെയ്ത്, ചങ്ങലംപരണ്ട കൌൺസിലിൽ കടന്നുവീഴും. "എന്നിട്ടോ?" എന്നാണ് ആദ്യം പറഞ്ഞ കുസൃതിക്കാർ ചോദിക്കുവാനിടയുള്ള അവസാനത്തെ ചോദ്യം. അതൊക്കെ ഞാൻ കണ്ടുവെച്ചിട്ടുണ്ട്, സാറേ, ഞാൻ കണ്ടുവെച്ചിട്ടുണ്ട്! എനിക്കു ചില പ്ലാനുകളൊക്കെയുണ്ട്. അതൊന്നും ഞാൻ ഇപ്പോൾ വെളിച്ചത്താക്കുകയില്ല. ക്രമേണ, കുറേശ്ശയായി, നിങ്ങൾ കാക്കയുടെ കഴുത്തിൽ മണി കെട്ടിയപോലെ അതൊക്കെ പരസ്യമാക്കുകയില്ലെന്നു് എനിക്ക് ഉറപ്പു തരുന്ന പക്ഷം, പ്രസ്തുത പ്ലാനുകൾ എന്തൊക്കെയാണെന്നു് ഞാൻ അറിയിക്കും.

ഇംഗ്ലണ്ടിൽവെച്ച് ഈയെടെ നടന്ന ഒരു തിരഞ്ഞെടുപ്പുസമയത്ത്, താൻ ശമ്പളമില്ലാതെ ബ്രിട്ടീഷു പ്രധാനമന്ത്രിയായിരിക്കുവാൻ തയാറാണെന്ന് പറഞ്ഞുകൊണ്ട് ഒരു തുന്നൽക്കാരൻ ചാടിയെത്തിയതു്.

ഈയാൾ മി: സത്യമൂർത്തിയുടെ ഒരു ശിഷ്യനായിരിയ്ക്കണമെന്നുള്ള ഊഹത്തിന്ന് അടിസ്ഥാനമില്ലെന്നാണറിയുന്നത്.

*** ***

പുരുഷന്മാരെക്കാളും സ്ത്രീകൾക്ക് ബുദ്ധിശക്തി കുറവാണെന്നുള്ള വിശ്വാസം കേവലം അടിസ്ഥാനരഹിതമാണെന്ന് വളരെക്കാലത്തെ പരീക്ഷണങ്ങൾക്കുശേഷം മോസ്കോവിലെ ഒരു മസ്തിഷ്കശാസ്ത്രവിശാരദനായ മുസ്യേ. ഓസിപ്പോഫ് കണ്ടുപിടിച്ചിരിക്കുന്നു.

മുസ്യേ. ഓസിപ്പോഫ് വിവാഹം കഴിച്ചിരിക്കുവാൻ ഇടയില്ലെന്ന് ഞങ്ങൾക്കു തോന്നുന്നു. ഒരു വിവാഹിതന്ന് ഈ വാസ്തവം കണ്ടുപിടിക്കുവാൻ ഇത്രയധികം പരീക്ഷണങ്ങൾ ആവശ്യമുണ്ടായിരിക്കുകയില്ല.

*** ***

ഉത്തരജാപ്പാനിൽ ഒരേടത്ത് താടിമീശകൾ സ്ത്രീകൾക്ക് ഒരലംകാരമായി പരിഗണിയ്ക്കപ്പെട്ടുവരുന്നുവത്രെ.

നേരെ മറിച്ച്, ലോകത്തിലെ മറ്റു ഭാഗങ്ങളിൽ, അവ പുരുഷന്മാരുടെ നേരെയുള്ള ഒരു പ്രതികാരമായിട്ടാണ് ഗണിയ്ക്കപ്പെട്ടുവരുന്നത്.

ഇതിഹാസപരിഷ്കൃതി.

കൊളമ്പസ്സും അമേരിക്കയും.

ലാവ ഛർദ്ദിച്ചശേഷം അടങ്ങിയൊതുങ്ങിയ അഗ്നിപർവ്വതം പോലെ, ശ്വാസ്സെല്ലാം തീർന്ന ഓജസ്സു കെട്ട സോഡ പോലെ, പാലംപണിയും നിരത്തുപണിയും എല്ലാം അവസാനിച്ചതിനാൽ ഉള്ളൊഴിഞ്ഞ മടിശ്ശീല തിരുമ്പിക്കൊണ്ടിരിക്കുന്ന ചില മഹാമനുഷ്യന്മാരെപ്പോലെ, കുരങ്ങു ചത്ത കുറവനെപ്പോലെ, കോഴിക്കോട്ടെ മത്സരപ്പയറാ അലസിപ്പോയതിനാൽ ആകപ്പാടെ ഇളിഭ്യരായി സ്വദേശങ്ങളിലേക്കു തിരിച്ചുപയറുകാരെപ്പോലെ, "ഇവിടെ 'പഞ്ചായത്ത് ബോഡ്' വേണ്ടേ വേണ്ട" എന്ന ഭീമഹരജി കൈപ്പറ്റിയതിനാൽ അട്ടം നോക്കി പിട്ടമെണ്ണുന്ന പഞ്ചായത്ത് ആപ്പീസരെപ്പോലെ, ബിക്കേനാടം ഒന്നു കുഴങ്ങി മറിഞ്ഞു വലഞ്ഞു തുലഞ്ഞു പാളീസ്സായിപ്പോയി എന്നെ പറയേണ്ടതുള്ളൂ. 'കോഴിയാക്കൽ' എന്ന ലേഖനം പ്രസിദ്ധപ്പെടുത്തിക്കണ്ടതു മുതൽ ബിക്കേനാർ ഹാസസാഹിത്യ ഡിസ്ട്രിക്ട് ബോർഡിലെ ഒരു രണ്ടാം ക്ലാസു മെമ്പറാണെന്നഭിമാനിച്ചുവരികയാണ്. മാസം ഒന്നു കഴിഞ്ഞു-

"കാലത്തിങ്ങലത്തീൻ പഴമായ് വീഴ്ത്തി-
യേപ്രീലാം മാസത്തെയന്നും ദൈവം"!!

സഞ്ജയൻ ദ്വിതീയാവതാരത്തിന്നു മുതിരുന്നു! ബിക്കേനാർ പരുങ്ങുന്നു; വെമ്പി വിയക്കുന്നു! ഇനിയോ, എന്റെ ദാരേ? ഞാനെന്തു കാട്ടും? ചരക്കുകാരൻ നീലാണ്ടസ്സാമി കസവുവേഷ്ടിക ളെടുത്തു, "ഇതെപ്പടി? ഇദോ? ഇതെപ്പടി?" എന്നിങ്ങനെ മതിരാശിപ്പിത്തലാട്ടത്തെ അതിശയിക്കുന്ന ആട്ടവിശേഷത്തോടുകൂടി പൊക്കിപ്പിടിച്ചു കാട്ടി പേടുന്നതുപോലെ, 'അതെപ്പടി? ഇതെപ്പടി?' എന്നുച്ചരിച്ചുച്ചരിച്ച് സഹൃദയലോകം സാഭിനന്ദം സ്തുതിക്കുന്ന 'സഞ്ജയ'നിലേക്കെന്തൊന്നിനെക്കുറിച്ചേതൊരു വസ്തുവെപ്പറ്റിയാരെസ്സംബന്ധിച്ചൂരപ്പു എന്നിപ്രകാരം വീണ്ടും വിചാരം ചെയ്തുകൊണ്ടിരിക്കേ, "സഃ കവാംഭസഃ വഃ പായാൽ!" അവ്വണ്ണമെല്ലാമിരിക്കുന്ന ഭഗവാൻ കലാംഭസൻ (കൊളമ്പസ്സ്) ഭവാന്മാരെ രക്ഷിക്കട്ടെ, രക്ഷിക്കട്ടെ! എന്നീമട്ടിൽ ചെട്ടെന്നു തോന്നുകയുണ്ടായി. അ-അ-അ-ആര്? കൊളമ്പസ്സോ? അതെ, സാക്ഷാൽ കൊളമ്പസ്സ്തന്നെ! ആളുടെ യശസ്സു കന്നാക്കുളത്തിലെ അംഭസ്സ്പോലെ 'ശപ്പം ശവം' അടിഞ്ഞു ചീത്തയാകാതെ ഇന്നും പരിലസിക്കുന്നുവൊ, ആർ, തന്റെ അപ്പൂപ്പന്റെ സുകൃതം നിമിത്തം മുൻകൂട്ടി വിചാരിക്കാതെ, തന്നെത്താനറിയാതെ, വേറെയെങ്ങോ പോകുന്ന വഴിക്ക്, ബിക്കേനാടുടെ ബന്ധുവർഗ്ഗത്തിൽപെട്ട ഒരു മുത്തശ്ശി ഇയ്യിടെ നരകത്തിൽ പോകുന്ന പോക്കിൽ സ്വർഗ്ഗത്തിൽ വഴിപിഴച്ചു കയറിച്ചെന്നതുപോലെ, അമേരിക്ക എന്ന മുട്ടുമടുൻ, നെടുനീളൻ വൻകര കണ്ടുപിടിച്ചുവോ, ആ മഹാനായ സാക്ഷാൽ കൊളമ്പസ്സിനെപ്പറ്റി അല്പമൊന്നു പ്രസ്താവിക്കുന്നു.

പണ്ടു, അതായതു ക്രി. പി. പതിന്നാലാം ശതകത്തിന്റെ ഉത്തരാർദ്ധത്തിന്റെ പൂർവ്വപാദത്തിന്റെ അന്ത്യഘട്ടത്തിന്റെ ആദ്യദശയുടെ അവസാന ശ്വാസത്തിന്റെ പ്രഥമഖണ്ഡത്തിൽ കേരളത്തിലെ ഏറ്റവും വടക്കൻ പ്രദേശമായ കുമ്പോഴ എന്ന ദിക്കിൽ കുവലയപുരത്തിൽ നമ്പി എന്ന ഒരു മൂശാരി കുടുംബസമേതം പാർത്തിരുന്നു. ഓടുകൊണ്ടും പിത്തളകൊണ്ടും മണി, കിണി, കിങ്ങിണി മുതലായ പലതരം സാമാനങ്ങളും നിർമ്മിക്കുന്നതിലുള്ള നൈപുണ്യത്തിനു പുറമെ ദേശസേവകനായ നമ്പിനായർക്കു കലശലായ കായ്സ്ഥതയും സിദ്ധമായിരുന്നതിനാൽ കാലതാമസം കൂടാതെ അദ്ദേഹം കുമ്പോഴത്തമ്പുരാന്റെ പ്രധാനമന്ത്രിയായിത്തീർന്നു. എന്നാൽ മന്ത്രിപദത്തിലിരുന്ന ആ മഹാനു, കായ്സ്ഥനായി പ്രമോഷൻ കിട്ടിയ കുട്ടിപ്പട്ടക്കുണ്ടാകാവുള്ളതുപോലെ, ആദ്യപ്രവൃത്തിയോടു ലവലേശം നീരസമുണ്ടായിരുന്നില്ല. മന്ത്രമണ്ഡപത്തിലും മൂശപ്പുരയിലും നമ്പിനായർ ഒരുപോലെ പ്രവൃത്തി തുടർന്നുവന്നു. പണ്ടുപണ്ടേ നടപ്പുള്ള ഫലമാതിരി ഓട്ടപാത്രങ്ങൾക്കു പുറമെ നമ്പിനായർ പുതിയ പുതിയ

പാത്രങ്ങളും കണ്ടുപിടിച്ചുകൊണ്ടിരുന്നു. കടിൽ തൊട്ടു കൊട്ടാരം വരെ ഉപ്പുവാനുപയോഗിച്ചിരുന്ന വെറും ചിരട്ടകൂപകരം അദ്ദേഹം പുതിയ ഒരു തരം പാത്രം നിർമ്മിക്കുകയും, അതിനു തന്റെ പേർ തന്നെ കൊടുക്കുകയും ചെയ്തു. കുവലയദളനമ്പി എന്നു പാമക്കാരായ ചില ജ്യോതിഷക്കാർ വിളിച്ചുവരുന്ന നമ്മുടെ 'കോളാമ്പി' കുമ്പോഴ രാജാവിന്റെ കായ്സ്ഥനായിരുന്ന കുവലയദളത്തിൽ നമ്പിനായരുടെ ഔചിത്യബോധവും, നിർമ്മാണകൌശല്യവും നിമിത്തം ലോകത്തിനു ലബ്ധമായതാണെന്ന വസ്തുത ഇപ്പോഴെങ്കിലും മഹാജനങ്ങളെ മനസ്സിലാക്കാൻ ഉള്ള മഹാഭാഗ്യം ലഭിച്ചതിൽ ബിക്കോനാർ സ്വയം അഭിമാനിക്കുന്നു.

അങ്ങിനെ കുവലയദളത്തിൽ നമ്പിനായർ മന്ത്രിയായി വർത്തിച്ചുവരുംകാലം—ഹാ! കാലവൈചിത്ര്യത്തെയാര് തടുക്കാം?—അദ്ദേഹത്തിനു അനേകം അമളികൾ പിണഞ്ഞു. അദ്ദേഹത്തിന്റെ ശത്രുക്കൾ കുവലയദളനമ്പിനായരെന്നതിനെ വെട്ടിമുറിച്ച്, കോളാമ്പിനായരാക്കി. കൂടാതെ അ 'മാറ്റാന്മാർ' പല 'കൊസ്രാക്കൊള്ളി'കളും തിരുമനസ്സറിയിച്ചു. ഒടുവിൽ—കിം ബഹുനാ?—അദ്ദേഹത്തിന്റെ പേരിൽ തിരുവുള്ളക്കേടുണ്ടായി, വർദ്ധിച്ചു. ആ മഹാൻ അചിരേണ രാജശിക്ഷക്കു പാത്രമാവുകയും ചെയ്തു! അദ്ദേഹത്തിന്റെ ഇളകുന്നതും ഇളകാത്തതുമായ സകല സ്വത്തുക്കളും തമ്പുരാൻ പിടിച്ചടക്കി. ഏറിയ ആവലാതിക്കു ശേഷം ഇളകുന്ന മുതലുകളിൽ ഒന്നിനും കൊള്ളാത്ത മുതുമുത്തിയായ അമ്മയെ മാത്രം നമ്പിനായക്കു തിരികെ കൊടുത്തുകൊള്ളുവാൻ കോവിലകത്തുനിന്നു കല്പനയായി. എന്നാൽ അതു കൊണ്ടുമാത്രം അരചന്റെ അരിശം അടങ്ങിയില്ല: നമ്പിനായരേയും അമ്മയേയും ഏഴടി മൂന്നുമുക്കാലംഗുലം നീളവും മൂന്നടി ഒന്നരക്കാൽ അംഗുലം വീതിയും ഉള്ള ഒരു ചെറുതോണിയിൽ കയറ്റി കടലിലേക്കുന്തിവിടുവാൻ കൽപ്പനായുണ്ടായി. കുമ്പോഴസ്സാവ്വട്ടോമൻ കല്പിച്ചു. നമ്പിനായരുടെ വേദനയെപ്പറ്റി സാക്ഷാൽ തച്ചോളിപ്പാടൻ പാടുന്നതു കേൾക്കുക.

"നമ്പീന്റെ നിലവിളി കേൾക്കുന്നോരം
ഒഴുകുന്ന വെള്ളമടങ്ങി നിന്നു;
വീയുന്ന കാറ്റു മടങ്ങി നിന്നു;
പായുന്ന പാമ്പു പടം ചുരുക്കി;
പറക്കുന്ന പക്ഷി തിരിഞ്ഞുവീണു."

ഇത്യാദി പലേ അപകടങ്ങളും ലോകത്തിൽ സംഭവിച്ചു.

മുകളിൽ ആകാശവും, കീഴെ വെള്ളവും, നാലുപാടും കാറ്റുമായി നമ്പിനായരും അമ്മയും ചെറുതോണിയിലലഞ്ഞു തുടങ്ങി.

"അനന്തമജ്ഞാതമവർണ്ണനീയ
മാത്തോണി പായുന്ന പരന്ന വെള്ളം
അതിങ്കലാറത്തൊരുമുത്തിയൊത്തു
നോക്കുന്ന നായർ കഥയെത്ര കണ്ടു?"

എന്നേ പറയാനുള്ളൂ. ദിവസങ്ങൾ കഴിഞ്ഞു, വാരമായി വാരങ്ങൾ മൂന്നു കഴിഞ്ഞു, മാസം മുക്കാലുമായി. നമ്പിയുടെ അമ്മ വാർദ്ധക്യം നിമിത്തം സ്ഥായിയായിട്ടുള്ള ക്ഷീണത്താലും, തണുത്ത കടൽകാറ്റു തട്ടിയുണ്ടായ പനിനിമിത്തവും, ഉപ്പുവെള്ളം മാത്രം കുടിച്ചതിനാലുള്ള 'പൊറാട്ടാഹം'കൊണ്ടും, മങ്ങിച്ചുങ്ങി മയങ്ങി വശംകെട്ട്, ഒടുക്കം പരലോകം പ്രാപയാമാസ എന്നുകൂടി തോന്നിക്കാവുന്ന ഒരു ഉറക്കത്തിൽ പെട്ടു. നമ്പിനായരാകട്ടെ, അമ്മയുടെ പാരവശ്യംകണ്ടും, സ്വന്തം ക്ഷീണംകൊണ്ടും ഒന്നിനുമാകാതെ ഉറങ്ങിപ്പോയി. എത്രനേരമങ്ങിനെ കഴിഞ്ഞുവെന്നു ആർക്കും ഇന്നും അറിവായിട്ടില്ല!

പ്രഭാതം. നക്ഷത്രങ്ങൾ മങ്ങിത്തുടങ്ങി. സൂര്യൻ ഉദിച്ചു. ചന്ദ്രൻ അസ്തമിച്ചു—കാറ്റുവീശി—കടൽപക്ഷികൾ പാടി—ഓരോന്നിന്റെയും വഴിയെ 'ഉടങ്ങി' എന്നു വേണമെങ്കിൽ ചേർക്കാം. കടലിലെ വെൺനുര തട്ടി വീഴുന്ന കുളിർവായു നമ്പിനായരെയും അമ്മയേയും ഒരുമിച്ചു തട്ടിയുണർത്തി. ചെറുതോണി ഏതൊ ഒരു കരയിൽ മണലിലാണ്ടു നില്ക്കുന്നതവർ കണ്ടു. കടൽ മാത്രം കണ്ടു കുഴിതം പൂണ്ടിരിക്കുന്ന അമ്മയും, കരകാണാനുഴറുന്ന മകനും ഒരുമിച്ചു "ആവൂ!" എന്നാശ്വസിച്ചു. അമ്മയെ എടുത്തുകൊണ്ടു മകൻ കരകിറങ്ങി. "അമ്മേ—ഇരിക്ക" എന്നു പറഞ്ഞു നമ്പി അമ്മയെ അവിടെയുള്ള പാറപ്പുറത്തു—ചങ്ങലംപരണ്ട പാറപ്പുറത്തല്ലേ!—ഇരുത്തി. ആ

പാറക്കെട്ടിനു സമീപമുള്ള ഒരു വലിയ അശോകത്തിന്മേൽ ഇരുന്നിരുന്ന കറെ തത്തകൾ 'അമ്മെ ഇരിക്കു, അമ്മേരിക്ക, അമേരിക്ക' എന്നിപ്രകാരം ഏറെ പറയുവാനും തുടങ്ങി. (തത്തകൾക്ക് അങ്ങിനെ ഒരു ഉശ്ശീലമുണ്ടല്ലോ!) അങ്ങിനെ അമ്മയെ ഇരുത്തിയ നാടിനു അമേരിക്ക എന്ന പേരും പ്രസിദ്ധമായി!

ഒരു വടക്കെ മലയാളിയായ കോളാമ്പിനായർ കണ്ടുപിടിച്ച നാടാണ അമേരിക്ക എന്നുള്ള വസ്തുത ആരാരെക്കോംമയിർ കൊള്ളിയ്ക്കില്ല? പക്ഷെ വികൃതവിധി മലയാളിക്കു ആ ബഹുമതി സമ്മതിക്കാൻ മടിക്കുകയാണു ചെയ്തതു! കടൽക്കള്ളന്മാരായ പോത്തുഗീസ്സുകാർ കോളാമ്പിനായരെ കൊളമ്പസ്സാക്കി മാറ്റി. ജർമ്മൻകാരനായ ഈൻസ്റ്റിൻസായ്പിനെ പ്രസിഡണ്ടു റൂസ്വെൽട്ട് അമേരിക്കക്കാരനാക്കിയതുപോലെ, പോത്തുഗീസ്സുകാർ മലയാളിയായ നായരെ പോത്തുഗീസ്സുകാരനാക്കി മാറ്റി. പേരും പെരുമയും, നിലയും വിലയും, മാറവും മഹിമയും എല്ലാം മറനാടന്മാർ തട്ടിപ്പറിച്ചു! സാക്ഷാൽ സത്യം, യഥാർത്ഥമായ വാസ്തവം, നെറി നിറഞ്ഞ നേരു്—മറയ്ക്കപ്പെട്ടു! അതെ, സത്യത്തിനില്ല കോട്ടം. ഒരിക്കലും വയ്യാ സത്യത്തിനൊപ്പൊത്തിവെക്കാൻ; ശ്രീ: കുന്നത്തു്—അല്ല—ശ്രീ: കണ്ണൻ ജനാർദ്ദനൻ ക്ഷമിക്കണെ!—തോന്നിപ്പോകുന്നു ചിലപ്പോഴും, സത്യത്തിനും പഴക്കച്ചുവ പിടിക്കുന്നുവെന്നു്; പക്ഷെ—ഇല്ലാ—അതിന്നെന്നും വയസ്സു പതിനാറുതന്നെ! അല്ലെങ്കിൽ, കവിഞ്ഞതു്, പതിനെട്ട വെച്ചോളിൻ: അതിലധികം എന്തായാലും ഇല്ല!

ബിക്കേനാർ.

'സഞ്ജയ'ന്റെ ആദ്യലക്കത്തിലെ ഫലിതങ്ങളും രുചിച്ച കൂട്ടരിൽത്തന്നെ പലർക്കും അവ ദഹിച്ചിട്ടില്ലെന്നു് ഒരാവലാതി പുറപ്പെട്ടിരിക്കുന്നു.

ഈ ലക്കത്തിലുള്ളവ ദഹിച്ച കൂട്ടരുടെ ഇടയിൽ പലർക്കും രുചിച്ചിട്ടില്ലെന്നുള്ള ഒരാവലാതിക്ക് ഞങ്ങളും ഒരുങ്ങി നില്ക്കുകയാണു്.

സൊള്ളൻ.

സൊള്ളിനു രൂപഭേദങ്ങളും, അവയിൽ പല രസഭേദങ്ങളുമുണ്ടു്. "വാസ്തവവിരോധം" എന്നു, പച്ചവെള്ളം പോലെ രസമോ, മണമോ, ഗുണമോ ഇല്ലാത്ത ഒരു വസ്തു മാത്രമെ അവയിലെല്ലാം വ്യാപിച്ചുകിടക്കുന്നുള്ളു. പിന്നീടു് അതിൽ ചേരുന്ന വസ്തുക്കളുടെ സ്വഭാവത്തിന്നനുസരിച്ചു്, അതിന്റെ രുചിയും, നിറവും, ഗന്ധവും മാറുന്നു. ചിലതു് പച്ചക്കളവിന്റെ ആധിക്യത്താൽ കറുത്തു കാണപ്പെടുന്നു; ചിലതിന്നു് അത്ഭുതത്തിന്റെ കടിച്ചാൽപൊട്ടായ്മയും കഴിച്ചാൽദഹിക്കായ്മയും ഉണ്ടു്; ഉർല്ലഭം ചിലതു് കവിതയുടെ സൌരഭ്യത്തോടുകൂടിയിരിക്കും; ചിലതാകട്ടെ, പരദ്രോഹേച്ഛകൊണ്ടു്, ചുണ്ണാമ്പുപോലെ, വായിൽ പെരുമാറുന്നവന്റെ നാവു പൊള്ളിക്കും; ചിലതിൽ ആത്മപ്രശംസയുടെ ഓക്കാനം വരുത്തുന്ന ചവപ്പു കലർന്നിരിക്കുന്നു.

ഈ ഗുണങ്ങളും രസങ്ങളും കലർപ്പില്ലാതെ കാണുവാൻ നന്നെ ഞെരുക്കമായിരിക്കും. പക്ഷെ. ലക്ഷണങ്ങളം എളുപ്പത്തിൽ മനസ്സിലാകുവാൻ വേണ്ടി, അവയിലോരോന്നിനെയും ആസ്പദിച്ചു് സൊള്ളിനെ വേർതിരിച്ചു പരിശോധിക്കാം:

i പച്ചക്കളവു്:—ഇതിന്റെ ആരാധകന്മാരെപ്പറ്റി അധികമൊന്നും പറയുവാനില്ല. സൊള്ളന്മാരുടെ ഇടയിൽ അവർ ഏറ്റവും താണ ക്ലാസുകാരാണു്. അവരുടെ കളവിന്നു് അതിശയോക്തിയുടെ അത്ഭുതമോ, ചമൽക്കാരത്തിന്റെ ചന്തമോ കൂടിയില്ല.

"എനിയത്തെ ആഴ്ച വൈസ്രോയി കോഴിക്കോട്ടേക്കു വരുന്നു."

"ആരു പറഞ്ഞു?"

"കടലാസ്സിൽ കണ്ടു."

"നേരോ?"

"നേരു്."

ഇതാണു് ഒന്നാംനമ്പുകാരന്റെ സമ്പ്രദായം. അതു കേട്ടവൻ തൽകാലത്തേക്കു് വിശ്വസിക്കും; നേരാണെന്നു് കരുതി മറവുള്ളവരോടു് പറയും; കളവാണെന്നു് അറിയുന്നതോടുകൂടി പറഞ്ഞവനെ ശപിക്കും; ഇല്ലെങ്കിൽ, അയാളുടെ നേരെ

മിന്നൽപ്പിണരുപോലെ ഒരു കോപം മനസ്സിൽ കൂടി പാഞ്ഞുപോകും; നല്ല ആളാണെങ്കിൽ, മറ്റൊരാൾ പറഞ്ഞത് താൻ കേട്ടതിൽ തെറ്റിപ്പോയതാണെന്ന് ദയചെയ്ത് വിചാരിക്കും; എങ്ങിനെയായാലും അതിന്റെ കഥ അവിടെക്കഴിയും.

ii അത്ഭുതസൊള്ളു:—ഇവൻ പച്ചക്കളവിന്റെ മകനാണെങ്കിലും, അവനെക്കാൾ ചമൽക്കാരംകൊണ്ട് ചന്തം കൂടിയവനും, അവനെക്കാൾ മയ്യാദക്കാരനുമാണ്. പറയുന്നത് നേരല്ലെങ്കിലും, നേരായിരുന്നാൽ നന്നായിരുന്നു എന്ന് അവൻ നിങ്ങളെ തോന്നിപ്പിക്കും; നേരായിരിക്കുവാൻ ഇടയില്ലെന്ന് നിങ്ങളെ ശങ്കിപ്പിക്കുകയും ചെയ്യും: അതാണ് അവന്ന് മയ്യാദകൂടുമെന്ന് പറഞ്ഞത്. "പാറപ്പുറത്ത് സഞ്ജയൻ ഇന്നാളൊരു കഥ പറഞ്ഞു; നേരോ കളവോ എന്തോ, ജഗദീശ്വരനറിയാം!" എന്ന മുഖവുരയോടുകൂടിയെ കേട്ട ആളം അതിനെ വീണ്ടും കേൾപ്പിക്കുകയുള്ളു. ഉദാഹരണമിതാ:

"ഇന്നലെ എന്റെ അയൽവക്കുകാരൻ കൃഷ്ണമേനോന്റെ ഭാര്യ പ്രസവിച്ചു. കുട്ടി പെണ്ണാണ്. ഇടത്തെക്കൈക്ക് ആറു വിരലുണ്ടെന്നും, മുതിർന്നാൽ, പെണ്ണായതുകൊണ്ട്, അതിനൊരു പ്രത്യേകമോതിരം വേണമെന്ന് ശഠിക്കുമോ എന്ന് താൻ ഇപ്പോഴത്തന്നെ ഭയപ്പെട്ടുതുടങ്ങിയിരിക്കുന്നു എന്നും മേനോൻ പറഞ്ഞു. മൂപ്പർ ആളം ഒരു നേരമ്പോക്കുകാരനാണ്." എന്ന് ഒരു അത്ഭുതസൊള്ളനോട് ആരെങ്കിലും പറഞ്ഞുവെന്നിരിക്കട്ടെ. ആരംഭിച്ച ഒരു കഥ.

"അയ്യോ, പ്രസവത്തിന്റെ അത്ഭുതങ്ങളെ എന്തൊക്കെയുണ്ട്! ഒരു സ്ത്രീ ഗർഭാസ്സ് എന്നു പറയുന്ന സ്ഥലത്ത്, മൂന്നു പടം വിരുത്തിയാടിയ ഒരു പാമ്പിനെ പ്രസവിച്ചിരിക്കുന്നതായി ഇന്നാളെ 'മണ്ടേ ന്യൂസിൽ' വായിച്ചുവെന്ന് നിങ്ങളെ തന്നെയാണോ പറഞ്ഞത്? നിങ്ങളല്ലെങ്കിൽ ഗോവിന്ദവാരിയർ. രണ്ടിലൊരാളാണ്... നിങ്ങളല്ലേ?.....ശരി.....എന്റെ കുഞ്ഞേച്ചി, പ്രസവത്തിന്റെ ചില സമ്പ്രദായങ്ങളെ,—എന്റെ അനുഭവത്തിൽപ്പെട്ടവ—പറഞ്ഞാൽ നിങ്ങളെ മൂക്കിന്മേൽ വിരൽ വെച്ചുപോകും. പണ്ടൊരിക്കൽ ഞാൻ ചങ്ങലംപരണ്ട എക്സൈസ് ഇൻസ്പെക്ടരായിരിക്കുമ്പോൾ—പെൻഷൻ വാങ്ങുന്നതിന്ന് അഞ്ചു കൊല്ലം മുമ്പാണ്—ഒരു സംഭവമുണ്ടായി. ഞാൻ താമസിച്ച വീട്ടിന്റെ തൊട്ടു കിഴക്കേതിൽ മരിച്ചുപോയ പോലീസ്സക്കിംഗ് ഇൻസ്പെക്ടർ ശങ്കരമേനോന്റെ മകൻ കോമൻനായർ താമസിക്കുന്നുണ്ടായിരുന്നു. ശങ്കരമേനോനെപ്പറ്റി നിങ്ങളം കേട്ടിട്ടില്ലേ? മഹാധോശനായിരുന്നു. ഒരു പൈ അന്യായമായി ആർജിച്ചവനല്ല. എനിക്ക് കഷ്ടിച്ചറിയാം. ഞാൻ കാണുമ്പോൾ മീശ നരച്ചിരിക്കുന്നു. എന്തു ശൂരനായിരുന്നു! ഇപ്പോഴത്തെ ചില ഇൻസ്പെക്ടർമാരെപ്പോലെ, എഴുപതു കഴിഞ്ഞ കിഴവനെ അറസ്റ്റ് ചെയ്യാൻ പോകുമ്പോളും ഗുരുവായൂരമ്പലത്തിലേക്ക് നേച്ചയും കൂട്ടി പുറപ്പെടുന്ന പതിവൊന്നുമല്ല. ബഹു ധീരനായിരുന്നു. കോമൻനായർ അന്ന് പോലീസ് സബ്ബിൻസ്പെക്ടരായിരുന്നു. ശങ്കരമേനോനെപ്പോലെയൊന്നും പോന്നവനല്ല. എങ്കിലും വകതിരിവും തൻറേടവുമുള്ള ഒരുദ്യോഗസ്ഥനായിരുന്നു. ധൈര്യവും കുറവൊന്നുമല്ല. എന്റെ വലിയ ഇഷ്ടനായിരുന്നു. ഞാൻ റിട്ടയർചെയ്ത കൊല്ലം മരിച്ചു.

അങ്ങിനെ, കുഞ്ഞേച്ചി, ഒരു ദിവസം രാത്രി ഞാൻ എന്റെ വീട്ടിൽ കിടന്ന് ഉറങ്ങുകയായിരുന്നു. കാലം തീപ്പോലത്തെ ഒരു മേടം. ആ മേടത്തിൽ ഒരൊറ്റത്തുള്ളി മഴ താഴെ വീണിട്ടില്ല. ഛേ, ഈ മേടം ആ മേടവുമായി ഒത്തുനോക്കിയാൽ ഇത് ധനുവാണെന്നു പറയേണ്ടിവരും. പുറത്തെ വരാന്തയിൽ കേംപ് കോട്ട് ഇട്ട് അതിന്മേലാണ് ഞാൻ കിടന്നിരുന്നത്. ഉറങ്ങാൻ കിടന്നപ്പോഴത്തന്നെ മണി ഒന്നര കഴിഞ്ഞിരിക്കുന്നു.

എനിക്ക് ഉറക്കം പറ്റി, പറ്റിയില്ല എന്ന സ്ഥിതി ആയിട്ടേയുള്ളു. അപ്പോഴേക്കും എന്റെ മുഖത്ത് അതി ശക്തിയോടുകൂടി എന്തോ ഒന്നു വന്നു വീണു. ഞാൻ പകുതി ഓമ്മയോടുകൂടി, പട, പട എന്ന് പിടച്ചു ശബ്ദമുണ്ടാക്കുകയും ഒരു വല്ലാത്ത ശബ്ദം പുറപ്പെടുവിക്കുകയും ചെയ്തു ഒരു സത്വത്തെ മുഖത്തു നിന്നു പിടിച്ചു പറിച്ച് വാരിയെറിഞ്ഞു. താഴത്തു എന്തോ വീഴുന്ന ശബ്ദവും കേട്ടു. പെട്ടെന്ന് ടോർച്ചെടുത്തു കൊളുത്തി നോക്കിയപ്പോൾ, എന്റെ കുഞ്ഞേച്ചി,

ആ വെളിച്ചവും നോക്കിക്കൊണ്ട് ഒരു ജീവി കിടക്കുന്നു!

പക്ഷിയാണ്, ചിറകുണ്ട്. പക്ഷെ വെള്ളത്തിൽ വീണതുപോലെ ആ ജീവി നനഞ്ഞിരിക്കുന്നു. നിറം പച്ച. വലിപ്പം ഒരു വലിയ കാക്കയോളമുണ്ട്. കൊക്ക് താറാവിന്റെ കൊക്കുപോലെ പരന്നിട്ടാണ്. ഇങ്ങിനെയൊരു പക്ഷിയെ ഞാൻ അതിന്നുമുമ്പ് കാഴ്ചബങ്കളാവിൽക്കൂടി കണ്ടിട്ടില്ല. അങ്ങിനെയൊന്നിന്റെ ചിത്രംകൂടി കണ്ടിട്ടില്ല. മിറകുകൾക്കും വിശേഷവിധിയുണ്ട്. കാക്കയുടേതുപോലെ തുവലുള്ളതല്ല, കടവാതിലിന്റേതുപോലെ ഒരു തോൽത്തരമാണ്. കടവാതിലിന്നുള്ളതുപോലെ തലയിൽ പൊന്തിനിൽക്കുന്ന ചെവികളുമുണ്ട്. ഇതൊക്കെ കണ്ടു സഹിക്കാം; അതിന്റെ ശബ്ദം കേട്ടു സഹിച്ചുകൂടാ. ഒരു വല്ലാത്ത ചെവി തുളച്ചുകയറുന്ന ഒച്ച. കുറച്ചുനേരം വെളിച്ചം തുറിച്ചു നോക്കിക്കൊണ്ട് കിടന്നശേഷം അതു സാവധാനത്തിൽ നീങ്ങി, വരാന്തയുടെ വക്കു കവിഞ്ഞപ്പോൾ, മുറ്റത്തു വീഴാതെ മേല്പോട്ടു പറന്നുതുടങ്ങി. ഞാനും മുറ്റത്തിറങ്ങി നോക്കി. വെളുത്ത വാവിന്ന് സമീപിച്ച രാത്രിയിൽ ചന്ദ്രൻ അസ്തമിക്കുവാൻ പോകുന്ന സമയമായതുകൊണ്ട് അതു പറന്നുപോകുന്നത് എനിക്ക് നല്ലവണ്ണം കാണാൻ സാധിച്ചു. മേല്പോട്ടു മേല്പോട്ടു പോയി ഒടുക്കം അത് ഒരു കറുത്ത പുള്ളിയായി മറഞ്ഞു. ഞാൻ നേരം പുലരുന്നതുവരെ അവിടെത്തന്നെ നിന്നു നോക്കി. ഇല്ല. അതു കീഴ്പോട്ടുവന്നിട്ടില്ല. എങ്ങോ പോയി മറഞ്ഞു."

"അതൊരു വല്ലാത്ത അത്ഭുതം തന്നെയല്ലോ!"

"നിങ്ങളം നിൽക്കിൻ: അത്ഭുതം വരുന്നല്ലേയുള്ളു! പിറേറ ദിവസം രാവിലെ കോമൻനായർ വീട്ടിൽ വന്നപ്പോളാണ് വിവരമറിഞ്ഞതത്. അദ്ദേഹത്തിന്റെ ഭാഗ്യത്തിന് മാസം തികഞ്ഞു നിൽക്കുകയായിരുന്നു. തലേദിവസം രാത്രി രണ്ടു മണിക്കാണത്രെ പ്രസവമുണ്ടായത്. പ്രസവിച്ചത് പക്ഷിയെപ്പോലെയുള്ള ഒരു ജീവിയെയായിരുന്നുവെന്നും, ഭൂമി തൊട്ട ഉടനെ ചിറകടിച്ചുകൊണ്ട് വിളക്കു കെട്ടത്ത് തുറന്നു കിടക്കുന്ന അഴിയില്ലാത്ത ജനലിൽക്കൂടി അതു പുറത്തേക്കു പറന്നുപോയെന്നും അദ്ദേഹം പറഞ്ഞു.

പിന്നീട് എന്റെ അനുഭവങ്ങളും ഞാൻ അദ്ദേഹത്തോട് വിവരിച്ചു പറഞ്ഞുകൊടുത്തു. ഇതാ, ഈ വലത്തെ കണ്ണിന്റെ അടിയിലായി നീണ്ട് നേരിയ ഒരു ചുകന്ന വര ഞാൻ റിട്ടയർ ചെയ്ത കൊല്ലംകൂടി ഉണ്ടായിരുന്നു. അന്ന് ആ അത്ഭുതപക്ഷി മുഖത്തുവന്നു വീണപ്പോൾ മാന്തിയതാണ്!"

ഇങ്ങിനെയാണ് അത്ഭുതസൊള്ളന്മാർ സൊള്ളപറയുക. കേൾക്കുന്നവരിൽ അത്ഭുതവും, കഴിയുമെങ്കിൽ കുറച്ചൊരു ഭയവും, ജനിപ്പിക്കണമെന്നേ അവക്ക് മോഹമുള്ളു. അവർ യഥാർത്ഥ കലാകാരന്മാരുടെ വളരെ അടുത്തു നിൽക്കുന്ന പുള്ളികളാണ്. ഈ ജന്മത്തിലെ അത്ഭുതസൊള്ളന്മാരാണ് അടുത്ത ജന്മത്തിൽ കലാകാരന്മാരായിത്തീരുന്നതെന്ന് എനിക്ക് ഒരു 'തിയറി'യുണ്ട്. ഇവരിൽ മിക്കവരും പെൻഷൻ പറ്റി പണിയൊന്നുമില്ലാതെ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാരോ, ചെലവിനേക്കാൾ വരവധികമുള്ള മുരുക്കം ചില മരുമക്കത്തായത്തറവാട്ടുകളിലെ കാരണവന്മാരോ ആയിരിക്കും. എനിക്ക് അവരെ ആകപ്പാടെ ഇഷ്ടമാണ്. സൊള്ളാഞ്ഞെന്ന് ആദ്യത്തെ വാചകം കേൾക്കുമ്പോൾത്തന്നെ മനസ്സിലായാലും, അതു മനസ്സിലായിട്ടില്ലെന്ന് നടിച്ചുകൊണ്ടും, കൃത്യസമയങ്ങളിൽ അത്ഭുതം, ഭയം, ജിജ്ഞാസ, ഉത്കണ്ഠ മുതലായ രസഭാവങ്ങൾ അഭിനയിച്ചുകൊണ്ടും അവർ പറയുന്നത് ഞാൻ ശ്രദ്ധിച്ചു കേൾക്കാറുണ്ട്. തൊഴിലില്ലായ്മയെ മധുരമാക്കുന്ന നേരംപോക്കുകാരാണവർ. ഇടയ്ക്കു തീവണ്ടിയാപ്പീസിലേക്കു പുറപ്പെട്ട നിർഭാഗ്യവാന്റെ വണ്ടി തെറ്റിച്ചുകളയുമെന്നോ അവക്കൊരു പാപമുണ്ടെങ്കിൽ, ഉള്ളു.— പിന്നീട് ആപ്പീസ്സിലോളം പാഞ്ഞ് കിതച്ച് വിയർത്തൊലിച്ച് ആശാഭഗ്നനായി ബ്ലീച്ചുടിച്ചു തിരിച്ചുപോകേണ്ടുന്ന ആവശ്യം നേരിടരുതെന്നു കരുതി, ഞാൻ അത്ഭുതസൊള്ളന്മാരെ യാത്രാരംഭത്തിൽ കണ്ടുപോയാൽ, "വെണ്ണീറും വിറകെണ്ണയും കഴുതയും ചൂലും മുറം ദർഭയും" ഇത്യാദി വചനത്തിലുള്ള ശകുനപ്പിഴകളൊക്കെ ഒന്നായി കണ്ട പഴയ കാരണവന്മാർ മടിക്കാതെ ചെയ്യാറുണ്ടായിരുന്നതുപോലെ, അന്നത്തെ യാത്ര മുടക്കുകയാണ് പതിവ്.

iii. കവിതാസൊള്ളു്. അത്ഭുതസൊള്ളൻ കലാകാരന്റെ വളരെ അടുത്തു് നില്ക്കുന്നവനാണെന്നു പറഞ്ഞുവല്ലോ; പക്ഷെ കവിതാസൊള്ളൻ സാക്ഷാൽ കലാകാരൻ തന്നെയാണു്. അവരെ അധികം കാണുന്നതു് കലാകാരന്മാരുടെ ഇടയിലുമാണു്. അവർ ചിലപ്പോൾ പറയുന്ന സൊള്ളു് അങ്ങിനെതന്നെ പകർത്തി എഴുതി വല്ല മാസികയ്ക്കും അയച്ചുകൊടുത്താൽ തരക്കേടൊന്നുമില്ല. അത്ഭുതസൊള്ളന്റെ സൊള്ളിൽ പ്രധാനവികാരം അത്ഭുതവും ഉപവികാരം ഭയവുമാണെങ്കിൽ കവിതാസൊള്ളിൽ നാനാവികാരങ്ങളുമുണ്ടായിരിക്കും.

അവൻ കഴുതയെ വർണ്ണിച്ചു് കാമധേനുവാക്കും; കറുകപ്പുല്ലിനെ പുകഴ്ത്തി കല്പവൃക്ഷമാക്കും; തിരുത്തിയാട്ടകാവിലെ തിറയെ പെരുപ്പിച്ചു് തൃശ്ശൂർ പൂരമാക്കും. അവന്റെ കൂടെ പന്തൊരിക്കൽ രാമേശ്വരംവരെ, ദൈവഗത്യാ തീർത്ഥയാത്രചെയ്തു്, തിരിച്ചു വരുംവഴിയിൽ പറ്റിയാപ്പീസിൽ വണ്ടിയിറങ്ങിയ കൊക്കൻ പക്ഷിയെപ്പോലെയുള്ള പെണ്ണു് അവന്റെ പിന്നീട്ടുള്ള വിവരണത്തിൽ ഉർവശി, മേനക, രംഭ, തിലോത്തമ എന്നിവരുടെ സൌന്ദര്യസാരസർവ്വസ്വത്തുകൊണ്ടു് ആപാദചൂഡം മധുരയായ നവനീതാംഗിയായി മാറുന്നു. അവനെ നിങ്ങൾ പുച്ഛിക്കരുതു്. അവനെ പുച്ഛിക്കുകയാണെങ്കിൽ, മഹാകവി കാളിദാസനേയും നിങ്ങൾ പുച്ഛിക്കേണ്ടിവരും. അതു വലിയ ഒരു സാഹസവുമായിരിക്കും.

അവന്റെ സൊള്ളിന്റെ ഒരു സാമ്പിൾ നിങ്ങൾക്കു കേൾക്കണ്ടേ?

നിങ്ങൾ പറയുകയാണു്:—"ഞാൻ ഇന്നാലെ കേശവപ്പിള്ളയുടെ ഭാര്യയെക്കണ്ടു. ആയമ്മയുടെ സൌന്ദര്യത്തെപ്പറ്റി കണ്ടവരൊക്കെ വർണ്ണിയ്ക്കുന്നതു ഞാൻ കേട്ടിട്ടേയുണ്ടായിരുന്നുള്ളു. എനിക്കപ്പോൾ അതിൽ വലിയ ഒരു 'ഇൻടറസ്റ്റൊ' തോന്നീട്ടില്ല. ആളുകൾ എന്തും പറയും. വെളുപ്പുനിറമാണു് സൌന്ദര്യമെന്നു തെറ്റിദ്ധരിച്ചിരിക്കുന്നവരാണു് നമ്മുടെ നാട്ടിൽ നൂറിൽ തൊണ്ണൂറൊമ്പതുപേരും. എത്ര വെളുപ്പു് ജാസ്തിയുണ്ടോ, അത്ര സൌന്ദര്യം. കുമ്മായത്തുല്യയാണെങ്കിൽ, രംഭാസമാനയുമായി. തോലിന്റെ വെണ്മ സൌന്ദര്യത്തിനു് പോഷകമല്ലെന്നല്ല ഞാൻ പറയുന്നതു്, കേട്ടോ? പക്ഷെ അതാണു് സൌന്ദര്യമെന്നു പറയുന്നതു് പഞ്ചസാരയുടെ മാധുര്യമാണു് കാപ്പിയുടെ സ്വാദെന്നു പറയുന്നപോലെയാണു്. നിയമേന മാധുര്യം നല്ല കാപ്പിക്കു വേണ്ടതു തന്നെ. പക്ഷെ "ഏ–വൺ" കാപ്പിയാണെങ്കിൽ, പഞ്ചസാരയില്ലാത്തതു്, കഴിക്കുന്നവൻ അറിയുകയില്ല. അതു പറയുന്നതിന്നിടയ്ക്കാണു്. പിള്ളയുടെ ഭാര്യ കറുത്തിട്ടാണെന്നല്ല ഞാൻ പറഞ്ഞുകൊണ്ടുവരുന്നതു്.. ആളുകളുടെ സൌന്ദര്യബോധത്തെ വിമർശിച്ചുറെന്നേയുള്ളു. മിസ്സിസ് പിള്ള വെളുത്തിട്ടതന്നെ. എന്നാലും, മേന്നോ, ഇങ്ങിനെ ഒരു സൌന്ദര്യം ഞാൻ കണ്ടിട്ടില്ല. ആ സ്ത്രീക്കു് മുപ്പതു വയസ്സായതേ. കണ്ടാൽ ഇരുപതു വയസ്സിൽ ഒരൊറ്റ വയസ്സു് അധികം പറയുവാൻ, സത്യമറിഞ്ഞാലും സാധിക്കുകയില്ല."

ഇതെല്ലാം കേട്ടുകൊണ്ടിരുന്ന കവിതാസൊള്ളൻ ചെറിയ ഒരു മന്ദസ്മിതത്തോടും, നേരിയ നെടുവീർപ്പോടും കൂടി, വിദൂരാന്തരിക്ഷത്തിൽ പതിയടഞ്ഞ കണ്ണുകളുടെ നോട്ടമുറപ്പിച്ചു് ഇങ്ങിനെ സ്മരിക്കുന്നു:

"പിള്ളയുടെ ഭാര്യയെ ഞാനും കണ്ടിട്ടുണ്ടു്. സുന്ദരി തന്നെയെന്നു സമ്മതിക്കണം. അങ്ങിനെയൊരു സ്ത്രീ തീച്ചയായും ഈ ചങ്ങലംപരണ്ടയിലില്ല.....പക്ഷെ ഞാൻ സ്ത്രീകളുടെ സൌന്ദര്യം വർണ്ണിച്ചുകേൾക്കുമ്പോളൊക്കെ പന്തൊരിക്കൽ—1925 ഡിസമ്പരിൽ—നടന്ന ഒരു സംഭവം ആലോചിക്കാറുണ്ടു്.

നന്മ്യാരേ, നിങ്ങൾ "ഭാര്യാ രൂപവതീ ശത്രുഃ" എന്ന ഒരു വാക്യം കേട്ടിട്ടുണ്ടോ? സുന്ദരിയായ ഭാര്യ ശത്രുവാണു് എന്നാണതിന്റെ അർത്ഥം. കാരണം? അവളുടെ സൌന്ദര്യം ഇന്നല്ലെങ്കിൽ നാളെ കണ്ണുള്ളവനെ ആകർഷിക്കാതിരിക്കില്ല. അതിന്നാരെയും കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ചിലപ്പോൾ പരിതഃസ്ഥിതികളുടെ സൌകര്യത്താൽ, മറ്റു പല കാരണങ്ങളുടെയും സന്നിപാതത്താൽ, ഈ ആകർഷണം പരിചയത്തിലും, പ്രേമത്തിലും, പല വഴിക്കുമുള്ള തെറ്റിദ്ധാരണകളിലും കലാശിച്ചുവെന്നും വരും. ഇതൊക്കെ ലോകത്തിൽ സാധാരണയാണു്.....

പക്ഷെ, നമ്മ്യാരെ, സാധാരണ സൌന്ദര്യത്തിന്റെ കാര്യത്തിൽ ഇതൊക്കെ കാലാന്തരത്തിൽ, പരിചയാധിക്യത്തോടുകൂടി, സാവധാനത്തിൽ വരുന്ന സംഭവങ്ങളായിരിക്കും. അവയുടെ ഫലങ്ങളും അങ്ങിനെ തന്നെ സാവധാനത്തിൽ പ്രത്യക്ഷപ്പെടുന്നവയായിരിക്കും.

എന്നാൽ കണ്ട ഉടനെ നോക്കുന്നവന്റെ കണ്ണിൽ മിന്നൽപ്പിണരുപോലെ അടിച്ച്, അവന്റെ നില തെറ്റിച്ച്, നയാഗറ ജലപാതത്തിന്റെ നേരെ മുകളിൽ കാലുതെറ്റി വീണവനെയെന്നപോലെ അവനെ ഒരൊറ്റ വലിക്ക് വികാരവിപ്ലവത്തിന്റെ അഗാധതയിലേക്ക് എടുത്തെറിഞ്ഞു കളയുന്ന ഒരുതരം സൌന്ദര്യം നിങ്ങൾക്ക് ഉദാഹരിയ്ക്കാമോ? ക്ലിയോപ്പാറ്റ്റയെ സീസർ ഒരു നോക്കേ നോക്കിയിരുന്നുള്ളുവത്രെ. .....തിലോത്തമയെ സുന്ദോപസുന്ദന്മാർ കണ്ട ഉടനെ അവരുടെ അഭേദ്യമായ പൂർവ്വസഖ്യം പൊട്ടിച്ചിന്നിച്ചിതറിപ്പാറിപ്പറന്ന് കാണാതായിപ്പോയത്രെ.....

മദിരേക്ഷണയുടെ സൌന്ദര്യം ലഹരിപദാർത്ഥങ്ങൾപോലെയാണ്, നമ്മ്യാരെ. ഒരു കൂപ്പി മുഴുവൻ കുടിച്ചാലും തലയ്ക്ക് നേരിയ ഒരു ലഹരി മാത്രം പിടിപ്പിക്കുന്ന വെറും മുന്തിരിസത്ത്പോലെയുള്ളവയുണ്ട്; നാലു തുള്ളികൊണ്ട് നിലംപതിപ്പിക്കുന്ന അഫീൻസത്തുപോലെയുള്ളവയുമുണ്ട്. രണ്ടാമതു പറഞ്ഞ വകുപ്പിലുള്ള ഒരു സൌന്ദര്യം ഞാൻ കണ്ടത്. ആ മറക്കുവാൻകഴിയാത്ത ഡിസംബറിലായിരുന്നു. ഞാൻ മദ്രാസിൽനിന്ന് മലബാറിലേക്കു മടങ്ങുകയാണ്. വണ്ടി ആക്കോണം ആപ്പീസിലെത്തിയപ്പോൾ ഞാൻ പ്ലാറ്റ്ഫോറത്തിൽ ഇറങ്ങി വല്ല പരിചയക്കാരും മദ്രാസിൽനിന്ന് ഞാൻ കയറിയതിന്നു ശേഷം ഏതെങ്കിലും വണ്ടിയിൽ കയറീട്ടുണ്ടായിരിക്കുമോ എന്നു പരിശോധിപ്പാൻ കമ്പാർട്ടുമെണ്ടുകളെ നോക്കിക്കൊണ്ട് നടക്കുകയായിരുന്നു. അങ്ങിനെ നടക്കുമ്പോൾ ഒന്നാംക്ലാസുമുറികളിലൊന്നിൽ ഒരുമുഖം കാണപ്പെട്ടു. അതു കണ്ട ഉടനെ എനിക്കുണ്ടായ അനുഭവം ഹൃൽസ്പന്ദനം നിന്നുപോയതാണ്. യഥാർത്ഥഹൃൽസ്പന്ദനംനിൽക്കുകയില്ലെന്നും വികാരങ്ങളുടെ ആകസ്മികനിപാതത്തിൽ അങ്ങിനെ തോന്നുന്നതാണെന്നും വൈദ്യശാസ്ത്രം പറയുന്നു. ഇരിക്കട്ടെ. എന്നാൽ അങ്ങിനെ എനിക്കു തോന്നിയെന്നു വെച്ചോളിൻ.

ഞാൻ സ്തംഭിച്ചുപോയി. എന്റെ കാലടി മുന്നോട്ട് നീങ്ങുന്നില്ല. ആളകലം അങ്ങോട്ടുമിങ്ങോട്ടും ഭ്രാന്തിളകിയപോലെ പായുന്നുണ്ട്. ഞാൻ അതൊന്നും കാണുന്നില്ല. എന്റെ ചെവികളിൽ നിരർത്ഥകമായ ഒരു മുഴക്കമേ ഉണ്ടായിരുന്നുള്ളു. അതിലിടക്ക് ഒരു കാഠിയപ്പ്മാകാരൻ എന്റെ നെഞ്ഞോടുവന്നു മുട്ടി, തമിഴിൽ എന്നെ കുറെ ശകാരിച്ച്, എങ്ങോ പോയി.

ഞാൻ ആ മുഖം തന്നെ നോക്കിനിന്നു. അതും പ്ലാറ്റ്ഫോറത്തിലേക്കു നോക്കുകയാണ്. നമ്മുടെ ഹേറോയിൽകാർക്കുടി വരയ്ക്കുവാൻ ധൈര്യപ്പെടാത്ത വിധത്തിൽ നീണ്ടിരുണ്ടുചുരുണ്ട് കെട്ടഴിഞ്ഞു കുറച്ചിഴകളും തോളത്തുകൂടിമാറത്തും, ബാക്കി പുറത്തും കിടന്ന ആ തലമുടി—വണ്ടിയിലെ ഇലക്ട്രിക്ക് വെളിച്ചത്തിൽ പ്രഭാതതാരങ്ങളെപ്പോലെ മിന്നിക്കൊണ്ടിരുന്ന ആ കണ്ണുകൾ—കുറച്ചൊന്നു വികസിച്ചുനിന്ന ആ പവിഴച്ചുണ്ടുകളുടെ നാലുപുറവും വ്യാപിച്ച മന്ദസ്മിതപ്രകാശം— ഇവയെ ഊർദ്ധ്വൻ വലിക്കുമ്പോഴും ഞാൻ ഓർക്കാതിരിക്കയില്ല.

ഞാൻ അങ്ങിനെ മതിമറന്ന് എത്രനേരം നിൽക്കുമായിരുന്നു എന്ന് എനിക്കു പറയുവാൻ കഴിയുകയില്ല. ഒരുപക്ഷെ ആ വണ്ടിക്ക് ഞാൻ മലബാറിൽ എത്തുകയില്ലായിരുന്നു; എന്നെ പ്ലാറ്റ്ഫോറത്തിൽ വിട്ട വണ്ടി നീങ്ങുമായിരുന്നു. പക്ഷെ അപ്പോഴെക്കും ഒരു സംഭവമുണ്ടായി. എന്നെ ഊക്കിൽത്തള്ളിനീക്കിക്കൊണ്ട് ഒരു വിപാൻ കൊടുങ്കാറ്റുപോലെ മുന്നോട്ട പാഞ്ഞു വണ്ടിയുടെ വാതിൽ പിടിച്ചുവലിക്കുന്നതു ഞാൻ കണ്ടു. ഞാൻ കുറച്ചൊരു കോപത്തോടും അത്ഭുതത്തോടുംകൂടി നോക്കി. അയാളും ഒരു യൂറോപ്യനായിരുന്നു. കണ്ടാൽ നല്ല ബലവാൻ. ചെറുപ്പം. അയാൾക്ക് വണ്ടിയുടെ വാതിൽതുറക്കുവാൻ കഴിഞ്ഞില്ല. ഞാൻ കുറച്ചുകൂടി അടുത്തുചെന്നു. അപ്പോഴെക്കും വണ്ടിയിൽനിന്നു ഇംഗ്ലീഷിൽ ഇതു റിസർവു ചെയ്തിരിക്കുന്നു" എന്ന് പല്ലടം സഞ്ജീവറാവുവിന്റെ ഹ്ലാട്ടുകൂടി ലജ്ജിക്കുന്ന സ്വരത്തിൽ ഒരു വാചകം കേട്ടു. സായ്പിന്റെ ഉടുപ്പുകൊണ്ടും, കയ്യിലേലും മറവും പച്ച

കൂത്തിയ സമ്പ്രദായംകൊണ്ടും അയാൾ ഒരു പട്ടാള ഉദ്യോഗസ്ഥനാണെന്നെനിക്കു മനസ്സിലായി. ആ വിദ്വാൻ അകത്തുനിന്ന് പറഞ്ഞത് കേട്ടതേയില്ല. കേട്ടുവെങ്കിൽ അയാൾ കേട്ടതായി നടിച്ചില്ല. വണ്ടിച്ചുവിട്ടിട്ടുമേൽ കയറി ജനലിൽക്കൂടി അകത്തു കടക്കുവാൻ ശ്രമിക്കുകയാണയാൾ ചെയ്തത്. ഉടനെ വണ്ടിക്കിടക്കയിന്മേൽനിന്ന് ഒരു കിഴവൻ പാർസി എഴുന്നേറ്റ് സായ്പിനെത്തള്ളി പുറകോട്ടാക്കുവാൻ ശ്രമിക്കുന്നതു കണ്ടു. എന്തിനധികം? രണ്ടേരണ്ടു സെക്കൻറുകൊണ്ട് കലാപമായി. ഗാർഡെത്തി. പോലീസ്സെത്തി. തമിഴിലും, തെലുങ്കിലും, ഇംഗ്ലീഷിലും, മലയാളത്തിലുമുള്ള ഭോദ്യങ്ങളുടെയും ഉത്തരങ്ങളുടെയും ഒരു ചുഴലിക്കാറ്റിൽ എൻറെ ചെവിയടഞ്ഞുപോയി. സായ്പിനെ പലരുംകൂടി ബലമായി പിടിച്ചൊതുക്കിനിത്തി. വേറെ രണ്ടു യൂറോപ്യൻ പട്ടാള ഉദ്യോഗസ്ഥന്മാരാണ് ആയാളെ പിന്നിൽനിന്നു പുറകോട്ടു പിടിച്ചു നിത്തിയത്. ആ മനുഷ്യൻറെ മുഖം ഞാൻ ഇപ്പോഴും കാണുന്നപോലെയുണ്ട്. കണ്ണുകൾ ഗ്ലാസുപോലെ ചൈതന്യമില്ലാതെ തുറിച്ചുനില്ക്കുന്നു. നെറ്റിമേൽ ഞരമ്പുകൾ അരയാലിൻറെ വേരുകൾപോലെ പിടിച്ചു പൊങ്ങിക്കാണാനുണ്ട്. അല്പനേരത്തെ പിടിയും വലിയും കഴിഞ്ഞപ്പോൾ ആ മനുഷ്യൻ ശാന്തനായി. ഉടനെ ബോധം വീണപോലെ അയാൾ ഒരു കൈകൊണ്ട് കണ്ണുപൊത്തി–"മനുഷ്യ, ദൈവത്തെ വിചാരിച്ച്, ആ വണ്ടിയുടെ ജനലടക്കാൻ പറയൂ! എനിക്കതു കാണാൻ വയ്യ! ഞാൻ ആരെയെങ്കിലും കൊല്ലും!" എന്നു നിലവിളിച്ചു. ഞങ്ങളെല്ലാം വിചാരിച്ചു അയാൾ കടിച്ചിട്ടുണ്ടെന്ന്. ഗാർഡ് അതിനെപ്പറ്റി അയാളുടെ സ്നേഹിതന്മാരോടു ചോദിച്ചു. അവർ പറയുകയാണ്: "ഇല്ല; ജിം ഒരൊറ്റത്തുള്ളി കഴിച്ചിട്ടില്ല. ഞങ്ങൾ ഒരുമിച്ച് ഡ്രിങ്ക് ഓർഡർ ചെയ്ത് റിഫ്രഷ്മെണ്ടു റൂമിൽ നില്ക്കുമ്പോഴാണ് ഈ സംഭവമുണ്ടായത്. ഇങ്ങിനെയൊന്നു കാണുന്നതാദ്യമാണ്"

ഞാൻ വണ്ടിയുടെ നേരെ നോക്കി. അതിൻറെ ജനലുകൾ അടച്ചിരുന്നു. ഞാൻ എൻറെ കമ്പാർട്ടുമെണ്ടിലേക്ക് തിരിച്ചുപോകുന്ന വഴിക്ക് റിഫ്രഷ്മെണ്ടു റൂമിലേക്കും ഒന്നു നോക്കി. സായ്പന്മാർ പറഞ്ഞതു നേരാണ്: മൂന്നു ഗ്ലാസുകളിൽ വിസ്കിയൊഴിച്ചു മേശപ്പുറത്തു വെച്ചിട്ടുണ്ട്. തുറക്കാത്ത മൂന്നു കുപ്പി സോഡകളും അവിടെയുണ്ട്.

ഡിസമ്പർ മാസമാണ് കേട്ടോ, നമ്പ്യാരെ! ഈ മേടമായിരുന്നെങ്കിൽ സായ്പിനു "ഉഷ്ണരശ്മി" തട്ടിയെന്നു പറയാമായിരുന്നു. ആ സാധുമനുഷ്യന് പറ്റിയത് അതൊന്നുമല്ല. അത് അവക്കാക്കും മനസ്സിലായിട്ടില്ല. എനിക്കു മനസ്സിലായിരിക്കുന്നു. ഞാൻ അതിൻറെ വളരെ അടുത്തായിരുന്നു. അയാളുടെ തലയുടെ ലക്ഷണത്തെറ്റിച്ചത് സൌന്ദര്യലഹരിയായിരുന്നു!

പിറേറദിവസം കാലത്ത് വണ്ടി പോത്തനൂരിലെത്തിയപ്പോൾ ഞാൻ ഞെട്ടിയുണർന്ന് തലേദിവസത്തെ ആ മോഹനരൂപത്തെ ഒരു തവണകൂടിക്കാണാമെന്നു വിചാരിച്ച് പ്ലാറ്റഫോറത്തിലിറങ്ങി പ്രസ്തുത ഒന്നാംക്ലാസു മുറിയുടെ അടുത്തു ചെന്നപ്പോൾ അതു പ്രാവു വെടിഞ്ഞ കൂടുപോലെ ശൂന്യമായിക്കണ്ടു. ആ മനുഷ്യരൂപമെടുത്ത അപ്സരസ്സ് വഴിയിലെവിടെയോ ഇറങ്ങിയിരിക്കണം; മറേറതോ ലയനിലെക്ക് തിരിഞ്ഞിരിക്കണം.....

വായനക്കാരേ, ഇങ്ങിനെയൊരു സംഭവം നടന്നിട്ടില്ല. നമ്മുടെ സാക്ഷാൽ കവിതാസൊള്ളൻ കഷ്ടിച്ച് ആ റെയിൽവെയാത്രയിൽ സാമാന്യം കണ്ടാൽ ഭേദമായ ഒരു പാർസിസ്ത്രീയെ കണ്ടിരിക്കണം; ഒരു വേള പോകുന്നപോക്കിൽ അവളെ ഒന്നു തുറിച്ചുനോക്കിയ ഒരു സായ്പിനെയും കണ്ടിരിക്കണം. അത്രതന്നെ.

പക്ഷെ ഈ സൊള്ളാണ് കല. അനുഭവത്തിൻറെ ഒരു തുള്ളി കലാകാരൻറെ ഭാവനയിൽ വർദ്ധിച്ച് വർദ്ധിച്ച് ഒരു മഹാനിർഝരമായിത്തീരുന്നു. അവൻറെ വാസനപോലെയിരിക്കും അതിൻറെ ശക്തിയും, കാന്തിയും, വ്യാപ്തിയും, നിലനിൽപ്പും.

അതുകൊണ്ടാണ്, സൊള്ളന്മാരെയൊക്കെ ഒരൊറ്റ ക്ലാസിൽപ്പെടുത്തി തള്ളിക്കളഞ്ഞെന്ന് ഞാൻ വ്യവഹരിക്കുന്നത്.

[മറെറ സൊള്ളന്മാരുടെ ചിത്രചരിത്രങ്ങൾ യഥാക്രമം "സഞ്ജയൻ" പ്രസിദ്ധപ്പെടുത്തുന്നതാണ്]

"സ്വ. ലേ."

രണ്ടും ബീജാക്ഷരങ്ങളാണ്. ബീജാക്ഷരങ്ങൾക്കു മന്ത്രങ്ങളിൽ മാത്രമല്ല ശക്തിയുള്ളത്. അറിയാതെ ഉച്ചരിച്ചുപോയാലും അവക്കു ശക്തിയുണ്ട്. "സ്വ" എന്നതിനു്, പിടിക്കു പിടിക്കു, കടിക്കു കടിക്കു, കൊല്ലു കൊല്ലു, എന്നൊക്കെ അർത്ഥമുണ്ടാവാം. ശ്രുനകന്മാക്കു മനസ്സിലാകുന്ന ബീജാക്ഷരമാണത്. "സ്വ സ്വ" എന്നു പറഞ്ഞാൽ "കുരച്ചു് ഓടിച്ചെല്ലണം" എന്ന അർത്ഥമെങ്കിലും ധരിക്കാത്ത നായ്ക്കൾ നാലുകാലിൽ നടക്കുന്നവയായി ജനിച്ചിട്ടില്ല. "ലേ" ഏതു ഭാഷയാണെന്നു നല്ല നിശ്ചയമില്ല. അറബിഭാഷയായിരിക്കാനാണ് അധികം സംഗതിയുള്ളതു്. മുസ്ലിങ്ങളാണ് അതു സാധാരണയായി ഉപയോഗിക്കുന്നതു്. ഹിന്ദുക്കളുടെ "റാൻ" എന്നതിന്റെ മുസ്ലിം പയ്യായമാണത്. കൊച്ചി മഹാരാജാവോ, തിരുവിതാംകൂർ മഹാരാജാവോ, "നാർണാ" എന്നു വിളിച്ചാൽ നാരായണൻനായർ "റാൻ" എന്നു പറയണം. അറക്കൽ സുൽത്താൽ "മൊയ്ലീനെ" എന്നു വിളിച്ചാൽ മൊയ്ലീൻ ഓടിച്ചെന്നു "ലേ!" എന്നു പറയണം. ആ കാര്യം ആലോചിച്ചാൽ "റലയോരഭേദഃ."

ഇങ്ങിനെ "സ്വ" കല്പന; "ലേ" അനുസരണം. കല്പനയും അനുസരണവും രണ്ടും അടങ്ങിയ ബീജാക്ഷരങ്ങളാണ് "സ്വ. ലേ." പത്രാധിപന്മാരുടെ കല്പനയനുസരിച്ചു ലേഖകന്മാർ എഴുതുന്നതാണ് എന്നു കാണിക്കാനാണ്, ചില ലേഖങ്ങളുടെയും വർത്തമാനക്കത്തുകളുടെയും ആദ്യം "സ്വ. ലേ" എഴുതുന്നതെന്നു് ഇപ്പോഴും മനസ്സിലായിരിക്കുമല്ലോ.

സ്വ. ലേ.ക്കു പല സൌകര്യങ്ങളും അധികാരങ്ങളും ഉണ്ട്. ഇല്ലാത്തതിൽനിന്നു വല്ലതും ഉണ്ടാക്കാൻ ബ്രഹ്മാവിനെ കഴിച്ചാൽ പിന്നെ സ്വ. ലേ.ക്കെ ശക്തിയുള്ളൂ. ഉള്ളതിനെ ഇല്ലാതാക്കാൻ മഹേശ്വരനെ കഴിച്ചാൽ പിന്നെ ശക്തിയുള്ളതും സ്വ. ലേ.ക്കു മാത്രമാണ്.

സഭകളിൽ ക്ഷണനക്കത്തില്ലാതെയും നാടകാടികളിൽ ടിക്കറ്റു വാങ്ങാതെയും മാന്യസ്ഥാനങ്ങളിൽ കയറിയിരിക്കാൻ സ്വ. ലേ.ക്ക് അധികാരമുണ്ട്. അമ്പതാളുകൾ ഉള്ള സഭ അയ്യായിരം ആളുകൾ ഉള്ളതാക്കാനും, ആയിരം ആളുകളെ വെട്ടിച്ചുരുക്കി ഇരുപതാക്കാനും സ്വ. ലേ.ക്കു സാധിക്കും. റാവുബഹദൂർ, റാവുസാഹിബ്, എന്നിങ്ങിനെയുള്ള സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കാനുള്ള അധികാരം ഗവർമ്മെണ്ടിൽനിന്നു സ്വ. ലേ. കൈവശപ്പെടുത്താൻ ഇതുവരെ ശ്രമങ്ങളൊന്നും ചെയ്തിട്ടില്ല. എന്നാൽ, ശ്രീമാൻ, ശ്രിയുത്, ശ്രീജിത്.....അവർകൾ, മ. രാ. രാ.....അവർകൾ, എന്നിങ്ങിനെയുള്ള ബഹുമാനങ്ങൾ ഇഷ്ടംപോലെ നൽകാനും വെറും "മി" യാക്കാനും സ്വ. ലേ.ക്കു അധികാരമുണ്ട്. ആരു മരിച്ചാലും, സ്വ. ലേ. നിർവ്വാജം വ്യസനിക്കും, കുടുംബങ്ങളോടു് അനുശോചിക്കും; മരിച്ച ആളുടെ ആത്മാവിനു നിത്യശാന്തി ആശംസിക്കും. ചത്താലും പെറ്റാലും മുനിസിപ്പാലിട്ടികളിൽ അല്ലെങ്കിൽ അംശം അധികാരിയെ അറിയിക്കണം. സ്വ. ലേ.ക്കു അതു പോരാ. ചത്താലും പെറ്റാലും വേട്ടാലും അയാളം അറിയണം. തരംപോലെ അതു രേഖപ്പെടുത്തുകയും ചെയ്യും.

സ്നേഹിതന്മാരെ സ്തുതിക്കാൻ സ്വ. ലേ. അറിയുംപോലെ മറ്റാരും അറികയില്ല. വ്യക്തിപരമായ വൈരമുള്ളവരോടു് ഒളിഞ്ഞും തെളിഞ്ഞും പ്രതികാരം ചെയ്യാൻ സ്വ. ലേ.ക്കുള്ള സൌകര്യം അസൂയപ്പെടത്തക്കതാണ്. അതു അദ്ദേഹം ഭംഗിയിൽ ഉപയോഗിക്കുകയും ചെയ്യും.

മുണ്ടും, കുടുക്കിടാത്ത ഷർട്ടും, ഒരു വേഷ്ടിയും, ധരിച്ചു്, ഷർട്ടിന്റെ കീശയിൽ കുറെ കടലാസ്സും നിറച്ചു്, അവയെ ബന്ധിക്കാതെന്നപോലെ ഒരു ഫൌണ്ടൻപേന തിരുകി, കയ്യിൽ കുറെ വൃത്താന്തപത്രങ്ങളുടെ അടുത്ത അവസരത്തിലെ പ്രതികം പിടിച്ചു്, "എന്നോടു കളിക്കണ്ടാ" എന്ന അർത്ഥം സ്ഫുരിക്കുന്ന മന്ദഹാസത്തോടുകൂടി, സഭകളിൽ കയറിച്ചെന്നു, "എന്നെ ക്ഷണിച്ചിരുത്തുമോ എന്നു നോക്കട്ടെ" എന്ന ഭാവം അഭിനയിച്ചു്, നില്ക്കുന്ന വല്ലവരെയും കടന്നു പിടിച്ചോളൂ; എന്നാൽ സ്വ. ലേ. യെ പിടിച്ചുവെന്നു് തീർച്ചയാക്കാം. അവരുടെ സംഖ്യ വർദ്ധിക്കുന്നു.

—വജ്രസൂചി.

മി: പാലാട്ട് നിന്നില്ലെങ്കിൽ—.

മുഖവുര.

പ്രഖ്യാതമായ മലബാർ ഡിസ്ട്രിക്ട് ബോഡ് ഭരണം ഹേതുവായി നിസ്സാർത്ഥിയായ ഒരു രാജ്യസേവകന്റെ നിലയിലും, അതിനിപുണനായ ഒരു ഭരണാധികാരിയുടെ നിലയിലും പ്രശസ്തനായിക്കഴിഞ്ഞ മി: ആർ. എം. പാലാട്ട് ഒരു ലെജിസ്ലേറീവ് കൌൺസിൽ സ്ഥാനാർത്ഥിയായി അടുത്ത തവണയും തിരഞ്ഞെടുപ്പിന്ന് നിൽക്കുമെന്നറിഞ്ഞ് പി. എസ്സ്. സന്തോഷിക്കുന്നു. അതു വലിയ നിലയിലല്ലെങ്കിലും, ഒരെളിയ നിലയിൽ, സഞ്ജയനും വേറൊരു ഭരണസഭയിലേക്ക് ഒരു സ്ഥാനാർത്ഥിയാണ്. അതിനെസ്സംബന്ധിച്ച് അധികവിവരം ഇന്നെത്തെ മുഖപ്രസംഗത്തിലുണ്ട്. ഈ സംഗതിയാലോചിക്കുമ്പോൾ, "അടിയനും ഒടുമീകാമുകൻ തന്നെ" എന്ന് പി. എസ്സിന്നും പറയാം. അതിലിടക്ക് ചിലർ മി: പാലാട്ട് നിൽക്കുന്നില്ലെന്നും പറഞ്ഞു കേട്ടു. അങ്ങിനെ വന്നാൽ അതു വലിയ കഷ്ടമായിരിക്കും: പി. എസ്സ്. വ്യസനിക്കും; മലബാർ കരയുകതന്നെ ചെയ്യും. എങ്ങിനെ കരയുമെന്ന് ഒരു പാട്ടിൽ താഴെ വിവരിക്കുന്നു. പാട്ട് വളരെ നന്നായിട്ടുണ്ടെന്ന് തൽകർത്താവുതന്നെ അഭിമാനിക്കുന്നില്ല. ഈ വിവരം കേട്ടപ്പോളുണ്ടായ മനസ്സിന്റെ ബോജാവുകൊണ്ട് എഴുതിപ്പോയതാണ്. അതുമല്ല: അതെഴുതിയത് മഹാകവി വള്ളത്തോളോ മഹാകവി ഉള്ളൂരോ ഒന്നുമല്ലല്ലോ; വെറുംകവി പാറപ്പുറത്തല്ലേ? അതാലോചിക്കണ്ടേ? അതുകൊണ്ട്, അതിൽ കവിതാഗുണം പോരാത്ത കാരണത്തിന്മേൽ, മി: പാലാട്ട് പി. എസ്സിന്റെ നേരെ മുഷിയുകയില്ലെന്ന് വിശ്വസിക്കുന്നു. ഒരു ശ്രുതിപ്പെട്ടിയെങ്കിലും ഇല്ലാതെ ഈ പാട്ട് ആരും പാടി വഷളാക്കരുതെന്നും പി. എസ്സ്. അഭ്യർത്ഥിക്കുന്നു. "ആണ്ടിപ്പണ്ടാരം—ഉണ്ണൈ—ഖേണ്ടിക്കൊണ്ടേനേ!" എന്ന മട്ടിലോ, "ആട്ടെ, കിട്ടേട്ടാ!—നിങ്ങള്—വന്നോ കിട്ടേട്ടാ?" എന്ന മട്ടിലോ ഇത് പാടാവുന്നതാണ്. ഇതുയും മുഖവുര. പാട്ട് ഇതാ:—

രാഗം—മട്ടുപോലെ.
താളം—വീണപോലെ.

പല്ലവി.

ആട്ടെ, പാലാട്ടേ!—നിങ്ങള്
നിന്നോ പാലാട്ടേ?

ചരണങ്ങൾ.

ചെന്താമരൈ മുകനേ! ഡി. ബോ.
പ്രസിഡെണ്ടരേ!
സന്താപമിന്തമട്ടിലെന്തയ്യോ ചേർത്തു ഭവാൻ?
—ആട്ടെ, പാലാട്ടേ!.....
വല്ലതും രണ്ടു ഞായം നി. നി. സ. യിൽ
പ്പറവാൻ
വല്ലഭമുള്ളവരിലൊന്നാമനുണ്ടല്ലീ?
—ആട്ടെ, പാലാട്ടേ!.....
പാലം കുലുങ്ങിയാലും (ധീരനാം
കേളനെപ്പോൽ)
ചാലേ കുലുക്കമെന്യേ നില്പും പ്രസിഡെണ്ടരേ!
—ആട്ടെ, പാലാട്ടേ!.....
അങ്ങുന്ന് നിൽക്കുമെന്നായ്, അങ്ങുന്ന്
പോകുമെന്നായ്,
അങ്ങുന്ന് മന്ത്രിപദം മങ്ങാതെ കേറുമെന്നായ്,
—ആട്ടെ, പാലാട്ടേ!.....
ആശിച്ചുവാണവരെ—വാശി പറഞ്ഞവരെ—
കാശിനുമോഹിയ്ക്കാതെ ക്ലേശംസഹിച്ചവരെ—
—ആട്ടെ, പാലാട്ടേ!.....
ബ്ലീച്ചടിപ്പിക്കുവാനായ് തോന്നിയതെത്രകഷ്ടമീച്ചെയ്തി, കൊള്ളരുതേ, ഡി. ബോ.
പ്രസിഡെണ്ടരേ!
—ആട്ടെ, പാലാട്ടേ!.....

—പി. എസ്സ്.



തട്ടം കൊട്ടമടിയും.

അത തടിന്ന് ഇന്ന എണിയും ഉന്നുവടിയും മതിയായേക്കാം; പക്ഷെ, മറേറ കൊട്ടമുടിക്കോ?

പാചകപുസ്തകം.

ചില പുതിയ വെപ്പുമുറകൾ. *

1. പീടികച്ചായ:

ചില പാചകഗ്രന്ഥങ്ങളിൽ ചായ തയാറാക്കുവാനുള്ള വിധി വിവരിച്ചുകാണുന്നു. പക്ഷെ ഈ വിധിപ്രകാരം ചായ തയാറാക്കിത്തുടങ്ങിയാൽ കോപ്പക്ക് അരയണ വിലയായി ചായ വിൽക്കുന്ന നമ്മുടെ ക്ലബ്ബ്കാക്ക് ഓരോ കോപ്പയിൽനിന്നും രണ്ടു പൈയിലധികം ആദായമുണ്ടാവുകയില്ല. അവരുടെ ഇപ്പോഴത്തെ തോതുപ്രകാരം ഒരു കോപ്പയിൽനിന്ന് അഞ്ചു പൈ ആദായമുണ്ടാക്കണമെങ്കിൽ ഒരു പ്രത്യേകരീതിയിൽത്തന്നെ ചായ ഉണ്ടാക്കണം. ഇത് സാർവീസുള്ള കടയ്ക്കാക്ക് സുപരിചിതമാണെങ്കിലും, പുതുതായി ക്ലബ്ബ്കാരം തുടങ്ങുവാൻ ഉദ്ദേശിക്കുന്നവർ കുഴങ്ങിപ്പോകുന്നു. പാചകചിന്താമണിയിലോ, ആയ്ഭക്ഷ്യപാകവിധിയിലോ, ഖനാകിത്താബിലോ ഒന്നുംതന്നെ ഈ സമ്പ്രദായം വിവരിയ്ക്കപ്പെട്ടിട്ടില്ല; പഴയ ചായക്കടക്കാർ കൊന്നാലും പുതിയവക്ക് ഈ രഹസ്യം പറഞ്ഞുകൊടുക്കുകയുമില്ല. അതുകൊണ്ട് അത്തരം പുതുമക്കാരുടെ സൌകര്യത്തെ ഉദ്ദേശിച്ചുമാത്രമാണ് പീടികച്ചായയുടെ നിർമ്മാണവിധി ഇവിടെ വിവരിക്കപ്പെടുന്നത്.

ഒരു കോപ്പ ചായക്ക്:—തിളയ്ക്കുന്ന വെള്ളം കോപ്പ 1; ആട്ടിൻപാൽ, പശുവിൻപാൽ, എരുമപ്പാൽ ഇവയുടെ മിക്സ്ചറിൽ നാലിരട്ടി വെള്ളം ചേർത്തു കുറുക്കി മൂന്നിരട്ടിയാക്കിയ പാൽ ടേബിൾസ്പൂൺ 1; പഞ്ചസാര ടീസ്പൂൺ 2; അനവധി പ്രാവശ്യം ഉപയോഗിച്ചും ഉണക്കിയും സൂക്ഷിച്ച ചായച്ചണ്ടി ടീസ്പൂൺ 2; കൊക്കും മൂടിയുമുള്ള ടിൻപാട്ട 1; വലിയ ഇനാമൽ ടംബ്ലർ 2; നീണ്ട സ്പൂൺ 1; അരിപ്പക്കോരിക 1; അതിന്റെ കമ്പിവല കീറിയ ദോഷം പരിഹരിപ്പാൻ വൃത്തികെട്ട ശീലക്കഷണം 1; കോപ്പ 1; സോസർ 1. (കോപ്പക്കും സോസറിനും പകരം ഒരു ഗ്ലാസ്ടംബ്ലറായാലും മതി.)

നിർമ്മാണക്രമം: ചായച്ചണ്ടി ടിൻപാട്ടയിലിട്ടു മീതെ തിളച്ച വെള്ളമൊഴിച്ചു മൂടികൊണ്ട് ഭദ്രമായി അടച്ചുവെക്കുക. അനന്തരം ചായ കുടിപ്പാൻ വന്ന ആളുടെ മേശപ്പുറത്തുനിന്ന് പഴത്തൊലി, അപ്പക്കഷണങ്ങൾ (മിലിട്ടറി ഡിപ്പാർട്ടുമെൻറുക്രൂടിയുണ്ടെങ്കിൽ, എല്ലിൻകഷണങ്ങൾ) മുതലായവയും, അതിന്മേൽ കെട്ടിനില്ക്കുന്ന ചെറിയ ചായത്തടാകങ്ങളും ഒരൊറ്റ വമ്പിച്ച തുടയ്ക്കലിന് ആ നിഭാഗ്യവാന്റെ മടിയിലേക്ക് സ്ഥലമാറ്റം ചെയ്യുക. അതിനുശേഷം അയാൾക്ക് ആവശ്യമുള്ള പലഹാരങ്ങൾ സപ്ലൈ ചെയ്യാം. അപ്പോഴെക്കും ചായച്ചണ്ടിയിലെ വിഷം മുഴുവൻ വെള്ളത്തിലേക്കു സംക്രമിച്ചുകഴിഞ്ഞിട്ടുണ്ടായിരിക്കും. ഉടനെച്ചെന്ന് മുൻപറഞ്ഞ അരിപ്പക്കരണ്ടിയിൽ ആ വൃത്തികെട്ട തുണിക്കഷണമിട്ട് അതിലൂടെ പാട്ടയിൽനിന്ന് ചായവെള്ളം ഇനാമൽ ടംബ്ലറിലൊഴിക്കണം.

* പോലീസോ, ഹെൽത്ത് ഡിപ്പാർട്ടുമെണ്ടുകാരൊ തടഞ്ഞില്ലെങ്കിൽ അടുത്തുതന്നെ പ്രസിദ്ധീകരിക്കുവാൻ പോകുന്ന "മഹാഭക്ഷ്യഭാഷ്യം" എന്ന പാചകഗ്രന്ഥത്തിൽനിന്ന് ചില ഭാഗങ്ങൾ.

അതിനോട് പാലും പഞ്ചസാരയും ചേർത്തു ചുരുങ്ങിയത് രണ്ടു മിനുട്ടെങ്കിലും ആ നീണ്ട സ്പൂൺ ടംബ്ലറിലിട്ട് മരക്കൊത്തൻ പുറപ്പെടുവിക്കുന്ന ശബ്ദം പോലെ ശബ്ദമുണ്ടാക്കുക. പിന്നീട് മേറേ ഇനാമൽ ടംബ്ലറുപയോഗിച്ചു അഞ്ചാറുപ്രാവശ്യം ചായ ആറിയതിന്റെ ശേഷം കോപ്പയിലോ, ഗ്ലാസ്ടംബ്ലറിലോ ഒഴിച്ചു, പലഹാരം മുഴുവൻ ഭക്ഷിച്ചു തീർന്ന് മച്ചുനോക്കി ജപിക്കുന്ന വിധത്തിൽ മുമ്പാകെ മേശപ്പുറത്ത് "ഡീം" എന്ന ശബ്ദത്തോടുകൂടി നിക്ഷേപിക്കുക.

ബ്രാമിൻസ് ടീ:—ഇതിന്ന് എസെൻസ് ചായ എന്നും പറയാം. നാലാംക്ലാസ് ചായപ്പൊടിയിൽ നിന്ന് വെള്ളം ചേർത്തു കുറുക്കി വറിച്ചു പിഴിഞ്ഞെടുക്കുന്ന, കയ്പുരസത്തോടും എണ്ണച്ചുവയോടും കൂടിയ മഹാകാളക്രുടത്തെയാണ് "എസെൻസ്" എന്നു വിളിച്ചുവരുന്നത്. പരമേശ്വരൻ പണ്ടു വിഴുങ്ങിയതും, പാർവതി കഴുത്തിൽ കയറി പിടിക്രുടിയതിനാൽ വയറ്റിലെത്താതെ എത്തിയേടത്തു തങ്ങിനിന്നതുമായ സാധനം ഈ "എസെൻസാ"ണെന്ന് ശിവപുരാണത്തിൽ വിവരിച്ച ഭാഗത്തെ ഇന്ത്യയിലെ "പിരാമിനാൾ കാപ്പി കിലപ്പു" (അങ്ങിനെയാണ് തമിഴ ലിപിയിലെഴുത്തുക) കാരുടെ ജോയിണ്ട് ഭീമഹരജി ഹേതുവായി ലിറൺപ്രഭുവിന്റെ വാഴ്ചകാലത്തു് ഇന്ത്യാഗവമ്മേണ്ട് നീക്കം ചെയ്തതാണെന്നു് ഒരു ജനശ്രുതിയുണ്ടു്. കായ്ത്തിന്റെ വാസ്തവം പടച്ചവനൊരാൾ കണ്ടു.

ഇതിനൊരു മെച്ചം മൊത്തത്തിൽ ആദ്യം വിവരിച്ച ചായയെക്കാൾ ഇതിന്നു് ചെലവും അധ്വാനവും ചുരുങ്ങുമെങ്കിലും(ആ സ്പൂൺ കൊണ്ടുള്ള മരണയടിക്കുതന്നെ കൊടുക്കാം ഒരു പൈ) ഇതിന്നു് വില ജാസ്തിയാക്കാമെന്നുള്ളതാണു്. "പിരാമിണാളു"ടെ എല്ലാ ഏർപ്പാടുകൾക്കും സാധാരണയായി വില കൊഞ്ചം കൂടുതലാണു്. പക്ഷെ, (കായ്യം പറയണമല്ലോ) വ്യത്തി കുറച്ചധികമുണ്ടായിരിക്കുമെന്നൊരു മെച്ചമില്ലാതെയുമല്ല.

പിന്നെയൊരു വ്യത്യാസം ബ്രാമിൻസ് ടീ കൊടുക്കുന്നതിന്നു മുമ്പ് ഒരു മന്ത്രം ചൊല്ലേണമെന്നുള്ളതാണു്. ക്ലബ്ബിലെ നായർചെക്കൻ മുൻവിവരിച്ച വിധത്തിലുള്ള മേശ തുടക്കൽ നടത്തിയതിന്നുശേഷം സാക്ഷാൽ സാമിയോ കുട്ടിസ്സാമിയോ ചായകുടിയന്റെ മുൻവശത്തു ഹാജരായി രണ്ടു കയ്യും മേശപ്പുറത്ത് ഊന്നി മുന്നോട്ട് ചാഞ്ഞ് താഴെ പറയുന്ന മന്ത്രം ശ്വാസം വിടാതെ ഉച്ചരിക്കണം.

"ശ്രുടാ ഇട്ലിസാമ്പാർപൂരിഉരുള്ളക്കിഴങ്ക് ചട്നിറവടോശൈയുപ്മാബോണ്ടകാരാപ്പുന്തികേബേജ്വടൈരസവടൈമസാലവടൈതൈരുവടൈഓമാപ്പൊടിപക്കവടൈഎല്ലാമിരുക്ക്സാർ—എന്നാ വേണം—ശൊല്ലുങ്കോ സാർ.

അപ്പം സ്പീഡ്സ് ലഡുജിലേബി മൈസൂർപാക്ക് ശ്രുടാശേമിയാപ്പായസംശ്രുടാശേമിയാക്കേസരി ഹൽവായിലയടൈഎല്ലാമിരിക്ക്സാർഎന്നാവേണംസാർശൊല്ലുങ്കോ സാർശൊല്ലുങ്കോ!"

ഒന്നും വേണ്ടെന്നാണ് മറുപടിയെങ്കിൽ, ചായ കൊടുത്തതിന്നു് ശേഷവും ഈ മന്ത്രം ആവർത്തിക്കാം. ഇങ്ങിനെ ബ്രാമിൻസ് ടീ.

3. മിസ്റ്റിക്പായസം:—ഇത് മിസ്റ്റിക് കവിതയെഴുതിശ്ശീലിക്കുന്ന യുവകവികൾ

ക്ക് മിസ്റ്റിസിസലഹരി പിടിക്കുവാനും, അതു പിടിച്ചുകഴിഞ്ഞവക്ക് വർദ്ധിക്കുവാനും ബഹുകേമക്കായി പറയുന്ന ഒരു യോഗമാണ്. വളരെക്കാലം സാക്ഷാൽ മഹാകവി ടാഗോറിന്റെ വെപ്പുകാരനായിരുന്ന ഒരു മിസ്റ്റിക് പാചകനാണ് ഈ യോഗം കണ്ടുപിടിച്ചത്. ഇതിന്റെ നിർമ്മാണവിധി ഉപദേശിക്കുവാൻ ഞങ്ങളാ ആ ദേഹത്തിന്റെ വീട്ടിന്റെ പടിക്കൽ അനവധി ദിവസം (വ്രതത്തിന്റെ തീവ്രത ജാസ്തിയാക്കുവാനായി) കുറുമുളകു കഷായം മാത്രം കുടിച്ച് സത്യാഗ്രഹം അനുഷ്ഠിച്ചു കിടക്കേണ്ടിവന്നിട്ടുണ്ട്. ഇത് ഒന്നാമത്തെ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുകയാണ്. പത്രാധിപർ അനുമതി തന്നാലും തന്നില്ലെങ്കിലും ഇതിനെ യാതൊരു ഭാഷയിലും തർജമ ചെയ്തു പ്രസിദ്ധപ്പെടുത്തുവാൻ പാടില്ല.

ഒരാൾക്ക് കഴിക്കുവാനുള്ള പായസത്തിന്നാവശ്യമായ സാധനോപകരണങ്ങൾ.—മഞ്ഞുതുള്ളികൾ ഔൺസ് 12; പുല്ലെണ്ണ ഔൺസ് 8; ആറ്റിലെ സച്ഛജലം ഔൺസ് 6; മരുഭൂമിയിലെ ഉറവിൽ നിന്ന് വെള്ളം ഔൺസ് 4; പുതുമേഘത്തിൽ നിന്നാദ്യം വീഴുന്ന മഴവെള്ളം ഔൺസ് 2; നവം പൂന്തേൻ ഔൺസ് 1; മുല്ലപ്പൂ, ചെമ്പനീർപ്പൂ, പൊൻചെമ്പകം, ഇവയിൽ ഓരോന്നിന്റെയും ദളങ്ങൾ 24; കസ്തൂരി, ചെങ്കുങ്കുമം, വെൺകർപ്പൂരം, ഇവ ഓരോന്നും ഉരുപ്പികത്തുക്കം 1; കുഴിയമ്മി 1; അമ്മിക്കുഴവി 1; തുവെള്ളിക്കിണ്ണം 1.

നിർമ്മാണക്രമം:—ഇതിന്റെ നിർമ്മാണക്രമമാണ് മഹാവിഷമം. കാറൊഴിഞ്ഞ കറുത്ത വാവുദിവസം രാത്രിയിൽ പ്രസ്തുത സാമാനങ്ങളെല്ലാം കെട്ടിയെടുത്ത് ഒരു ഉയർന്ന കുന്നിന്മേൽ കയറി നക്ഷത്രങ്ങളുടെ വെളിച്ചത്തിൽ പൂവിതളുകളെല്ലാം കൂട്ടി കുഴിയമ്മിയിലിട്ടരച്ചു തുവെള്ളിക്കിണ്ണത്തിലാക്കി മീതെ മുൻപറയപ്പെട്ട വെള്ളങ്ങളെല്ലാം ഒഴിച്ചു മയിൽപീലികൊണ്ട് ഇളക്കിച്ചേർക്കുക. പിന്നീട് കസ്തൂരിയും, കുങ്കുമവും കർപ്പൂരവും വേറെ അരച്ചു ചേർക്കണം. ഒടുക്കം പൂന്തേൻ മേല്പൊടിച്ചേർത്ത് മലർന്നു കിടന്നു കുടിക്കുക. ഈ അരക്കലും, ഇളക്കലും, കുടിക്കലും നടക്കുമ്പോഴൊക്കെ രണ്ട് മിസ്റ്റിക്കോമനകൾ കവിയുടെ ഇടത്തും വലത്തും നിന്ന്, പ്രത്യേകിച്ചു കാരണമൊന്നുമില്ലാതെ, വിഷാദാത്മകതത്തോടുകൂടി കരഞ്ഞുകൊണ്ടിരിക്കണം. തദനന്തരം കുന്നിന്മേൽനിന്ന് താഴെയിറങ്ങിവന്ന് മേപ്പടി മിസ്റ്റിക്കോമനകളെക്കൊണ്ട് പുലരുന്നതുവരെ തലക്ക് നെല്ലിക്കവെള്ളമുപയോഗിച്ചു ധാര നടത്തുക. ധാര കഴിഞ്ഞതിന്നുശേഷം ആ വിദ്വാൻ സംസാരിക്കുന്നതൊക്കെ മിസ്റ്റിക് കവിതയായിരിക്കും. ഇതെത്രയോ ഗോപ്യമായ ഒരു യോഗമാണെന്ന് സൂചിപ്പിച്ചുവല്ലോ വായനക്കാർ മറന്നുകഴിഞ്ഞുവെങ്കിൽ ഒന്നുകൂടി ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

4. വിഷാദാത്മകച്ചുട്ടണി: വിഷാദാത്മകത്വം അടങ്ങിയ കവിത എഴുതണമെങ്കിൽ ആദ്യന്തം കണ്ണുനീരൊഴുക്കിക്കൊണ്ടിരിക്കേണ്ടതു് അത്യാവശ്യമാണല്ലൊ. പക്ഷെ കവിത എഴുതുവാൻ തോന്നുമ്പോഴൊക്കെ കണ്ണുനീരുണ്ടാകത്തക്ക വ്യസനം എല്ലാവർക്കും എല്ലാ കാലത്തും ഉണ്ടായിരിക്കുവാൻ ഇടയില്ലാത്തതിനാൽ, ദിനംപ്രതി ഡസൻകണക്കായി വർദ്ധിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ വിഷാദാത്മകന്മാർക്കു വേണ്ടിയാണ് ഈ ചട്ടണിയോ

ഗം ഞങ്ങളുടെ പാചകശിരോമണി കണ്ടുപിടിച്ചിരിക്കുന്നത്.

ഇരുപത്തിനാലു വരി വിഷാദാത്മകകവിതയുണ്ടാക്കുവേണ്ടുന്ന സാമാനങ്ങൾ: ചെറിയ ചുകന്ന ഉള്ളി എണ്ണം 50; കുരുമുളക് റാത്തൽ ഒന്ന്; ചുക്ക് റാത്തൽ അര; പച്ചമുളക്, കപ്പൽമുളക്, കാന്താരിമുളക് ഓരോന്നും ഉരുപ്പികത്തുക്കം 1; വെള്ളം ഇടങ്ങഴി 1.

ആദ്യം ചുക്കും കുരുമുളകും ചതച്ചു വെള്ളത്തിലിട്ട് പാത്രത്തിന്റെ വായ മൂക്കാലും മൂടി അടിയിൽ തീ കത്തിച്ച് വെള്ളം നാലിലൊന്നാകുന്നതുവരെ കുറുക്കി ചൂടാറിപ്പോകാതിരിക്കുവാൻ കനലിൽത്തന്നെവെക്കുക. അനന്തരം ഉള്ളി നന്നെ ചെറുതായരിഞ്ഞു് പച്ച–കപ്പൽ–കാന്താരി മുളകുകളോട് ക്രട്ടിച്ചേത്തരച്ചു കുറേശ്ശയായി ഭക്ഷിക്കുക. അതുകഴിഞ്ഞ ഉടനെയാണ് കനലിൽനിന്നു ചുക്കുമുളകുകളുടെ കഷായമെടുത്ത് ചൂടാറാതെ, കണ്ണടച്ച്, ഇടയ്ക്ക് വിരമിക്കാതെ കുടിച്ചുതീർക്കേണ്ടത്. കവിതയെഴുതുവാനുള്ള കടലാസ്സും പേനയും കണ്ണുനീർ വീഴുവാനുള്ള പാത്രവും മുൻക്രട്ടി തയാറാക്കിവെച്ചുകൊള്ളണം. പിന്നീട് അവ തിരഞ്ഞു നടക്കുവാൻ സമയമുണ്ടാവുകയില്ല.

ലീല:—"ലക്ഷ്മിക്കുട്ടി, നിന്നെ കുമാരമേനോൻ സംബന്ധം ചെയ്യാൻ പോകുന്നുവെന്ന് കേട്ടിരുന്നുവല്ലോ. അതെന്താണ് നടക്കാഞ്ഞത്?

ലക്ഷ്മി:—അതോ? പുറമെ ആരോടും പറയേണ്ട, ഞാൻ മുടക്കിയതുകൊണ്ട് നടക്കാഞ്ഞതാണ്. അയാൾക്ക് വലിയ കുടുംബമുണ്ട്. ഒരു പാട് കടവുമുണ്ട്. ഒരാളെങ്കിലും അയാളെപ്പറ്റി നല്ലതു പറയുന്നതു കേട്ടിട്ടില്ല. സ്വഭാവത്തിനും ദോഷമുണ്ടെന്ന് കേൾക്കുന്നു. കണ്ടാലും ഒരു ശ്രീകരം. സദാ മുറുക്കിത്തുപ്പിക്കൊണ്ടിരിക്കണം. ഇതിനെല്ലാറ്റിനും പുറമെ അയാൾ തിരുരിലോ പൊന്നാനിയിലോ മറേറാ പോയി ഒരു സംബന്ധവും ചെയ്തു. ഭർത്താവില്ലെങ്കിലും അയാൾ വേണ്ടെന്ന് ഞാനും തീച്ചപ്പെടുത്തി.

മതംമാറ്റിക്കു പറ്റിയ മാറ്റിത്തം

കയ്യക്കാട്ടെ നാണുവായ ഞാൻ ഒരു സകലഗ്രലാബിക്കാരനാണ്; ജീവിതത്തിന്റെ വിവിധതുറകളുമായും എനിക്ക് ബന്ധമുണ്ട്. ഞാനൊരു കൃഷിക്കാരനാണ്; ഒരെഴുത്തുകാരനാണ്; പത്രലേഖകനാണ്; കച്ചവടക്കാരനാണ്; വ്യവസായിയാണ്; അലക്കുകാരനാണ്; ക്ഷുരകനാണ്; എല്ലാം കഴിഞ്ഞ് ഒഴിവുസമയങ്ങളിൽ ഒരു സ്കൂൾമാസ്റ്ററുമാണ്. ഞാൻ ഏറ്റെപ്പെട്ടിട്ടുള്ള ജോലികളിൽ പ്രാധാന്യമേറിയ ഏതാനും ചിലവ മാത്രമാണിത്; ഒരു പരിപൂർണ്ണലിസ്റ്റ് ഹാജരാക്കുകയാണെങ്കിൽ മാസികയുടെ ഏതാനും പെയ്ജുകൾ അതിനുതന്നെ വേണ്ടിവരും. ആ സ്ഥിതിക്ക്, ഞാൻ ഏറ്റെപ്പെട്ടിട്ടുള്ള ജീവിതത്തിന്റെ വിവിധഡിപ്പാർട്ടുമെണ്ടുകളിലേയും രസാവഹങ്ങളായ ഭാഗങ്ങളെ വായനക്കാർക്ക് കാണിച്ചുകൊടുക്കുവാനും, അങ്ങിനെ, കഴിയുമെങ്കിൽ, അവരെക്കൂടി എന്റെ മതത്തിലേക്ക് പരിവർത്തനംചെയ്ത് സകലഗ്രലാബിക്കാരാക്കുവാനും, ഞാൻ ഒരുങ്ങീട്ടുണ്ട്.

* * * *

ഈയെടെ ഞാൻ ഒരു മതംമാറ്റി ക്രടിയായിരിക്കുന്ന വിവരം വായനക്കാരെ അറിയിച്ചുകൊള്ളുന്നു. ഞാൻ ഏറ്റെപ്പെട്ടിട്ടുള്ള മറെറല്ലാ ജോലികളേയും പോലെത്തന്നേയോ അതിലുമധികമോ ഔൽകൃഷ്ട്യം ആ ജോലിക്കുമുണ്ടെന്നാണ് എന്റെ ഉത്തമവിശ്വാസം. മറവുള്ളവരുടെ അഭിപ്രായങ്ങളെ സാമാന്യഭേദണ്ഡങ്ങളിലേതെങ്കിലുംകൊണ്ട് മാറുവാൻ സാധി

ക്കണമെങ്കിൽ, മാറുന്നവൻ എന്തൊരു ബൌദ്ധരാക്ഷസ*നായിരിക്കണം! സ്വാഭിപ്രായങ്ങളെ മറുള്ളവരെക്കൊണ്ട് സ്വീകരിപ്പിക്കുവാനുള്ള ഈ വെമ്പൽ, മനുഷ്യന്റെ ഒരു ജന്മവാസനയാണ്. എന്നെപ്പോലെ സ്വതന്ത്രമായി ആലോചിക്കാനോ, വായിക്കാനോ, പഠിക്കാനോ, കാണാനോ, നടക്കാനോ, അനുഭവിക്കാനോ സൌകര്യമില്ലാത്ത എന്റെ സഹോദരന്മാർ, അന്ധവിശ്വാസങ്ങൾ കുടിമപ്പെട്ട് കഷ്ടപ്പെട്ടഴലുന്നത് എനിക്കു കാണുവാൻ വയ്യ, സാറെ, അതുകൊണ്ടാണ്—പരോപകാരതല്പരത എന്നിൽ മൂർദ്ധന്യാവസ്ഥയെ പ്രാപിച്ചിരിക്കുന്നതുകൊണ്ടാണ്—ഞാനെന്റെ പതിനായിരം ജോലിത്തിരക്കുകൾക്കിടയിൽ, ഒരഭിപ്രായപരിവർത്തനേജണ്ടക്രൂടി ആയിത്തീരുവാൻ തീച്ചപ്പെടുത്തിയിരിക്കുന്നത്. അല്ലാതെ ഒരൊറ്റച്ചില്ലിക്കാശെങ്കിലും സമ്പാദിക്കാമെന്നുവെച്ചിട്ടല്ല. ഇത് "ഉദരനിമിത്തം ബഹുകൃതവേഷ"വുമല്ല.

* * * *

നോക്കണം എന്റെ ത്യാഗശീലം! ഇതൊന്നും ഞാൻ പറയേണ്ടതല്ല; പക്ഷെ മറ്റാരും പറയാൻ ഒരുങ്ങിക്കാണാത്തതിനാൽ ഞാൻ തന്നെ പറയേണ്ടിവന്നതാണ്. ലോകത്തിന്നുവേണ്ടി ഒരാൾ എന്തുതന്നെ ത്യാഗം ചെയ്യുന്നുണ്ടെങ്കിലും അതൊന്നും കാണാൻ നന്ദികെട്ട അതിന്ന് കണ്ണില്ലല്ലോ! പക്ഷെ എനിക്കതുകൊണ്ടു പരിഭവവുമില്ല; കാരണം നിഷ്കാമകർമ്മമാണെന്റേത്. എങ്കിലും തിരുമാന്ധാംകുന്നത്തെ പതിനൊന്നാം പൂരംദിവസം– എന്റെ മതംമാറിജീവിതത്തെ ഞാൻതന്നെ ഉൽഘാടനം ചെയ്ത ആ ദിവസം—എന്റെ ചുറ്റും തടിച്ചുകൂടിയ ആ ഓഡിയനോട്, വിയത്തോലിച്ച് ശ്വാസംമുട്ടി, മുക്കറയിടുന്ന ക്രൂരന്മൂരിയുടെ ശബ്ദത്തെ അനുസ്മരിപ്പിക്കുന്ന മനോഹരശബ്ദത്തിൽ, ആരുകേട്ടാലും കേട്ടില്ലെങ്കിലും വേണ്ടില്ല, എന്റെ കർത്തവ്യം നിറവേറ്റട്ടെ, എന്ന നിഷ്കാമനിലയിൽ, എന്റേതൊഴിച്ച് മറ്റെല്ലാവരുടേയും വിശ്വാസങ്ങളെ അടിമുറിച്ച് ഉണക്കപ്പുല്ലിനെ കാറ്റിലെന്നപോലെ പറപറപ്പിച്ച ആ ഗംഭീരൻ പ്രസംഗം ഏതാണ്ട് പകുതിയായപ്പോൾ ഉണ്ടായ അനുഭവം എനിക്ക് നിശ്ശബ്ദമായി സഹിക്കുവാൻ കഴിയുന്നതിലധികമായിരുന്നു. എന്റെ ത്യാഗശീലത്തേയോ, ബുദ്ധിവൈഭവത്തേയോ, ഞാൻ പറയേണ്ടതല്ലാത്ത എന്റെ മറ്റേതെങ്കിലും യോഗ്യതയേയോ തെല്ലും ഗണിക്കാതെ, പൊട്ടൻകടിച്ച പഴുവിനെപ്പോലെ, കണ്ണുരുട്ടി, മീശവിറപ്പിച്ച്, കയ്യിളക്കിക്കൊണ്ടു ക്രുദ്ധത്തിൽനിന്നൊരു പെരുന്തടിയൻ ചാടിയെഴുന്നേറ്റ്, ഞാൻ കേറിനിന്ന് പ്രസംഗിച്ചിരുന്ന മേശയോടടുക്കുന്നതും, 'മലകളിളകിയാലും മനമിളകാത്ത' ചില മഹാമനസ്കന്മാർ അലച്ചേന്തിവരുന്ന ആ കലങ്ങൽപ്രവാഹത്തെ അണകെട്ടി തടുത്തുനിറുത്തുവാൻ ശ്രമിക്കുന്നതും കണ്ട്, തന്നെത്താനറിയാതെ ഒരു വിറകേറിയ എനിക്ക് അരനിമിഷത്തിന്നുള്ളിൽ ആനക്കാട്ടിൽ പോയൊളിക്കേണ്ടിവന്ന ആ ദുരദൃഷ്ടം നിങ്ങൾക്കാണുണ്ടാവുക്കേണ്ടിവന്നതെങ്കിൽ, പറയൂ സാറേ, നിങ്ങളത് നിശ്ശബ്ദമായി സഹിക്കുമോ? വീണ്ടും ഈ കുണ്ടാമണ്ടിപടിച്ച

* "Intellectual Giant" എന്നതിന്റെ നേർ തർജ്ജമ മാത്രമാണേ ഇത്!—അന്യഥാ ശങ്കിച്ച് അവരോ, ഇവരോ പരിഭവിയ്ക്കരുത്.

ജോലിയിൽ പ്രവേശിക്കുമോ? യാതൊരു ഫലേച്ഛയും കൂടാതെ (ഓഡിയനെ മതംമാറുക എന്നത് ഫലേച്ഛയല്ല; അങ്ങിനെ സംഭവിക്കുകയാണെങ്കിൽ അത് എന്റെ പ്രസംഗത്തെ തുടർന്നുണ്ടായ ഒരു സംഭവം എന്ന മാത്രമെ ഞാൻ കരുതുകയുള്ളൂ.) വെറും സേവനതൽപരനായ ഒരു നിഷ്കാമകർമ്മത്തിന്റെ ഉദ്ദേശശുദ്ധിയെ മനസ്സിലാക്കാൻ കഴിയാതിരുന്ന ആ അവിശ്വാസിയുടെ തെറ്റിനു മാപ്പുകൊടുക്കുവാൻ, ഞാൻ പിന്നീട് എട്ടു തവണ പ്രാർത്ഥിച്ചിരിക്കുന്നു. നിങ്ങളായിരുന്നുവെങ്കിൽ ഇങ്ങിനെ നന്ദികേട് കാണിക്കുന്നവരുള്ള ലോകത്തിൽ, വീണ്ടും ഈ ജോലിക്ക് ഒരുങ്ങുമായിരുന്നുവോ? തീച്ചയായും ഇല്ല. എന്നാൽ ഞാനോ? എന്നെ മടുപ്പിക്കുവാൻ ഈ വകക്കൊന്നും കഴിയുകയില്ല. അന്തമില്ലാത്ത കഴുതകളും എന്റെ അതിഗഹനമായ തത്വപ്രസംഗംകേട്ട് തെറ്റിദ്ധരിച്ചു ശുണ്ഠിയെടുത്ത് എന്നെ തല്ലിത്തല്ലി പിരടി കനപ്പിച്ച് ആനക്കഴുത്തനാക്കിയാലും വേണ്ടില്ല, ഞാനെന്റെ ജോലി തുടർന്നുപോവും. നോക്കണം എന്റെ ഉദ്ദേശദാർഢ്യം!

* * * *

ആ മരമൊകറനെ ശുണ്ഠിപിടിപ്പിക്കുവാൻ മാത്രം ഞാനെന്റെ പ്രസംഗത്തിൽ എന്താണ് പറഞ്ഞത്? എന്റേതൊഴിച്ച് ബാക്കി എല്ലാരുടെയും അഭിപ്രായങ്ങളും വിശ്വാസങ്ങളും കൂട്ടങ്ങിയ ഭരണിയിൽ പുളിവെള്ളസമേതം ആറുമാസം കിടന്ന പാലുപോലെ പുളിച്ചുനാറി ഒന്നിനും കൊള്ളരുതാത്തതാണെന്ന ഞാൻ പറഞ്ഞിട്ടുണ്ടെങ്കിൽ അതിന്നിത്ര ശുണ്ഠിയെടുക്കാനുണ്ടോ? അതു വാസ്തവം മാത്രമല്ലെ? സ്വാഭിപ്രായങ്ങളെയും സ്വവിശ്വാസങ്ങളെയും അങ്ങിനെതന്നെ വെച്ചു പോറുന്നത് ദൌർബ്ബല്യമാണെന്നും, എന്നെപ്പോലെ വിദ്വാന്മാരായവർക്ക് ഈശ്വരപ്രസാദംകൊണ്ട് ലഭിച്ചിട്ടുള്ള മഹാജ്ഞാനത്തിന്റെ തണലിൽ വിശ്രമംകൊള്ളുന്നതാണ് ഈ ബുദ്ധിമുട്ടുകളിൽ നിന്നെല്ലാം ഒരു മോചനം ലഭിക്കുന്നതിനുള്ള ഏകമാർഗ്ഗമെന്നും ഞാൻ പറഞ്ഞാൽ, കേട്ടിരിക്കുന്നവർ വിശേഷജ്ഞാനമുള്ളവരാണെങ്കിൽ, ഉടൻ എന്റെ കാൽക്കൽ സാഷ്ടാംഗപ്രണാമം ചെയ്യുകയല്ലെ വേണ്ടത്? അവർ പോകുന്ന മാർഗ്ഗം മുള്ളുനിറഞ്ഞ, ഇരുളാണ്ട, ഇടുങ്ങിയ, കുണ്ടനിടവഴിയാണെന്നും, ഞാനവക്ക് കാണിച്ചുകൊടുക്കുന്ന മാർഗ്ഗം, പ്രകാശപൂർണ്ണമായ, കല്ലായി റോഡുപോലെ ടാറിട്ട, വിസ്തൃതമായ രാജപാതയാണെന്നും, അവരുടെ മാർഗ്ഗത്തിൽക്കൂടി അവർ പോയാൽ ചെന്നെത്തുക നരകക്കുഴിയിലാണെന്നും, ഞാൻ കാണിച്ചുകൊടുക്കുന്ന മാർഗ്ഗത്തിൽക്കൂടി പോയാൽ എത്തുന്നത് സ്വർഗ്ഗസോപാനത്തിലാണെന്നും പറഞ്ഞാൽ, ഇക്കൂട്ടർക്ക് വിശ്വസിക്കുകയല്ലെ വേണ്ടൂ? എന്റെ ഗുരുനാഥൻ വെറുംകൈ വീശിക്കൊണ്ട് അറബിക്കടലിന്നുമേലെ പറന്നുപോയിട്ടുണ്ടെന്നുകൂടി പറഞ്ഞാൽ, പിന്നെ ഇവരെന്തിന്നു സംശയിക്കണം? എന്നാൽ ഉണ്ടായതെന്താണ്? എത്രയും രഹസ്യവും റീസണബിളുമായ എന്റെ ആർഗ്യുമെന്റ് കേൾക്കുവാൻപോലും ആ മരമണ്ടന്ന് ക്ഷമയുണ്ടായോ? ലോകത്തിൽ ശാന്തിയെയും സത്യത്തെയും സാഹോദര്യ

ത്തെയും സമാധാനത്തെയും പരിപാലിക്കുവാൻ വേണ്ടിമാത്രം ശ്രുണ്ഠിയെടുത്ത്, പ്രസംഗത്തിന്നിടയിൽ കയ്യും കാലുമിട്ടടിച്ചിരുന്ന ഈ പരമശാന്തന്റെ നേക്ക് 'മൂക്കിപ്പോം ക്ലോസാക്കു'മെന്നും പറഞ്ഞ് മുഷ്ടി ചുരുട്ടിപ്പുറപ്പെടുകയല്ലെ ആയാം ചെയ്തത്? തൽക്കാലം ഓടി ഒളിക്കേണ്ടി വന്നുവെങ്കിലും, എന്റെ പ്രസംഗമാകുന്ന പൊട്ടൻ കടിച്ച് ആ ഓഡിയനാകുന്ന പത്തു പ്രക്ഷുബ്ധമായതാണെന്നു വിചാരിച്ച് സമാധാനിക്കുന്ന എന്റെ ഈ ഗംഭീരമനസ്ഥിതി എത്ര പ്രശംസനീയമാണ്! എത്ര അത്ഭുതപൂർവമാണ്! എത്ര അത്ഭുതാവഹമാണ്! [പിന്നേ!—പി. എസ്സ്.]

നാണു.

ഒരു മേട്ടോർകാർ ഇട്ടുതിയ നിരത്തിൽകൂടി പ്പോകുമ്പോൾ ചളികെട്ടി നിന്ന ഒരു സ്ഥലത്ത് അതിന്റെ ചക്രങ്ങൾ ആണ്ടുപോയി. അടുത്തു നിന്നിരുന്ന ഒരു കൂലിക്കാരന്റെ സഹായത്തോടുകൂടി ഡ്രൈവർ നന്നെ പണിപ്പെട്ട് കാർ തള്ളി ചളിക്കുഴിയിൽനിന്നു കയറ്റി. കാറിന്റെ ഉടമസ്ഥൻ, പാരിതോഷികമായി, കൂലിക്കാരന്ന് 4 ണ. കൊടുത്തു. കാർ വിടാൻ തുടങ്ങുമ്പോൾ,

ഉടമസ്ഥൻ:—ഈ വഴി വരുന്ന കാറെല്ലാം ഇങ്ങിനെ ആണ്ടുപോകാറുണ്ട്—ഇല്ലേ?

കൂലിക്കാരൻ:—അക്കഥയൊന്നും പറയേണ്ട. ഇന്ന് ഇത് അഞ്ചാമത്തെക്കാറാണ് ഞാൻ തള്ളിക്കയറ്റുവാൻ സഹായിക്കുന്നത്.

ഉട:—വലിയ ബുദ്ധിമുട്ട തന്നെയല്ലോ! എപ്പോഴാണ് നിങ്ങൾ സ്വന്തം ജോലിയെടുക്കുക?

കൂലി:—രാത്രി.

ഉട:—രാത്രിയിലോ?

കൂലി:—അതെ. ഇവിടമൊക്കെ കിളച്ചിട്ട് വെള്ളമൊഴിച്ച് തടം കെട്ടി നിർത്തുകയാണ് എന്റെ ജോലി.

വനിതാസെക്ഷൻ.

മുടിവെട്ടുവാനുദ്ദേശിക്കുന്ന മുകിൽവേണിമാരോട്.

(ഒരു പ്രസംഗം.)

അരുതേ! അരുതേ!

എന്തെന്ത്? "അരുതേ! അരുതേ! ആശ്രമമൃഗത്തെ വധിക്കരുതേ!" എന്നാണോ, മാധവ്യ, അങ്ങുപറയുന്നത്? അഭിജ്ഞാനശാകുന്തളത്തിലെ ഒരങ്കമാണോ ഇവിടെ അഭിനയിക്കുവാൻ പോകുന്നത്?

അല്ല, ഞാൻ നമ്മുടെ കേരളത്തിലെ ചില പുതിയ പരിഷ്കാരക്കാരികളായ കിളിമൊഴികളോട്—ഇംഗ്ലീഷു പഠിച്ച് പാസും പാപ്പാസും കൊണ്ടു നടക്കുന്ന കൊച്ചുമതാമ്മമാരോട്—അപേക്ഷിക്കുകയാണ്: "അരുതേ! അരുതേ! നിങ്ങളുടെ നിസർഗസിദ്ധമായ സൌന്ദര്യത്തിന്റെ അടി തട്ടരുതേ! മുടി വെട്ടരുതേ! 'ബോബ്' ചെയ്യരുതേ! മലർമേനിയാകുന്ന മണിമാളികയുടെ മുകളിൽ ബോമ്പെറിയരുതേ!" എന്ന്. 'ശാകുന്തളം നോക്കിയുമങ്ഗനാനാം വാർകുന്തളം ചിക്കിയുമിത്രനാളും" എന്ന കേരളകാളിദാസൻ പറഞ്ഞിട്ടില്ലെ? നിങ്ങൾക്ക് എന്റെ ശാകുന്തളത്തിന്റെ കായ്യം ഓർമ്മവന്നു; എനിക്ക് നിങ്ങളുടെ വാർകുന്തളത്തിന്റേയും.

എന്തിനു തലമുടി മുറിക്കുന്നു? അതു നിങ്ങൾക്ക് എന്തു ദ്രോഹംചെയ്തു? "ഇത്ര നിസ്സാരമായ ഒരു വസ്തു ഞങ്ങളുടെ തലയിൽ കേറിയിരിക്കാറായോ? എന്നാൽ കണ്ടിട്ടുകായ്യം!" എന്നായിരിക്കാം നിങ്ങളിൽ ചിലരുടെ ഭാവം. തലമുടി നിസ്സാരമായഒരു വസ്തുവാണെന്നു നിങ്ങളോട് ആരു പറഞ്ഞു?

"ശിരോരുഹസധർമ്മാണൊ
നരാ രാജകുലാശ്രയാഃ
പതിതാഃ പരിഭ്രഷ്യന്തേ
സൽക്രിയന്തേ പദേ സ്ഥിതാഃ"

എന്നു വേദവ്യാസൻ മഹാഭാരതത്തിൽ അതിന്റെ സ്ഥിതിയെപ്പറ്റി സൂക്ഷ്മമായി പ്രസ്താവിച്ചിട്ടുണ്ട്. തലമുടിയും രാജസേവകനും നിൽക്കേണ്ടുന്നേടത്തു നിൽക്കുന്നേടത്തോളം സൽക്കാരമുണ്ട്; നിലതെറ്റിയൽ വിലയും പോയി" എന്നാണ് മി: വേ. വ്യാ. പറയുന്നത്. തലമുടി മാത്രമല്ല മനുഷ്യശരീരത്തിൽ ആ അവസ്ഥയുള്ള പല്ലുകടം നഖങ്ങടം മുതലായവ എല്ലാം ഈ ക്ലാസിൽ പെടുന്നു.

നിസ്സാരം പോലും തലമുടി! അല്ലെന്നു തെളിയിപ്പാൻ എന്റെ കക്ഷിയായ തലമുടിക്കുവേണ്ടി ഞാൻ എത്ര രേഖയെങ്കിലും കോടതിയിൽ ഹാജരാക്കാം. മഹാകവി ശ്രീഹർഷൻതന്നെ ആദ്യം ക്ലൂട്ടിന്മേൽ കയറട്ടെ! അദ്ദേഹം എന്തു പറയുന്നു എന്നു ശ്രദ്ധിക്കുക:

"ചികുരപ്രകരാ ജയന്തി തേ
വിഭൃഷീ മൂർദ്ധനി യാൽ ബിഭർത്തിസാ;
പശുനാപ്യപുരസ്കൃതേന ത-
ത്തുലനാമിച്ഛതി ചാമരേണകഃ?"

നിങ്ങടം ദമയന്തിയെപ്പറ്റി കേട്ടിരിക്കണമല്ലോ. സാക്ഷാൽ സൂരി നമ്പൂരിപ്പാട്ടിലെ സൌന്ദര്യസ്റ്റാൻഡർഡുകളായ കോപ്പാട്ട് കുമ്മിണിയെക്കാടം, പുഴയാട്ട് പാറുവേക്കാടം, നീലാട്ട് ലക്ഷ്മിയെക്കാളൊക്കെ സൌന്ദര്യം ശ്രീമതി ദമയന്തിക്കുണ്ടായിരുന്നു എന്നാണ് വെച്ചിരിക്കുന്നത്. ആ കാർവേണീമണിയാളുടെ തലമുടിയെ ചമരിമൃഗത്തിന്റെ ഭംഗിയുള്ള വാലോട് ഉപമിച്ചുകൂടെ? എന്നാരോ മി: ഹർഷനോട് ചോദിച്ചുവെന്നാണ് ഊഹിക്കേണ്ടത്. ഇതു കേട്ടപ്പോടം മൂപ്പീന്നിന്നു വല്ലാതെ ദേഷ്യം വന്നു. "എന്റെ ദമയന്തിയുടേയോ? തലമുടിയേയോ? ആ ചമരിയുടെ നാറാംക്ലാസ് വാലിനോടോ? ഉപമിക്കുകയോ? തനിക്കു കിറുക്കുണ്ടോ? ചമരിവാലു പോലും! ആ തെക്കും വടക്കും തിരിയാത്ത കന്നുകാലിമൃഗംകൂടി പിൻഭാഗത്തൊളിപ്പിച്ച വാലിനെ വിഭൂഷിയായ എന്റെ ദമയന്തി മൂർദ്ധാവിൽ വെച്ചോമനിക്കുന്ന മുടിയുടെ അടുത്ത് നിൽക്കയല്ലേ? എന്നിട്ടു കാണാം! നോൺസെൻസ്! കടന്നു പോവൂ!" എന്നൊക്കെ അദ്ദേഹം ഗർജ്ജത്തിൽ പറഞ്ഞതിന്നുശേഷം ഈ ആശയത്തെ ഒതുക്കി മേപ്പടി ശ്ലോകം പടച്ചുവിട്ടു.

ഇതുകൊണ്ട് പോരെങ്കിൽ ഇനിയുമി ആ മഹാകവിയുടെ മറ്റൊരു ശ്ലോകം ഉദ്ധരിക്കാം.

"അസ്യാഃ കചാനാം ശിഖിനശ്ച കിന്നു
വിധിം കലാപൌ വിമതേരഗാതാം;
തേനായമേഭിഃ കിമപൂജി പുഷ്പൈ-
രുദർസിദത്പാസ കിമദ്ധ്രചക്രം?"

രണ്ടു കലാപങ്ങടംക്കു തമ്മിൽ ഒരു വലിയ മത്സരമുണ്ടായി. ഏതെല്ലാം കലാപങ്ങടം? ഏറനാട്ടു കലാപവും ലാഹോർ കലാപവും തമ്മിലോ? അല്ല. ദമയന്തിയുടെ കേശകലാപവും മയിലിന്റെ പീലിക്കലാപവും തമ്മിൽ. ഞാനോ നീയോ മേലേക്കിടയിലെന്നുള്ളതാണ് "പോയിന്റ്-അറ്റ്-ഇഷ്യൂ", എന്നുവെച്ചാൽ, തീപ്പിന്നു തല കാട്ടി നിന്ന പ്രശ്നം. "പാതിരിക്കുമുണ്ടു താടി; കോലാട്ടിന്നുമുണ്ട് താടി" എന്നു പറഞ്ഞപോലെ രണ്ടിന്നും കലാപതമുണ്ട്; രണ്ടിന്നും ധാടിയും മോടിയുമുണ്ട്. അതുകൊണ്ട് മുതലുള്ളവനും പണമുള്ളവനും തമ്മിലെന്ന പോ

ലെ, അവ രണ്ടും തമ്മിൽ കണ്ണുകടി മൂത്ത് കണ്ണുരുട്ടിമിഴിക്കലും, കണ്ണുരുട്ടിമിഴിക്കൽ മൂത്ത് വാക്കേറവും, വാക്കേറം മൂത്ത് തിക്കും തിരക്കും, തിക്കും തിരക്കും മൂത്ത് ഉന്തും തള്ളും, ഉന്തും തള്ളും വദ്ധിച്ച് അടിപിടിയും, അടിപിടിയോടുകൂടി കലാപവും—മറേറക്കലാപം!—കലാപാനന്തരം ഇരുകക്ഷികളുടേയും വകയായി കോടതികയറലും ഉണ്ടായി. കേസ്സ് ക്രിമിനലായിരുന്നു, സിവിലായിരുന്നില്ലെന്നർത്ഥം. മജിസ്ട്രേട്ട് പടച്ചവനായിരുന്നു. (പരബ്രഹ്മമല്ല, ബ്രഹ്മാവ്) അന്യായക്കാരൻ മയിൽപീലിയുമായിരുന്നു. പടച്ചവൻ എല്ലാം കേട്ടു; അനന്തരം പടച്ചവന്റെ ഭാഷയിൽ മയിൽപീലിയോട് ഇത്ഥം പറഞ്ഞു. "എടാ, കോപ്പരാട്ടിക്കഴുതേ! മിസ്സ് ഭമയന്തിയുടെ സർവ്വീസിലിരിക്കുന്ന തലമുടി ഒന്നാമത് നിന്നെ ദേഹോപദ്രവം ചെയ്യുമെന്നു നാം ഒരിക്കലും വിശ്വസിക്കുന്നില്ല. നിങ്ങൾ തമ്മിൽ ഒരു സ്ഥിതിസമത്വവാദത്തിന്നുതന്നെ ഇവിടെ ഉപപത്തിയില്ല. അതെവിടെ? നീയെവിടെ? നമ്മുടെ അഭിപ്രായം നീ കള്ളുകുടിച്ചു ബോധരഹിതനായി അങ്ങോട്ട പാഞ്ഞുകയറി വഷളത്തം കാണിച്ചുവെന്നാണ്. ശിപായി! ഈ നാണമില്ലാത്ത ഏഭ്യന്റെ കഴുത്തിൽപിടിച്ച് അവനെ ഒരൊറ്റത്തള്ളിന്ന് ഒരു ഫർലാങ്ങ് ദൂരത്തെത്തിച്ചു തിരിച്ചുവരൂ!" എന്ന്.

അതിന്നുശേഷമാണത്രെ കേസ്സ് ജയിച്ചതിന്നുള്ള അഭിനന്ദനചിഹ്നമായി തലമുടിയെ പൂക്കൾകൊണ്ട് അലങ്കരിക്കുന്ന സമ്പ്രദായം നടപ്പിൽ വന്നത്. അന്ന് പടച്ചവന്റെ ആ ഭീമകായനായ പ്യൂൺ കഴുത്തിൽ പിടിച്ചതിന്റെ അടയാളമാണത്രെ നീലനിറത്തിൽ ഇന്നും മയിലിന്റെ വാലിന്മേൽ ശുക്ലചതുർത്ഥിയിലെ ചന്ദ്രനെപ്പോലെ അങ്ങുന്നു തൊട്ടിങ്ങോളം കാണപ്പെടുന്നത്. നടേ ചൊല്ലിയ ഹഷ്ടശ്ലോകത്തിന്റെ അർത്ഥം ഈ വ്യാഖ്യാനത്തിലെവിടേയൊ തഞ്ചി നിൽക്കുന്നുണ്ട്. സാക്ഷാൽ ഹഷ്ടമഹാകവിയെസ്സംബന്ധിച്ച് ഞാനീ സ്വാതന്ത്ര്യമെടുത്തത് അവിനയംകൊണ്ടല്ലെന്നും, മധുഷ്യന്ദിയായ ആ ഗംഭീരവാണിയുടെ നേർപ്പകപ്പ് സഞ്ജയൻ മാസികയുടെ വക്കത്തിരിക്കുന്ന കൊറികൾ കൊത്തിവിഴുങ്ങിയാൽ ഉഹനക്കുറവുകൊണ്ട് സിദ്ധിക്രുടിപ്പോകുമെന്ന് കരുതി മാത്രമാണെന്നും നിങ്ങളെ അറിയിച്ചുകൊള്ളട്ടെ! ഈ 'ഗുരുത്വ'ക്കുറവ് നിങ്ങൾ മാപ്പാക്കണം; മഹാകവി മാപ്പാക്കുമെന്ന് എനിക്ക് തീർച്ചയുണ്ട്.

അതുകൊണ്ട്, അല്ലേ എന്റെ മാന്യ സഹോദരികളേ, ഇങ്ങിനെ ആ സുപ്രസിദ്ധമായ കേസ്സിൽ ജയിച്ച ജയഭേരി മുഴക്കി, കൊടി പറപ്പിച്ചു നിൽക്കുന്ന നിങ്ങളുടെ കേശപാശത്തെ അവമാനിക്കരുതേ! അവയെ വെട്ടിച്ചുരുക്കരുതേ! എന്നു വീണ്ടും ഞാനഭ്യർത്ഥിക്കുന്നു. [തുടരും]

മാധവ്യൻ.

—•*•*•—

മാനനഷ്ടക്കേസ്സിൽ പ്രതിവക്കീൽ:—ഈ പ്രതി നിങ്ങളെ പട്ടവിഡ്ഢിയെന്നു വിളിച്ചു എന്നാണ് പറയുന്നത്. അതു ശരിയാണോ?

അന്യായക്കാരൻ:—അതെ.

പ്ര. വ.:—അതു ശരിയാണെങ്കിൽ പിന്നെ നിങ്ങൾക്ക് പ്രതിയെപ്പറ്റി എന്താക്ഷേപമാണുള്ളത്?

—•••—

ജാനുവിന്റെ മറുപടി.

പ്രിയപ്പെട്ട കമലം,

നിന്റെ എഴുത്തു കിട്ടി. ആട്ടെ, ഞാനയച്ച അഞ്ചെഴുത്തുകൊണ്ടും കൂടി ഒരു മറുപടി അയക്കുവാനെങ്കിലും നിനക്ക് സൌകര്യവും സമയവുമുണ്ടായല്ലോ. മതി, കമലം! അതുതന്നെ വേണ്ട. ഞാൻ നാടു വിട്ടതുകൊണ്ട് ദ്രോഹമൊന്നും വന്നു പോയിട്ടില്ലല്ലോ! എല്ലാം അതുപോലെ ഉണ്ടാവുകയുള്ളൂ. "കാഴ്ച വിട്ടാൽ ഓർമ്മയും വിട്ടു" എന്ന് ഇംഗ്ലീഷിൽ ഒരു പഴഞ്ചൊല്ലുണ്ട്. പണിയും മടിയുമെല്ലാം മറവുള്ളവർക്കുമുണ്ട്. ഞാൻ പരിഭവിച്ചിട്ടൊന്നും എഴുതുകയല്ല; ഞാൻ ആരുടെയും പരിഭവിക്കാറില്ല. എന്റെ അവസാനത്തെ കത്തിന്ന് നീ മറുപടി അയച്ചില്ലെങ്കിൽ എനി മരണംവരെ ഞാൻ നിനക്ക് എഴുതുകയില്ലെന്നുകൂടി ഞാൻ തീച്ചപ്പെടുത്തിയിരുന്നു.

എനിക്ക് ഇവിടെ സമയം തീരെ പോകുന്നില്ല. "ടിറ്റ് ബിറ്റ്സും" ഞാനുമായി കഴിയുകയാണ്. "ടിറ്റ് ബിറ്റ്സ്" എന്നു കേൾക്കുമ്പോൾ വല്ല ബിസ്കറോ മറ്റോ ആണെന്നുവെച്ച് നീ പരിഭ്രമിക്കുന്നുണ്ടായിരിക്കും. സാധുക്കുട്ടി! ടിറ്റ് ബിറ്റ്സെന്നു വെച്ചാൽ ആഴ്ചയിൽ പ്രസിദ്ധപ്പെടുത്തുന്ന ഒരു ഇംഗ്ലീഷ് മാസികയാണ്. അതിൽ പലതമാശകളും ഉണ്ട്. നിന്റെ മലയാളം മാസികകളെപ്പോലെയൊന്നുമല്ല. അതു വായിച്ചാൽ ചിരിച്ചു മരിച്ചു പോകും. നിനക്ക് അതു വായിച്ചാൽ മനസ്സിലാകുമെങ്കിൽ കുറെ ഞാൻ അയച്ചുതരാമായിരുന്നു. പക്ഷെ നീ ഏഴാം ക്ലാസുവരെയല്ലേ പഠിച്ചിട്ടുള്ളൂ. സ്കൂൾ ഫൈനൽ പാസ്സായവർക്കുകൂടി നല്ല ബുദ്ധിയുണ്ടെങ്കിൽ മാത്രമെ അതിലുള്ള രസികത്തമൊക്കെ മനസ്സിലാവുകയുള്ളൂ. ഞാൻ വളരെ ബുദ്ധിയുള്ളവളാണെന്നു വിചാരിച്ചിട്ട് പറയുകയല്ല. പക്ഷെ വളരെക്കാലമായി ഒരൊറ്റ ഇഷ്യൂവും വിടാതെ വായിക്കുന്നതുകൊണ്ടായിരിക്കണം, എനിക്ക് ഇപ്പോൾ അതിൽ മനസ്സിലാകാത്ത ഭാഗം അധികമൊന്നും ഇല്ല. ഇന്നാളൊരു ദിവസം അതിലെ ഒരു ഫലിതം ബാലേട്ടനു മനസ്സിലായില്ല. എന്നിട്ട് ഞാൻ പറഞ്ഞുകൊടുത്തു. ബാലേട്ടൻ പറയാൻ ബി. എ. പാസ്സായിട്ടില്ലേ? എന്നിട്ട് അമ്മ പറയുകയാണ്: "പെൺകുട്ടികളെത്തന്നെയാണ് പഠിപ്പിക്കേണ്ടത്"! അധികം പഠിച്ച ഇവന്ന് മനസ്സിലാകാത്തത് കുറച്ചു പഠിച്ച അവൾക്കല്ലേ മനസ്സിലായത്?" എന്ന്. എനിക്ക് എന്തോ അന്ന് അങ്ങിനെ ഒരു ഭാഗ്യത്തിന്ന് ശരിയായ അർത്ഥം കിട്ടിയെന്നേ ഞാൻ വിചാരിക്കുന്നുള്ളൂ. പക്ഷെ, ആകപ്പാടെ ആലോചിക്കുമ്പോൾ അമ്മ പറഞ്ഞതു തന്നെയാണെന്നു തോന്നുന്നു.

ഞാൻ സമയം പോകുന്നില്ലെന്നു പറഞ്ഞില്ലേ? അതിന്നു പ്രധാനകാരണം പ്രൊഫസർ രാധാകൃഷ്ണമേനോനെ ഏതോ ഒരു കോളേജിലെ പ്രിൻസിപ്പാളായി നിശ്ചയിച്ചതാണ്. അയാളുടെ മകനും എന്റെ വലിയ ഒരു ഫ്രൻറാണ്. ഫ്രൻറായിരിക്കുവാനുള്ള യോഗ്യതയൊന്നും അവനില്ല. പക്ഷെ പുറത്തുപോയാൽ മനസ്സിനു പിടിക്കാത്തവരുമായിട്ടും ലോഗ്യമാകേണ്ടിവരും. നീ രാധയുടെയും നളിനിയുടെയും അധികപ്രസംഗത്തെപ്പറ്റി പറയുന്നു. ആ സ്ഥിതിക്ക് നി ലില്ലിയെക്കണ്ടാൽ എന്തുപറയുമെന്ന് ദൈവം കണ്ടു!

അവളുടെ ശരിക്കുള്ള പേര് ലീലാവതിയെന്നാണ്. മദിരാശിയിൽ വന്നതിനുശേഷം ലില്ലിയാക്കിയതാണ്. എനി ഇംഗ്ലണ്ടിലോ മറ്റോ പോയിട്ടുണ്ടെങ്കിൽ മദാമ്മമാർക്കും കൂടിയില്ലാത്ത എന്തെങ്കിലും ഒരു ഇംഗ്ലീഷു പേരു കണ്ടുപിടിക്കേണ്ടിവരുമല്ലോ എന്നാണ് ഞാൻ ആലോചിക്കുന്നത്. കമലം, അവൾ ഇന്നാൾ എന്നോട് പറയുകയാണ് അവൾക്ക് മലയാള അക്ഷരങ്ങൾ എഴുതാൻ മറന്നുപോയെന്ന്. "ദ്ധ" എന്ന് എങ്ങിനെയാണ് എഴുതുക എന്ന് എന്നോട് ചോദിച്ചു. അത് പണ്ട് അറിയാമായിരുന്നവരോട്. ഇപ്പോൾ മറന്നുപോയി പോലും. ഇങ്ങിനെ ഒരു പച്ചക്കള്ളം ആരെങ്കിലും പറയുന്നത് നീ ഇതുവരെ കേട്ടിട്ടുണ്ടോ? ഒരിക്കൽ പഠിച്ചത് എങ്ങിനെയാണ് മറന്നുപോവുക? അവൾ ഇംഗ്ലീഷിൽ മാത്രമെ അഞ്ചു കൊല്ലമായി എഴുത്തയച്ചിട്ടുള്ളൂ പോലും. എനിക്കു കേൾക്കണ്ട! ഞാൻ ഇതെല്ലാം കേട്ടപ്പോൾ അമ്മയുടെ മുഖത്തു നോക്കി. എനിക്ക് വല്ലാതെ ചിരി വന്നുവെങ്കിലും ഞാൻ ചിരിച്ചില്ല. ഇന്നാളൊരു ദിവസം പോലീസ് കമീഷണരുടെ ആപ്പീസിലെ അപ്പനമ്പ്യാരുടെ

ഭാഷ്യ 'ടാം' വണ്ടിക്ക് 'ഡ്രാമ' വണ്ടിയെന്നു പറഞ്ഞപ്പോഴും ഞാൻ പൊട്ടിച്ചിരിച്ചതുകൊണ്ട് അവർ പോയപ്പോഴും അമ്മ എന്നെ ഒരു മണിക്കൂർ ചീത്തപറഞ്ഞിരുന്നു. അതുകൊണ്ടാണ് ഞാൻ ചിരിക്കാതിരുന്നത്. ഇതൊക്കെ കേൾക്കുമ്പോൾ എങ്ങിനെയാണിഷ്ടത്തി, ചിരിക്കാതിരിക്കുക?

അയ്യോ, ലില്ലിയുടെ കഥ പറഞ്ഞുതുടങ്ങിയാൽ പത്തുദിവസം മുഴുവൻ പറയുവാനുണ്ടാകും. പിന്നെയും ബാക്കിയായിരിക്കും. കോഴിക്കോട്ടെ പരിഷ്കാരമൊക്കെ ഒരു പരിഷ്കാരമാണോ? ലില്ലി ശുദ്ധ യൂറോപ്യൻ മട്ടാണ്. ഡ്രസ്സുമാത്രം അവരെപ്പോലെ ആക്കീട്ടില്ല. പക്ഷെ മദാമ്മമാരുടെ ഡ്രസ്സിനെപ്പറ്റി അവൾ സ്തുതിക്കാത്ത ദിവസമില്ല. "അച്ഛനും മറവും യൂറോപ്യൻസിന്റെ ഡ്രസ്സ് ധരിക്കാമെങ്കിൽ എന്തുകൊണ്ട് ഞങ്ങൾക്ക് സ്കർട്ടും ഹാറവും ധരിക്കാൻ പാടില്ല?" എന്ന് അവൾ പ്രൊഫസർ മേനോനോട് ചോദിച്ചുവെന്ന് അയാൾ ഇന്നാളൊരുദിവസം അച്ഛനോട് പറഞ്ഞുവത്രെ. "അങ്ങിനെ ചോദിക്കാൻ പഠിപ്പിച്ചിട്ടല്ലേ? ജാനു അങ്ങിനെ ചോദിക്കുന്നില്ലല്ലോ. അവൾ ഒരു ദിവസമേ ചോദിക്കുകയുള്ളു. കുട്ടികളെ വളർത്താനറിയണം" എന്ന് അമ്മ ഇതുകേട്ടപ്പോൾ അച്ഛനോട് പറഞ്ഞു. "അതു പരിഷ്കാരമൊന്നും എനിക്കെത്തീട്ടില്ലെ"ന്നു ഞാനും പറഞ്ഞു. അച്ഛൻ എനിക്ക് ഒരു ജോഡ് ഷൂസും സ്റ്റോക്കിങ്സും വാങ്ങിത്തന്നതുതന്നെ ഞാൻ രണ്ടുമാസം പറഞ്ഞു ബുദ്ധിമുട്ടിച്ചിട്ടാണ്. എന്നിട്ടതന്നെ വെറും കാലോടുക്കുടി സിമന്റു നിലത്തു നടന്നാൽ കാലിന്ന് സുഖക്കേടു പിടിക്കുമെന്ന് അമ്മ ഡോക്ടർ കൂപ്പിനെക്കൊണ്ട് പറയിച്ചതിന്നു ശേഷമാണ് അച്ഛൻ ഒടുക്കം സമ്മതിച്ചത്. എനിക്ക് സ്കർട്ടും ഹാറവും വേണ്ടതുകൊണ്ട് പറയുകയല്ല. വാങ്ങിത്തന്നാൽ ഞാൻ ഉപയോഗിക്കുകയുമില്ല. മറവ സകലസ്ത്രീകളും സാരിയുടുത്തു നടക്കുമ്പോൾ ഞാൻ മാത്രം അങ്ങിനെയൊരു വേഷത്തിൽ പുറപ്പെട്ടാൽ അസ്സലായില്ലേ? അതിലും ഭേദം ഒന്നും ഉടുക്കാതെ നടക്കുകയാണ്.

പിന്നെ നിനക്കൊരു രസം കേൾക്കണോ? ലില്ലി തലമുടി മുറിച്ച് മദാമ്മമാർ ചെയ്യുന്നതുപോലെ "ബോബു" ചെയ്തിരിക്കുന്നു. അവൾക്ക് ഇൗയെടെ ഇൻഫ്ലുവൻസ പിടിച്ചിരുന്നു. അതു വലിയ പനിയൊന്നുമായിരുന്നില്ല. പക്ഷെ, ആ കാരണം പറഞ്ഞ്, അവൾ ക്രോപ്പു ചെയ്യിപ്പിച്ചു. ഇപ്പോഴും കാണുകതന്നെ വേണം. അവളുടെ ധാരണ ഇപ്പോൾ വലിയ അവസ്ഥയിലായിട്ടുണ്ടെന്നാണ്. ആകപ്പാടെ തുവൽ പറിച്ച കോഴിയെപ്പോലെയുണ്ട്. ഈശ്വരാ, ആദ്യം കണ്ടദിവസം എനിക്ക് ആളെത്തന്നെ മനിസ്സിലായില്ല. തലമുടി ഒരു ന്യൂസെൻസാണെന്നും, എണ്ണ തേക്കാതെ നിവൃത്തിയില്ലെന്നും, എണ്ണ തേച്ചാൽ ബ്ലൗസ് വൃത്തികേടാകുമെന്നും മറവും അവൾ പണ്ടേ പറയാറുണ്ട്. അവളുടെ തലമുടിപോലെയാണെങ്കിൽ അതൊരു 'ന്യൂസെൻസ്' തന്നെയാണെന്നു ആർക്കും തോന്നും. ആകപ്പാടെ ഒന്നര ഫൂട്ട് നീളമുണ്ടായിരുന്നു. അതുതന്നെ വെള്ളത്തിൽ മുക്കിയ ചൂലുപോലെ ജീവനില്ലാതെ ഞാന്നുകിടക്കുന്ന വകയാണ്. അവൾ പറയുകയാണ്, നീണ്ട തലമുടി കാടന്മാരായിരുന്നപ്പോഴുള്ള മനുഷ്യരുടെ സ്വഭാവം ഇറങ്ങിവന്നതാണത്രെ, പക്ഷെ ഈ കാടന്മാരുടെ സമ്പ്രദായത്തിനുവേണ്ടി ഹേറോയിൽ വാങ്ങുവാൻ അവൾ ചെലവാക്കിയ പണംകൊണ്ട് ഒരാളെത്തന്നെ പോററാമായിരുന്നു. ഇന്നാളൊരു ദിവസം ഞാനവളുടെ വീട്ടിൽ പോയപ്പോൾ ഒരു അളമാരിമുഴുവൻ പലതരത്തിലുള്ള ഹേറോയിൽ കുപ്പികൾ നിരത്തിവെച്ചതു കണ്ടു. പക്ഷെ ഞാനതു കണ്ടതായി നടിച്ചില്ല. ഞാൻ അളമാരിയുടെ നേരെ നോക്കുന്നതു കണ്ടപ്പോൾ, അതിനെപ്പറ്റി വല്ലതും ചോദിക്കുമോ എന്നു വിചാരിച്ചിട്ടായിരിക്കണം, അവൾ എന്നെ വേറൊരു മുറിയിലേക്ക് കൂട്ടിക്കൊണ്ടു പോയിക്കളഞ്ഞു. ഓരൊ സൂത്രം! ഇതൊന്നും മററാർക്കും മനസ്സിലാവുകയില്ലെന്നാണ് അവൾ ധരിച്ചുവെച്ചിട്ടുള്ളതെന്നു തോന്നുന്നു! പാവം!

ഇപ്പോൾ അവൾ വാലു പോയ കുറുക്കനെപ്പോലെ എല്ലാവരോടും മദാമ്മമാരുടെ ബോബ് ചെയ്യുന്ന സമ്പ്രദായത്തെ സ്തുതിച്ചുകൊണ്ട് നടക്കുകയാണ്. എനി അവളുടെ തലമുടി നീട്ടുവാൻ അവൾ വിചാരിക്കുന്നില്ലത്രെ! എനിക്കതു കേട്ടിട്ട് ചിരിയടക്കാൻ കഴിഞ്ഞില്ല. പറയുന്നതുകേട്ടാൽ, തലമുടി കാലിന്റെ ഇടയിൽ തട

ഞ്ഞിട്ട് നടക്കുവാൻ കഴിയാഞ്ഞിട്ടാണ് അവ
ളം അതു മുറിച്ചുകളഞ്ഞതെന്ന് തോന്നും! ഞാൻ
ഇതിനെപ്പറ്റി ഒന്നും പറയേണ്ടെന്ന് വിചാരി
ച്ചതായിരുന്നു. പക്ഷെ എനിക്ക് മനസ്സു കേട്ടില്ല.
"അയ്യോ, ലില്ലി. എത്ര ഭംഗിയുള്ള തലമുടിയായി
രുന്നു! നീ അതു മുറിച്ചുകളഞ്ഞുവല്ലോ!" എന്ന്
ഞാൻ പരിഹാസമായി പറഞ്ഞു. പക്ഷെ അവ
ളുക്കതു പരിഹാസമാണെന്നു മനസ്സിലായില്ല.
കുറമാണോ അവരവരെപ്പറ്റി തിലോത്തമക
ളാണെന്നു വിചാരിക്കാത്ത സ്ത്രീകളം ലോകത്തി
ലില്ലെന്നു പറഞ്ഞു പുരുഷന്മാർ നമ്മളെ പരി
ഹസിക്കുന്നത്! കമലം, ഞാൻ തമാശ പറയുക
യല്ല, വാസ്തവത്തിൽ ലില്ലിയെപ്പോലെയുള്ള
സ്ത്രീകളാണ് അതിനു വഴിവെച്ചുകൊടുക്കുന്നത.
ഞാൻ ഇതു പറഞ്ഞപ്പോളം അവളം അതു വി
ശ്വസിച്ചു. ആ ഓട തച്ചു നാരാക്കി മഷിയിൽ
മുക്കി ഉണക്കിയതുപോലത്തെ സാധനം എ
ന്റെ തലയിലായിരുന്നുവെങ്കിൽ, എന്റെ ഇഷ്ട
ത്തി, നൂറാളകളം പറഞ്ഞാലും അതു ഭംഗിയുള്ള
തായിരുന്നുവെന്നോ, അതു മുറിച്ചുകളഞ്ഞത് ക
ഷ്ടമായിപ്പോയെന്നോ ഞാൻ ഈ ജന്മം വി
ശ്വസിക്കുകയില്ല. പക്ഷെ അവളത് വിശ്വസി
ച്ചു. പെട്ടെന്ന് ഒരു മങ്ങൽ അവളുടെ മുഖത്തു
വന്നതു ഞാൻ കണ്ടു. അത് അമ്മയും സൂക്ഷിച്ചു
വെന്നു അവർ പിന്നീട് പറഞ്ഞു. എന്നിട്ട് ലി
ല്ലി പറയുകയാണ്: "അതുകൊണ്ടെന്താണ്? വേ
ണമെങ്കിൽ അതു പിന്നെയും വളത്തിക്കളടെ?"
എന്ന്. "ഹോയിൽ കമ്പനിക്കാക്ക് ആദായ
ത്തിന്ന് വഴിയായി" എന്ന് പറഞ്ഞാലോ എ
ന്ന് ഞാൻ വിചാരിച്ചു. പക്ഷെ ഞാനതു പറ
ഞ്ഞില്ല. അല്ലെങ്കിൽത്തന്നെ അമ്മ എന്നെപ്പ
റ്റി പറയും ഈ ജാനുവിന്റെ നാവിന്റെ അ
റം കുറച്ചു മുറിക്കണമെന്നു്. ഞാൻ കണ്ടാൽ
കണ്ടതു പറയും, ആരു മുഷിഞ്ഞാലും ശരി, തെ
ളിഞ്ഞാലും ശരി. മണിയും കിണിയുമൊന്നും എ
നിക്കില്ല. അമ്മയുടെ മീത്ത പറച്ചൽ ഭയപ്പെ
ട്ടിട്ട മാത്രമാണ് ഞാൻ അപ്പോളം ഒന്നും മി
ണ്ടാതെയിരുന്നത്.

കമലം, നിനക്ക് വേറെ ഒരു സംഗതി കേൾ
ക്കണോ? ഇതാ നീ ഇത് കൊന്നാലും വേറെ
ആരോടും പറയരുത്. നിന്നോട് അങ്ങിനെപറ
യേണ്ടുന്ന ആവശ്യമില്ലെന്ന് എനിക്കറിയാം.
എന്നാലും ഞാൻ പറയുകയാണ്. ലില്ലി ഏ
തൊ ഒരു ബങ്കാളിയെയാണുപോലും വിവാ
ഹം ചെയ്യുവാൻ പോകുന്നത്. അയാളം എഫ്.
സി. എസ്. ഡിപ്പാർട്ടുമെണ്ടിൽ ഒരു ഉദ്യോഗ
സ്ഥനാണുപോലും, രണ്ടായിരം ഉറുപ്പിക മാസ
പ്പടിയുണ്ടത്രേ. ഇതിനൊക്കെ എന്താണ് പേര്!
എനിക്ക് ഈ വിവരം കേട്ടപ്പോളം ദ്വേഷ്യം
കൊണ്ട് കണ്ണിൽ വെള്ളം വന്നുപോയി. നമ്മു
ടെ നാട്ടിൽ അവളുടെ യോഗ്യതക്ക് അനുസരി
ച്ച പുരുഷന്മാരില്ലേ? അല്ലെങ്കിൽത്തന്നെ ബങ്കാ
ളി! കേട്ട വിവരം ശരിയായിരിക്കുകയില്ലെന്നാ
യിരുന്നു ഞാൻ ആദ്യം വിചാരിച്ചത്. പ
ക്ഷെ അവളുടെ അച്ഛൻ പോകുന്നതു
കൊണ്ട് ഇവിടെവെച്ച് നടത്തിയ ടീപാർട്ടി
ദിവസം അവളോട് ഞാൻ തമാശയായിട്ടെന്ന
പോലെ ഈ വിവരത്തെപ്പറ്റി ചോദിച്ചു. "നി
ന്നോട് ആരാണ് പറഞ്ഞത്?" എന്നാണ് അ
വളം ആദ്യം എന്നോട് ചോദിച്ചത്. പിന്നെ
അവളം അതൊക്കെ കളവാണെന്നു പറഞ്ഞു.
പക്ഷെ ആദ്യത്തെ ചോദ്യംകൊണ്ട് കള്ളി വെ
ളിച്ചത്താക്കിയ കഥ അവളം ആലോചിച്ചില്ല.
അന്ന് അമ്മ അവളുടെ അമ്മയോട് പുറാജ്യ
ക്കാരെ സംബന്ധം ചെയ്താലുള്ള തകരാറുകളെ
പ്പറ്റി, ഈ കഥയൊന്നും അറിഞ്ഞ ഭാവം നടി
ക്കാതെ, സാമാന്യമായി പറഞ്ഞു. അപ്പോളം
അവളുടെ അമ്മ "പുറാജ്യക്കാരെന്താ
ണ് നമ്മളെപ്പോലെയല്ലേ? രാജ്യമേതായാലും
ആളം നന്നായിരിക്കണമെന്നേയുള്ളു. നല്ല ആള
കളും ചീത്ത ആളകളും ഏതു രാജ്യത്തും ഉണ്ടാ
കും" എന്നാണ് മറുപടി പറഞ്ഞത്. എനിക്ക്
ഈ വിവരത്തെപ്പറ്റി വല്ല സംശയവും ഉ
ണ്ടായിരുന്നുവെങ്കിൽ അതു കേട്ടപ്പോൾത്തീ
ന്നു. അമ്മക്കും. ഇഷ്ടത്തി, ഈ വിവരം പര
സ്യമാകുന്നതിനുമുമ്പ് നീ ആരോടും—ഒരൊറ
ആളോടും—പറയരുതേ! ഇത ആദ്യം നിനക്ക് എ
ഴുതേണ്ട എന്നുകൂടി ഞാൻ വിചാരിച്ചതായിരുന്നു.
പക്ഷെ നീ ആയതുകൊണ്ട് എങ്ങിനെയാണ്
എഴുതാതിരിക്കുക എന്നു കരുതി പറഞ്ഞതാണ്.

നമ്മളം ആരെങ്കിലും ഇതിനെപ്പറ്റി എന്തെ
ങ്കിലും പറഞ്ഞാൽ അവളം അതുവളരെ മാസ
പ്പടിയുള്ള ഒരാളെ സംബന്ധം ചെയ്യുന്നതുകൊ

ണ്ടുള്ള അസൂയയാണെന്നു പറയും. ആളുകൾക്കു എന്താണ് പറഞ്ഞുകൂടാത്തത്? ഞാൻ വാസ്തവത്തിൽ പറയുന്നത് ലില്ലിയെ ആലോചിച്ചിട്ടുമാത്രമാണ്. നൂറായിരം ദോഷമുണ്ടെങ്കിലും അവളുടെ ഉള്ളിൽ കറയില്ല. അതാണ് ഈ മാതിരി അബദ്ധത്തിലൊക്കെ ചെന്നു ചാടുന്നത്. കമലം, നീ വിചാരിക്കുന്നുണ്ടോ ആ സംബന്ധം നടന്നാൽ അധികകാലത്തേക്കു നിലനിൽക്കുമെന്ന്? എനിക്കു തോന്നുന്നില്ല. ബങ്കാളികൾ എന്നു പറഞ്ഞാൽത്തന്നെ വല്ലാത്ത ഒരു കൂട്ടരാണ്. ഗവർമ്മേണ്ടുകൂടി അവരെ ഭയപ്പെട്ടിട്ടാണ്. എന്തൊക്കെയൊ! അതിനെപ്പറ്റി ആരെങ്കിലും അവളുടെ അച്ഛനോട് പറയേണ്ടതാണ്. അല്ലെങ്കിൽ എന്തു പറഞ്ഞിട്ടെന്താണ്? അയാൾ വല്ലാത്ത ഒരു സ്വഭാവക്കാരനാണ്. ഭാഗ്യമാണെങ്കിൽ പതിനായിരം ഉറുപ്പിക മാസപ്പടിയുണ്ടെന്നു കേട്ടാൽ കാപ്പിരിയെക്കൂടി മകളുടെ ഭർത്താവായി എടുക്കും. എന്തെങ്കിലും ആയിക്കൊള്ളട്ടെ. ഓരോരുത്തർക്ക് വിധിച്ച പോലെ വരും—അല്ലേ?

ഇഷ്ടത്തി, മെയിൽ പോകാറായി. ഞാൻ എനിയും എഴുതുവാനുള്ളതിന്റെ ഒരു കാലോഹരി എഴുതീട്ടുമില്ല. ഈ എഴുത്ത് ഒന്നേകാലണക്കു തന്നെ പോകുമോ എന്ന് സംശയവുമാണ്. അതുകൊണ്ട് ഞാൻ ഇവിടെമതിയാക്കുന്നു. പക്ഷെ നീ ഇതിന് മറുപടി അയക്കേണ്ട. രണ്ടു ദിവസത്തിന്നകത്ത് ഞാൻ ബാക്കി വിവരങ്ങൾ വേറെ ഒരെഴുത്തിൽ എഴുതാം അതുകൂടി കിട്ടീട്ട് നീ മറുപടി എഴുതിയാൽ മതി. എന്നു പ്രിയപ്പെട്ട കമലത്തിന്ന് സ്നേഹം,

ജാനു.

ഞാൻ പി. എസ്സ്. എഴുതേണ്ട എന്നു വിചാരിച്ചതായിരുന്നു. പക്ഷെ നീ പരിഭ്രമിക്കേണ്ടെന്നു കരുതി എഴുതുകയാണ്. സാരിയുടെ കാര്യം ഞാൻ മറന്നിട്ടില്ല. അതിനെപ്പറ്റിയൊക്കെ അടുത്ത എഴുത്തിൽ എഴുതാം.

സ്വ. ജാനു.

എല്ലാവരോടും അന്വേഷണം. ഇവിടെ ചന്ദ്രനും, പത്മിനിക്കും പനിയായിരുന്നു. ഇപ്പോൾ സുഖമുണ്ട്. നിനക്കു സുഖമെന്നു വിശ്വസിക്കുന്നു.

സഞ്ജയന്റെ എഴുത്തുപെട്ടി.

പി. എസ്സ്. എഴുത്തുകാർക്ക് മറുപടി പറയുന്നു.

അഭിപ്രായം മതിയോ?

താൻ സഞ്ജയന്ന് പതിവായി ലേഖനങ്ങൾ അയച്ചുകൊള്ളാമെന്ന് ഒരു ലേഖകൻ സദയം ഏറ്റിരിക്കുന്നു.

പക്ഷെ അവയെ പതിവായി സ്വീകരിച്ചുകൊള്ളാമെന്ന് സഞ്ജയൻ ഏല്ക്കുന്നുണ്ടോ എന്നുകൂടി അദ്ദേഹം അറിയുവാൻ ശ്രമിക്കേണ്ടതായിരുന്നു.

* * *

'ആണെ'ങ്കിലും—

ഒരു മാന്യവായനക്കാരി അഭിനന്ദനപൂർവ്വം പി. എസ്സിന്നയച്ച ഒരെഴുത്തിൽ സഞ്ജയനെ "അബലാദോഷൈകദൂക്കേ!" എന്ന് അഭിസംബോധനം ചെയ്തിരിക്കുന്നു.

ഇത് തീച്ചയായും സഞ്ജയൻ അറിയാത്തതാണ്. പി. എസ്സ്. "അബലാദോഷൈകദൂക്ക"ല്ല; ആണെങ്കിൽ ശ്രീമതി അതു പറഞ്ഞു മതിയാക്കുമോ? അല്ലെങ്കിൽ, പറഞ്ഞത് അധികമായിപ്പോയില്ലേ?

* * *

കുറി തെറ്റിയാലേ 'മിസ്സാ'വൂ!

അതേ എഴുത്തിൽ "കീശയെപ്പറ്റി Miss ആണെന്നു പറഞ്ഞ ഉടനെ പ്രസ്താവിച്ച കഥ ആക്ഷേപാർഹം തന്നെയാണോ!" എന്നും ശ്രീമതി ആവലാതിപ്പെടുന്നു.

അല്ല, ശ്രീമതി! കഥയിൽ പറഞ്ഞ സംഭവം നടക്കുമ്പോൾ മിസ്സ് കീശ മിസ്സിസായിക്കഴിഞ്ഞിട്ടുണ്ടായിരിക്കുമെന്ന് അനുമാനഗോചരമല്ലേ? വേറൊരു വഴിക്ക് നോക്കുകയാണെങ്കിൽ, കീശകളുടെ ഇടയിൽത്തന്നെ മിസ്സിമാരും മിസ്സിസ്മാരും ഉണ്ടാകാം. അവരെപ്പറ്റി അതു പറഞ്ഞു; ഇവരെപ്പറ്റി ഇതു പറഞ്ഞു—എന്നും വെച്ചുകൂടെ?

* * *

കുറ്റമല്ലെങ്കിൽ കുറവ്.

ആകപ്പാടെ ഇക്കാര്യത്തിൽ സഞ്ജയന്റെ 'മേൽനോട്ടം' മതിയായില്ലെന്ന് ശ്രീമതി ധ്വനിപ്പിക്കുന്നു.

പക്ഷെ മേൽനോട്ടം അധികമായിപ്പോയാൽ 'കുറ്റ'മില്ലാത്തെടത്തും 'കുറവു' വന്നേക്കാമെന്ന് ഒരു തകരാറില്ലേ?

* * *

നോട്ടത്തിന്റെ നോട്ടം.

കഴിഞ്ഞ തവണ സഞ്ജയന് "ഏപ്രിൽ ഹൃദയം" എന്ന പേരു വെച്ചെഴുതിയ സഞ്ജയബന്ധു ഇത്തവണ "നോട്ടങ്ങൾ"മെന്ന പേരിൽ ഇങ്ങിനെ എഴുതുന്നു:

"സഞ്ജയന്റെ മുൻഭാഗം കണ്ടപ്പോഴാണ് ഞാനൊന്നു ഞെട്ടി. മലബാറുകാരുടെ പിന്നിൽനിന്നു എല്ലാടവുമുള്ള 'ഇരുട്ടോടിച്ചും'കൊണ്ട് ലോകത്തിന്റെ 'ഗാഷ്ടി'കളെ വീക്ഷിക്കുന്ന സഞ്ജയൻ—മലപ്പുറത്തെ, അല്ല, പാറപ്പുറത്തെ സഞ്ജയൻ—ആണെനിക്കു പ്രത്യക്ഷീഭവിച്ചത്. സഞ്ജയൻ കാണുന്ന ലോകം—'ഈശ്വരൻ ഇല്ല' എന്നൊഴുതി നടക്കുന്ന നിരീശ്വരവാദികളാലും, അപകടമായ പാലത്തിന്മേൽക്കൂടി പ്രയാണം ചെയ്യുന്നത് ദുർഗ്രന്ഥം ഒരു നരബലി കഴിച്ചതിനു ശേഷമാണ് വേണ്ടതെന്ന് പ്രവൃത്തിരൂപേണ ഉപദേശിക്കുന്ന മു. കെ. കളാലും, നിലം തൊടാത്ത വാജിയാൽ നയിയ്ക്കപ്പെടുന്ന രഥത്തിൽ ആരൂഢമായ ഡി. ബോഡ്കുകളാലും, 'സാഹിത്യവിപ്ലവത്തിനു' 'കീ-ജെ!' വിളിച്ചുനടക്കുന്ന സംഘക്കാരാലും, അവരാലും ഇവരാലും കിഴക്കാംതൂക്കമായി മറിയുന്ന ലോകം—മലകളാലും കുറിക്കാട്ടകളാലും നിറയപ്പെട്ട ഒന്നാണ്. ഇവയെല്ലാം ഉപരിയായി, ഇരുവശവും ഭദ്രദീപങ്ങളോടുകൂടി, സാക്ഷാൽ വാഗധീശ്വരിയും സഞ്ജയന്റെ ദൃഷ്ടികോണിൽ പതിയുന്നുണ്ട്. എന്നാൽ സഞ്ജയന്റെ നോട്ടം വേറെ എവിടെയോ ആണ് ചെന്നോറിട്ടുള്ളത്. അത് ആരാഞ്ഞറിയുന്നവനാണ് ബുദ്ധിമാനിദ്ധരണ്യാം!"

മി: നോട്ടങ്ങൾത്തിന്റെ നോട്ടം, കണ്ടെടത്തോളം, ലാക്കു പിഴച്ചിട്ടില്ലെന്ന് പി. എസ്സ്. സസന്തോഷം സമ്മതിക്കുന്നു. പക്ഷെ വെവ്വേറെയായി നോക്കിയതുകൊണ്ട് മുഴുവന്റെ കാഴ്ച വിട്ടുപോയി. അസുന്ദരവും, കൃത്രിമവും, പലവിധത്തിലും അസഹ്യവുമായ അടിത്തട്ടിലുള്ള യാഥാർത്ഥ്യത്തെ, ഭാവനാജന്യങ്ങളായ കൃത്രിമസൃഷ്ടികളം വഴിയായി മേലെത്തട്ടിൽ ഇരുന്നുന്ന വാഗ്രൂപിണിയായ കലയോട് സംബന്ധിപ്പിക്കുവാനാണ് പി. എസ്സിന്റെ വിനീതശ്രമമെന്നുകൂടി ആ "ഹാസ്യചിത്രം"—അഞ്ജിനെയാണ് "സഞ്ജയ" ന്റെ ഒരു മാന്യസഹജീവി അതിനെ സഭയം വിളിക്കുന്നത്—പറയുന്നില്ലേ?—ഇല്ലെങ്കിൽ പോട്ടെ!

* * *

തിരിച്ചുനോക്കൂ!

പക്ഷെ സഞ്ജയൻ മി: ശൌനകനെ അസിസ്റ്റാണ്ടായി സ്വീകരിച്ചത് അത്ര പന്തിയായില്ലെന്ന് മി: നോട്ടങ്ങൾം അഭിപ്രായപ്പെടുന്നു. "കൂട്ടത്തു പറ്റിയില്ലെ"ന്നാണദ്ദേഹത്തിന്റെ പരാതി.

മി: നോട്ടങ്ങൾം ശൌനകനെ അങ്ങിനെ പുച്ഛിക്കുത്. ദത്താത്രേയന്റെ ചിത്രത്തിൽ കാണുന്നാലു നായ്ക്കളാരെല്ലാമാണെന്ന് മി: നോട്ടങ്ങൾം അറിയുകയില്ലേ? ധർമ്മപുത്രരുടെ നിഷ്ഠാപട്ടത്തിനു ഉരകല്ലായിത്തീർന്നത് കാലമൂത്തിയുടെ ശുനകാവതാരമാണെന്ന് (മി: ശൌനകൻ കാലസൂചിയായ ടൈം പീസ്സിന്മേൽ കാലൂന്നി നിൽക്കുന്നതു കണ്ടില്ലേ?) മി: നോട്ടങ്ങൾം ആലോചിച്ചുവോ? മനുഷ്യനെ ആരു വെടിഞ്ഞാലും അവന്റെ നായ വെടിയുകയില്ലെന്ന് മി: നോട്ടങ്ങൾം മനസ്സിലാക്കീട്ടില്ലേ? "His Master's Voice" ഗ്രാമഫോൺ പെട്ടിയിൽനിന്ന് പുറപ്പെടുന്ന ശബ്ദം യന്ത്രത്തിന്റെതല്ലെങ്കിൽ യന്ത്രി ആരായിരിക്കുമെന്ന് അത്ഭുതപ്പെട്ടുകൊണ്ട് റിക്കാർഡിന്റെ കൂടെ സദാ തിരിഞ്ഞുകൊണ്ടിരിക്കുന്ന ശുനകന്റെ ചിത്രത്തിൽ മിസ്റ്റിസിസത്തിന്റെ ഒരു നിഴൽ കാണുവാൻ മി: നോട്ടങ്ങൾത്തിനു കഴിഞ്ഞിട്ടില്ലേ? ഇതൊന്നും പോരെങ്കിൽ, 'Dog' എന്നുള്ളത് തലതിരിച്ചു വായിച്ചാൽ 'God' എന്നായിത്തീരുമെന്ന് മി: നോട്ടങ്ങൾം ഗ്രഹിച്ചിട്ടില്ലേ? സഞ്ജയന്റെ ലോകം ഒട്ടടിക്കുകളിൽ തലതിരിഞ്ഞതായിരിക്കുമെന്ന് പൂരംകവറിലെ ഏതാനും ചില സചിത്രപടങ്ങൾം മുന്നറിയിപ്പു തന്നിട്ടില്ലേ? ഇത്രയൊരു കാര്യത്തിനു ഇത്രയും കാരണങ്ങൾം പോരെ?

അവസാനമായി മി: നോട്ടങ്ങൾത്തിന്റെ ആശിസ്സുകൾക്ക് സഞ്ജയൻ സവിനയം നന്ദി പറയുന്നു.

അനുബന്ധം *

'സഞ്ജയൻ' മാസികയുടെ അദ്യത്തെ ലക്കം കയ്യററിയതിന്നുശേഷം അതിനെക്കുറിച്ച് തങ്ങളുടെ വിലയേറിയ അഭിനന്ദനാഭിപ്രായങ്ങളെ, പദ്യത്തിലും, ഗദ്യത്തിലും, ചമ്പൂരീതിയിലും സഞ്ജയന്ന് സമ്മാനിച്ചിരിക്കുന്ന വെസ്റ്റ്കോസ്റ്റ് സ്പെക്ടേറർ, വെസ്റ്റ് കോസ്റ്റ് റിഫോർമർ, ചാമ്പിയൻ, ചന്ദ്രിക, സത്യവാദി, മാതൃഭൂമി, മനോരമ, അൽ-അമീൻ, മിതവാദി, എന്നീ പത്രങ്ങളെയും, മലനാട്ടിലും മറുനാട്ടിലുമുള്ള സ്ത്രീകളും പുരുഷന്മാരുമായ സഞ്ജയബന്ധുക്കളെയും, പി. എസ്സ്. അകൈതവമായ കൃതജ്ഞതയോടുകൂടി കൈക്കൂപ്പിത്തൊഴുത്, തന്റെ നന്ദിയെ ഇവിടെ രേഖപ്പെടുത്തുന്നു. പക്ഷെ ഒരു കാര്യം സഞ്ജയൻ ചെയ്യാൻ ശക്തനല്ലാതെ കുഴങ്ങുന്നു. അത് പി. എസ്സിനെക്കുറിച്ച് പ്രസ്തുതഅഭിപ്രായങ്ങളിൽപലതിന്റെ അടിയിലും, ജാതിക്കല്ലിന്നുള്ളിൽ നീരോട്ടം പോലെ, തെളിഞ്ഞുമിന്നുന്ന അകളങ്കസ്നേഹത്തിന്നു് ഉചിതമായ വിധത്തിലുള്ള കൃതജ്ഞതാപ്രകടനമാണ്. തന്റെ വികാരങ്ങളെയും വിചാരങ്ങളെയും, മുക്കിമൂളിയെങ്കിലും, മലയാണ്മയിൽ കഷ്ടിച്ചൊക്കെ പറഞ്ഞൊപ്പിക്കാമെന്നുള്ള ധൃഷ്ടത പി. എസ്സിന്നുണ്ടായിരുന്നില്ലെന്നു പറയാൻ വയ്യ. പക്ഷെ അത് പ്രസ്തുതസഹജീവികളിൽ ചിലരും, മേപ്പടി സുഹൃത്തുക്കളിൽ പലരും ഒന്നുമേ ന്നു പാളിസ്സാക്കിയിരിക്കുന്നു. അതുകൊണ്ട് അവരുടെ നേരെ, വിലമതിക്കുവാനാകാത്ത ആ സ്നേഹത്തെക്കുറിച്ച് സഞ്ജയന്നുള്ള നന്ദിയെ, ഈ പേനക്ക് എന്തിത്തൊടുവാൻപോലും അസാധ്യമായ വികാരങ്ങളുടെ പട്ടികയിൽച്ചേർത്തു, "ഏതെങ്കിലും ഒരു കാലത്ത് സഞ്ജയൻ അതിന്റെ ഏതാനും ഒരംശമെങ്കിലും അർഹിയ്ക്കുമാറാകണേ!" എന്ന പ്രാർത്ഥനയോടുകൂടി, പി. എസ്സ്. തന്റെ ഹൃദയാന്തർഭാഗത്തു നിക്ഷേപിയ്ക്കുന്നു. * എല്ലാവക്കും നമസ്കാരം!

* * *

ഇതൊക്കെ എഴുതിക്കണ്ട അഭിപ്രായങ്ങളാണ്; പറഞ്ഞു കേൾക്കുന്ന അഭിപ്രായങ്ങൾ ഇവയിൽനിന്ന് ഏറക്കുറെ വ്യത്യാസപ്പെട്ടിരിക്കുന്നു എഴുതിക്കണ്ട അഭിപ്രായങ്ങൾ പത്രാധിപരെ കൃതാർത്ഥനാക്കുന്നുണ്ടെങ്കിലും, പറഞ്ഞുകേട്ട വിമർശനം മാനേജരെ പ്രസാദിപ്പിച്ചിട്ടില്ല. പലരും അതിലെ പല ഫലിതങ്ങളും മനസ്സിലായിട്ടില്ലെന്ന് പരാതി പറയുന്നവരത്രെ. "നാട്ടിൽ പന്തീരായിരത്തിന്നു പിടിച്ചില്ലെങ്കിലെന്താണ്? അവരുടെ അടുക്കലേക്ക് ഇറങ്ങിക്കൊള്ളണമെന്നുണ്ടോ? അഭിജ്ഞന്മാരുടെ തൃപ്തിയല്ലേ കാര്യം? അവരാരും മറുവാക്കുരച്ചില്ലല്ലോ!" എന്ന് പി. എസ്സ്. മാനേജരോടു പറഞ്ഞു. എന്നാറെ, മാനേജർ പറഞ്ഞതാവിത്: "അഭിജ്ഞന്മാരെ ഡസൻകണക്കായല്ലേ എണ്ണിച്ചൊട്ടെ? 'പഞ്ച്' പത്രം വായിച്ചാൽ അതിലെ ഫലിതങ്ങളും മനസ്സിലാക്കി രസിക്കുന്ന ബി. യ്ക്കാർ പോലും മലബാറിൽ എത്രയുണ്ടെന്നാണ് തന്റെ ഭവാൻ വിചാരിക്കുന്നത്? 'പഞ്ചി'ൽ ഫലിതമില്ലെന്ന്, തങ്ങൾക്കൊന്നും മനസ്സിലാകാത്തതുകൊണ്ട്, അവക്ക് പറയുവാൻ കരളുറപ്പുണ്ടാകുമോ? ഇല്ല. പക്ഷെ "സഞ്ജയ"നെക്കുറിച്ച് അവരത് പറയും: തങ്ങൾക്ക് മനസ്സിലാകാത്തത് -- തങ്ങ

* 1936 ഏപ്രിൽ 29-ാംനം. തെ "കേരളപത്രിക" 8-ാംപെയ്ജിൽനിന്ന് പകർത്തിയത്.

ളെ രസിപ്പിക്കാത്തത് — ഫലിതമല്ലെന്നു പറയും; ധൈര്യപ്പെട്ടു പറയും. തടാകത്തിൽ പളുങ്കിനു തുല്യമായ വെള്ളവും, താമരയും ഉണ്ടോ? എന്നല്ല കൊറ്റി അനേഷിക്കുക; ഞണ്ടും തവളയുമുണ്ടോ? എന്നാണ്. അവരെ കുറ്റം പറയുന്നതു വങ്കത്തവുമാണ്. ഈ ലോകത്തിൽ കൊറ്റികളാണധികമുള്ളത്, അരയന്നങ്ങളല്ല. 'സഞ്ജയൻ' അഭിജ്ഞന്മാരെ തൃപ്തിപ്പെടുത്തിയാൽ മതിയെങ്കിൽ മാസിക ഡസൻ കണക്കായി അടിച്ചാ മതി! ആയിരക്കണക്കായി അടിക്കണമെങ്കിൽ, അനഭിജ്ഞന്മാരെയും കണ്ണിൽപ്പെടുത്തണം. മലബാറിൽ 'പഞ്ചി'ന്റെ എയ്ജൻസി എടുക്കുന്നവന്ന് പട്ടിണിയായിരിക്കും ഫലം. അതുകൊണ്ട്, അടുത്ത ലക്കത്തിൽ, ഒയ്യെയ്യൂ, രണ്ടോ നാലോ ഞണ്ടിനെയെങ്കിലും പിടിച്ചിട്ടേക്കണം. ഇല്ലെങ്കിൽ, അഭിജ്ഞന്മാരോട് കോപ്പിയൊന്നിന് പത്തുറുപ്പിക വാങ്ങണം!"

ഏതാണ്ട് മഹാകവി വള്ളത്തോൾ പറഞ്ഞപോലെ,

"എന്തൊക്കെയോ, ഹന്ത, കഥിച്ച വീണ്ടും
മാനേജർ, പബ്ലിക്കിനു 'കേയ്റർ'
ചെയ്യോൻ;
പീയെസ്സതിനുത്തരമൊന്നു മോതീ—
ലുൽകണ്ഠ പാശ്വസ്ഥിതർ പാഴിലേന്തീ!"

* * * *

ഇതൊക്കെ സഞ്ജയൻ സമ്മതിക്കുന്നു; സശിരഃകമ്പം സമ്മതിക്കുന്നു, എന്നുകൂടിപ്പറയാം. അതുകൊണ്ട് അടുത്ത ലക്കത്തിൽ സഞ്ജയൻ ഒരു ചെറിയ പാർസൽ ഞണ്ടുകളെയും, വളരെ ബീഭത്സമല്ലാത്ത കുറച്ചു തവളകളെയും വെള്ളത്തിൽ തുള്ളിച്ചിട്ടുണ്ട്. അവയോട് കൊറ്റികൾ കാണാത്തക്ക വിധത്തിൽ പൂർണ്ണമായി നീന്തിക്കളിക്കുവാൻ അനുജ്ഞാപിച്ചിട്ടുമുണ്ട്. പക്ഷേ സഞ്ജയൻ മാനേജരോട് ഒരു കാര്യം പറഞ്ഞു. അതാവിത്: "മാനേജരേ, കൊറ്റികളുടെ കാര്യം സമ്മതിച്ചു. ഞണ്ടും തവളയുമിതാ! എനി അട്ടയും, നീക്കോലിയും, അടിയിൽ ചളിയും, കുറച്ചൊരു ദുർഗന്ധവും കൂടിയായാലെ 'ഏ—വൺ' ആവുകയുള്ളുവെന്ന് സിദ്ധാന്തിക്കുന്നവരുണ്ടായേക്കും. ഇവക്കൂടിയുണ്ടായാൽ പതിനായിരം കോപ്പി അടിച്ച ദിവസം പോകുമെന്ന് വാദാനം ചെയ്യുന്നവർ വന്നുകൂടും. "ഇന്നലെക്കിലെ ഇന്ന ഉദ്യോഗസ്ഥൻ രാത്രി ഇത്ര മണിക്ക് ഇന്ന ഇടവഴിയിൽക്കൂടി പതിവായി പോകുന്നതിന്റെ കള്ളി ഞങ്ങൾക്കു തിരിഞ്ഞുപോയി" എന്ന മട്ടിലുള്ള "ഫലിതം" കൂടി കാണണമെന്നു ആവശ്യപ്പെടുന്നവർ ഏജണ്ടുമാർ മുഖേന വിവരമറിയിക്കും. അവക്കും വിളമ്പണമെങ്കിൽ കോരിക വേറെ വാങ്ങണം—ട്ടോ, മാനേജരേ! അവരാണ് വായനക്കാരുടെ ഇടയിൽ ഭൂരിപക്ഷമെന്നു എനിയും തെളിഞ്ഞിട്ടില്ല. നിങ്ങൾ തെളിയിക്കുന്ന ദിവസം, ഭഗവാനാണെ, നിങ്ങളുടെ കാലാണെ സത്യം, പി. എസ്സ്. ഈ പേന വലിച്ചെറിഞ്ഞ്, മനസ്സിനൊത്ത അരഡസൻ ചങ്ങാതിമാരെയുംകൂട്ടി, പാറപ്പുറത്തു ചെന്നിരുന്ന്, പണ്ടൊക്കെ ചെയ്തിരുന്നപോലെ, വെടി പറഞ്ഞു സമയം കളയും. പത്രലോകത്തിലേക്ക്, 'പിഴപറ്റീയേതോ വഴിതെറ്റി' വന്നു കയറിയ 'സഞ്ജയൻ' മാസിക, ആ പാറപ്പുറത്തിന്റെയും അപ്പുറത്ത് മറയുകയും ചെയ്യും! അതിനെക്കൊണ്ട് പിന്നീട് പ്രയോജനമില്ല!"—

ഇതി. സഞ്ജയൻ.

അറിയിപ്പ്.

1. 'സഞ്ജയ'ന്ന് കേരളത്തിലും, പുറമെ മലയാളികൾ അധികമുള്ള നഗരങ്ങളിലും ഏജണ്ടുമാരെ ആവശ്യമുണ്ട്. കമീഷൻതോതുകൾക്ക് താഴെ ചേർക്കുന്ന വിലാസത്തിൽ എഴുതിച്ചോദിക്കുക.

2. ഒറ്റപ്രതിയ്ക്കാവശ്യപ്പെടുന്നവർ രണ്ടണയുടെ സ്റ്റാമ്പയച്ചാൽ പോര; രണ്ടേകാലണയുടെ സ്റ്റാമ്പയക്കണം.

3. ഒറ്റപ്രതിയ്ക്ക് പുറംകവറിന്മേൽ ചേർത്തുകാണുന്ന 2ണ. വില ഇന്ത്യയ്ക്കുള്ളിലാണ്. സിലോൺ, എഫ്. എം. എസ്സ്. മുതലായി ഇന്ത്യയ്ക്കു പുറമെയുള്ള സ്ഥലങ്ങളിൽ ഒരു പ്രതിയ്ക്ക് വില 3 അണയും, ഒരു കൊല്ലത്തേക്കുള്ള വരിസംഖ്യ 2ക. 4ണ. യുമാണ്.

4. വി. പി. യായി ആർക്കും മാസിക അയച്ചുകൊടുക്കുന്നതല്ല.

5. പരസ്യങ്ങൾ അയക്കുന്ന ഏജണ്ടുമാർക്ക് അതിനുള്ള കമ്മിഷൻ വേറെ കൊടുക്കുന്നതാണ്.

6. ചിറക്കൽ, കാസർഗോഡ് എന്നീ താലൂക്കുകളിലേക്ക് "സഞ്ജയ"ന്റെ പ്രധാന ഏജണ്ടായി മി: കെ. യു. പണിക്കരെ നിശ്ചയിച്ചിരിക്കുന്നു. മേപ്പടി താലൂക്കുകളിൽ എവിടെയെങ്കിലും സബ്ബ് ഏജൻസി വേണമെന്നുള്ളവർ മി: കെ. യു. പണിക്കർ, "സഞ്ജയൻ" ഏജണ്ട്, P. O. Cannanore എന്ന മേൽവിലാസത്തിൽ അദ്ദേഹത്തോട് നേരിട്ട് എഴുതിച്ചോദിക്കേണ്ടതാണ്.

മാനേജർ, "സഞ്ജയൻ",
സഞ്ജയൻ ആപ്പീസ്,
P. O. Puthiyara,
(Malabar, S. India)

ലേഖകന്മാരോട്.

"സഞ്ജയ"നിൽ പ്രസിദ്ധീകരണത്തിന്നയക്കുന്ന ലേഖങ്ങളിൽ സഞ്ജയന്റെ ആദർശത്തിന്നും ശൈലിയ്ക്കും ഉപയുക്തമായ എല്ലാ മാറ്റങ്ങളും വരുത്തിയതിന്നു ശേഷമേ അവയെ പ്രസിദ്ധപ്പെടുത്തുകയുള്ളു. ചിലപ്പോൾ ഉപന്യാസങ്ങളുടെ അധികഭാഗവും മാറ്റിയെഴുതപ്പെട്ട എന്നും വന്നേക്കാം. ഈ സ്വാതന്ത്ര്യം സാഹിത്യനായകന്ന് അനുവദിക്കുവാൻ ഇഷ്ടപ്പെടാത്തവർ മുൻകൂട്ടി വിവരമറിയിക്കണം; ഉപന്യാസം തിരിച്ചുകിട്ടേണമെന്നാഗ്രഹമുണ്ടെങ്കിൽ, അതിന്റെ കൂടെത്തന്നെ, ലേഖകന്റെ പേരും മേൽവിലാസവുമെഴുതി സ്റ്റാമ്പൊട്ടിച്ച കവർ അടക്കം ചെയ്യുകയും വേണം.

പി. എസ്സ്.

REG. NO. M. 3497.

കേരള പത്രികാ.

ESTABLISHED (1884)

'പത്രിക'യുടെ എല്ലാ ലക്കങ്ങളിലും ചരിത്രം, ശാസ്ത്രം സമുദായം, രാഷ്ട്രം ഇത്യാദികളെ സംബന്ധിച്ചുള്ള വിജ്ഞാനയങ്ങളായ ലേഖങ്ങളും ചർച്ചകളും (രണ്ടാം പെയജ്); സാഹിത്യസംബന്ധമായ ഉപന്യാസങ്ങളും (ഏഴാം പെയജ്); പ്രാദേശികവാർത്താക്കുറിപ്പുകൾ (മൂന്നും ആറും പെയ്ജുകളും); യുദ്ധവാർത്ത, യൂറോപ്യൻവാർത്ത, ഇന്ത്യൻവാർത്ത, നിയമസംബന്ധമായ തോടപടികൾ, കേരളവാർത്ത—ഇവയുടെ സങ്ഗ്രഹങ്ങളും (നാലും അഞ്ചും പെയ്ജുകളും); എന്നീ ഇനങ്ങളും കാണപ്പെടുന്നതാണെന്നും, സഞ്ചാരം 8-ാം പേജിലെ സ്ഥിരലേഖകനാണെന്നും ഉള്ള വസ്തുതകളും 'പത്രിക'യെ പരിചയമുള്ള എല്ലാ വായനക്കാരും അറിഞ്ഞിരുന്നതാണ്. വരിസംഖ്യയാകട്ടെ, ആഴ്ചയിൽ രണ്ടു തവണ പുറപ്പെടുന്ന 'പത്രിക'യ്ക്ക് ആണ്ടിൽ ആറുറുപ്പിക മാത്രവുമാണ്. മൂന്നു മാസത്തെ വരിസംഖ്യയെങ്കിലും മുൻകൂടച്ച് ഇന്നു തന്നെ നിങ്ങളുടെ പേർ വരിക്കാരുടെ പട്ടികയിൽ ചേർപ്പിക്കുക.

മാനേജർ,
കേരളപത്രിക,
കോർട്ട്റോഡ്,
കോഴിക്കോട്.

...an Nayar at the Norman Printing Bureau, Calicut
...by P. V. Kunhi Raman Nayar.
... A. (Hons.)